On th 4th of the month it was decided to have the N. S. S. camp in Kattampack. On 10th a number of families in the Panchayath

were visited and they were instructed against social evils. On 13th Mr. Pareed Bava Khan, B. D. O. Uzhavoor, gave us an informative and interesting class on 'Camps'. From 23rd Dec. 1977 to 3rd Jan. 1978 the N. S. S. camp was held. A hundred volunteers and twenty teachers took active part in it. It is estimated that the piece of work done during the camp was worth Rs. 18,000/–. Twelve donated their blood during the month.

## January 1978

On the 5th of the month the general body met. A grand science exhibition was put up in U. P. School, Mannackanad on the 7th. The cleaning up of the camp and the farming were done on twenty first. The Republic day was celebrated solemnly. Twenty three donated blood in January.



Jose George Chennely

## February 1978

An interesting and educative science exhibition was put up in L. P. B. S. Kuravilangad on 10th and 11th of the month. On 14th there was a meeting of the volunteers. On 25th of the month the hospital premises were cleaned. Twelve volunteers donated their blood. Tuition classes were wound up.



Mercy Ildaphonse

## March 1978

On 9th the N. S. S. volunteers had a meeting. Tapioca crop was harvested on the 18th and the yield was distributed to the poor. On 21st the advisory committee met. On 22nd there was the closing ceremony of the N. S. S. for the year. Forteen persons donated blood during the month.

In blood donation our volunteers have impressed the people, All possible arrangements are made for the easy donation of blood. About a 1000 students are put in various categories as their blood correspond. Valuable was the service rendered by our blood donors' 182 students donated their blood to patients in various hospitals of Kerala such as Alwaye, Pazhamganad, Muttuchira, Kolencherry, Koothattkulam, Caritas, Thudanganad and Kottayam Medical College.

Food and medicine were given to the poor and downtrodden. Huts were thatched for the homeless, even financial assistance was given. Above all the women were successful in tailoring, painting and embroidery activities.

With the help of the Uzhavoor block about 100 White Leghon chickens were distributed among the poor.

The N. S. S. Orchestra troup put up fine performances in various places and thus kept up the tradition.

By. P. V. Chandrasekharan Nair III B. A.
General Leader

# ചില ഭാഷകളുടെ പ്രാദേശിക ഭേദങ്ങൾ

ഫ്രാൻസിസ് ദേവസ്യാ, പാലൂരുത്തയിൽ

ഫ്രഞ്ച് അക്കാദമിയുടെ ഒരു കണക്കനുസരിച്ച് ലോകത്തിൽ രണ്ടായിരത്തി എഴുനൂററി തൊണ്ണൂററിയാറ് ഭാഷകൾ ഉണ്ട്. ഉപഭാഷകളെയും അപ്രധാനങ്ങളായ മററ് ഭാഷാപ്രദേശങ്ങളെയും കണക്കിലെടുക്കുമ്പോൾ സംഖ്യ മൂവായിരത്തി അഞ്ഞൂറാകും. ഭാഷാകല്ലോലിനി നിരന്തരം പ്രവഹിച്ചുകൊണ്ടിരിക്കുകയാണ്. അതിനാൽ സ്വാഭാവികമായി ഏതൊരു ജീവൽ ഭാഷയും ചരിത്രപരവും ഭൂമിശാസ്ത്രപരവുമായ കാരണങ്ങളാൽ നിരന്തര പരിവർത്തനങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കും. ഇങ്ങനെയാണ് ഉപഭാഷകളും മററും ഉടലെടുക്കുന്നത്. ചെറുതും വലുതുമായ എല്ലാ ജീവൽഭാഷകൾക്കും ഉപഭാഷകൾ അല്ലെങ്കിൽ ഭാഷാപ്രഭേദങ്ങൾ (dialects) ഉണ്ട്. ഉപഭാഷകളെപ്പററി ഒരു സുദീർഘമായ പഠനംതന്നെ നടത്തേണ്ടിയിരിക്കുന്നു. ആ രംഗത്തേക്കു കടക്കാതെ ഇംഗ്ളീഷ്, ഹിന്ദി, മലയാളം എന്നീ ഭാഷകളുടെ ചില പ്രാദേശിക ഭേദങ്ങൾ മാത്രമാണ് ഇവിടെ സ്ഥൂലമായി പരിശോധിക്കാൻ തുനിയുന്നത്.

## ഇംഗ്ളീഷ്

ഇംഗ്ളീഷ് ഭൂവിസ്തൃതിയിൽ വളരെ ചെറുതായ ബ്രിട്ടീഷ് ദ്വീപുകളിൽ ഉടലെടുത്ത ഒരു ചെറു ഭാഷയായിരുന്നെങ്കിലും കോളനി സ്ഥാപനത്തോടുകൂടി അത് ഒരു ലോകഭാഷയായി വളർന്നു. അങ്ങനെ അതിന് അനേകം ഉപഭാഷകൾ ഉണ്ടായിട്ടുണ്ട്. അമേരിക്ക, ആഫ്രിക്ക, ആസ്ത്രേലിയ, ന്യൂസിലൻഡ് തുടങ്ങിയ രാജ്യങ്ങളിലൊക്കെ ഇംഗ്ളീഷിന് പ്രകടമായ പ്രാദേശിക ഭേദങ്ങൾ ഉണ്ട്. ഇംഗ്ളണ്ട്, സ്കോട്ട്ലൻഡ്, അയർലൻഡ് എന്നീ വിഭാഗങ്ങളിൽ മാത്രമല്ല ബ്രിട്ടീഷ് ദ്വീപുകളിലെ നഗരങ്ങൾ തോറും പ്രാദേശികഭേദങ്ങൾ കാണാം. വ്യത്യസ്ത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെയും വിഭിന്ന മതാനുയായികളുടേയും ഉച്ചാരണങ്ങളിലും പദപ്രയോഗങ്ങളിലും വ്യത്യാസങ്ങൾ ഉണ്ട്. അതു മാത്രമല്ല ലണ്ടൻ നഗരത്തിൽതന്നെ വസിക്കുന്ന കോക്നി വർഗ്ഗക്കാരുടെ ഇംഗ്ളീഷുപോലും നാം പരിചയപ്പെട്ടിട്ടുള്ള സാഹിത്യഭാഷയിൽ നിന്നും വളരെ വ്യത്യസ്തമാണ്. ഒന്നുരണ്ടുദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാം.

കോക്നികൾ ഹൗസ് (House) എന്നതിനുപകരം Has എന്ന് (ഹസ്) 'ഔ' ലോപിച്ചാണ് ഉച്ചരിക്കുന്നത്. ഇററ് (It) എന്ന പദം അവർ ഉച്ചരിക്കുന്നത് ഹിററ് (Hit) എന്ന് H ചേർത്താണ്. വഴി എന്നർത്ഥത്തിൽ Path എന്നു പറയുന്നതിനു പകരം Pad എന്നു പറയുന്നു. അങ്ങനെ നമ്മുടെ foot path അവർക്കു foot pad ആണ്.

മററ് ഭൂഖണ്ഡങ്ങളിൽ ഇംഗ്ളീഷിൻെറ ഉപഭാഷകളുടെ ഒരു സംഘാതം തന്നെ കാണാം. അവയെല്ലാംകൂടി ക്രിയോൾസ് (Creoles) എന്നു പറയുന്നു. ആഫ്രിക്കയുടെ ചില ഭാഗങ്ങളിലും വെസ്റ്റിൻഡീസിലും ഐക്യനാടുകളുടെ ദക്ഷിണ ഭാഗങ്ങളിലും 'ക്രിയോൾസ്' സംസാരിക്കുന്നു.

ഈ ഉപഭാഷകളിൽ വാചകങ്ങളിലെ പദക്രമം കൂടി വ്യത്യസ്തമാണ്. ഉദാഹരണം നോക്കാം. ക്രിയോളിൽ പെട്ട 'ജമൈക്കൻ' എന്ന ഭാഷയിൽ My poor girl എന്നതിനു പകരം poor my gal (പൂവർ മൈ ഗാൽ) എന്നാണ് പദങ്ങൾ വിന്യസിച്ചിരിക്കുന്നത്. ഗേൾ എന്ന വാക്കിന് ഉച്ചാരണ വൈകല്യവും സംഭവിച്ചിട്ടുണ്ട്.

അമേരിക്കയിൽ കുടിയേറിപ്പാർത്ത ബ്രിട്ടീഷുകാർക്ക് മററു ഭാഷകൾ സംസാരിക്കുന്ന ജനങ്ങളുമായി ഇടപഴകേണ്ടി വന്നതിനാൽ അവരുടെ ഭാഷയിൽ പ്രാദേശികത്വത്തിന്റെ സ്വാധീനം വർദ്ധിച്ചുവന്നു. അമേരിക്കൻ ഇംഗ്ലീഷ്, ബ്രിട്ടീഷ്ഇംഗ്ലീഷിൽനിന്ന് പ്രകടമായ വ്യത്യാസമുള്ള ഒരു ഭാഷയായി രൂപാന്തരപ്പെടുകയും ചെയ്തു. അവയിലെ ചില പദങ്ങളും ബ്രിട്ടീഷ് ഇംഗ്ലീഷിലെ പദങ്ങളും തമ്മിലുള്ള ഉച്ചാരണ വ്യത്യാസങ്ങൾ പരിശോധിക്കാം. അലൂമിനിയം (Aluminium) എന്ന് ബ്രിട്ടീഷുകാർ ഉച്ചരിക്കുമ്പോൾ അമേരിക്കർ അലൂമിനം (Aluminum) എന്നു പറയുന്നു. ഇമ്മോറൽ (Immoral) എന്നതിന് അമേരിക്കർ അമ്മോറൽ (Ammoral) നോൺമോറൽ (Nonmoral) എന്നൊക്കെ ഉപയോഗിക്കുന്നു. ബ്രിട്ടീഷുകാർ കളർ (Colour) ഉപയോഗിക്കുമ്പോൾ അമേരിക്കർ (Color) ഉപയോഗിക്കുന്നു. 'U' എന്ന ലിപി മേൽപ്പറഞ്ഞ അമേരിക്കൻ പദത്തിലില്ല. ബ്രിട്ടീഷുകാർ Anthony എന്ന വാക്കിലെ H ഉപേക്ഷിച്ചിട്ട് Antony എന്നു പറയുന്നു. എന്നാൽ അമേരിക്കർ Anthony എന്ന് H ചേർത്ത് ഉച്ചരിക്കുന്നു. ബ്രിട്ടീഷുകാർ 'Annexe' നിർമ്മിക്കുമ്പോൾ അമേരിക്കർ Annex ആണ് നിർമ്മിക്കുന്നത്. (അന്ത്യത്തിലെ 'e' കു ലോപം)

ഇനി ഒരേ ആശയം ദ്യോതിപ്പിക്കാൻ വേണ്ടി ബ്രിട്ടനിലും അമേരിക്കയിലുമുള്ള ഇംഗ്ലീഷുകാർ പ്രയോഗിക്കുന്ന പദങ്ങളുടെ വ്യത്യാസങ്ങൾ പരിശോധിക്കാം.

| ബ്രിട്ടൻ | ഐക്യനാടുകൾ |
|---|---|
| flat | Puncture |
| Lodger | Roomer |
| Time-table | Schedule |
| Shoe-lace | Shoe-string |

ഇനി അമേരിക്കൻ ഇംഗ്ലീഷിലുള്ള ചില പ്രാദേശികഭേദങ്ങളെപ്പററി പ്രതിപാദിക്കാം. അമേരിക്കൻ ഇംഗ്ലീഷിനു പ്രധാനമായി വെസ്റ്റേൺ അമേരിക്കൻ, സതേൺ അമേരിക്കൻ, ന്യൂ ഇംഗ്ലണ്ട് എന്ന് മൂന്ന് ഉപഭാഷകൾ ഉണ്ട്. കൂടാതെ അപ്പലേച്ചിയാ, ടെക്സാസ്, കെൻറക്കി, ടെന്നീസി, വെർജീനിയാ, അലബാമാ, ന്യൂജേഴ്സി മുതലായ സ്ഥലങ്ങളിലും പ്രാദേശികഭേദങ്ങൾ വ്യക്തമായി കാണാം. ടെക്സാസിൽ 'U' എന്ന അക്ഷരം വളരെ ചുരുക്കമായേ ഉച്ചരിക്കാറുള്ളു. such, sure, until, gum, aunt മുതലായ വാക്കുകൾ യഥാക്രമം sich, shor, ontil, goom, Aint എന്നിങ്ങനെയാണ് ഉച്ചരിക്കാറ് പതിവ്. ചില പദങ്ങളുടെ അന്ത്യത്തിലിരിക്കുന്ന 'd' ക്ക് 'T' ആദേശം വരും. ഉദാഹരണം– salad, ballad, killed, Errand, held ഇവ യഥാക്രമം salat, ballat, kilt, Errant, helt എന്നിങ്ങനെയാണ് ഉച്ചരിക്കുന്നത്.

അപ്പലേച്ചിയൻ പ്രദേശങ്ങളിൽ പദമദ്ധ്യത്തിൽനിന്ന് ചിലപ്പോൾ 'g' എന്നവർണ്ണം ലോപിക്കാറുണ്ട്. ഉദാ;– strength, length, എന്നായി മാറും.

കെൻറക്കി, ടെന്നീസി, വെർജീനിയാ എന്നിവിടങ്ങളിൽ ഉച്ചാരണത്തിൽ മാത്രമല്ല പദങ്ങളിലും വ്യത്യസ്തതകൾ കാണാം. കംബർലൻഡിൽ ഏതെങ്കിലും വസ്തുവിന്റെ ചെറിയ അംശത്തിന് smidgen എന്നും ടെന്നീസയിൽ canch എന്നും വെർജീനിയായിൽ tiddy bit എന്നും പറയുന്നു. കെൻറക്കിയിൽ പശുവിന് Cow-beast എന്നും ടെന്നീസിയിൽ Cow-brute എന്നും വെർജീനിയായിൽ she-cow എന്നും പറയുന്നു. എന്നാൽ അലബാമയിൽ Cow-brute എന്നു പറഞ്ഞാൽ കാളയെന്നാണ്. (ox) അർത്ഥം ന്യൂജേഴ്സിയിൽ afraid എന്ന പദം afeared എന്നാണ്. chew എന്ന പദം chaw എന്നാണ്. അതുപോലെ I am എന്നതിന് I be എന്നും Never എന്നതിന് Nary എന്നും പറയുന്നു.

## ഹിന്ദി

ഇൻഡ്യയുടെ ഔദ്യോഗിക ഭാഷയായി അംഗീകരിച്ചിരിക്കുന്ന ഹിന്ദിയിലാണ് ഇൻഡ്യൻ ഭാഷകളിൽ വച്ച് ഏററവും കൂടുതൽ ഉപഭാഷകളും പ്രാദേശികഭേദങ്ങളും കാണപ്പെടുന്നത്. അവ സ്ഥൂലദൃഷ്ട്യാ പരിശോധിക്കുന്നതു രസ

കരമായിരിക്കും. ഉപഭാഷകളെപ്പററി പറയാതെ പ്രാദേശികഭേദങ്ങളിലും വ്യക്തിഭേദങ്ങളിലും വിഭിന്ന ജാതിമതസ്ഥരുടെ ഭാഷാവ്യത്യാസങ്ങളിലും ഒരു വിഹഗവീക്ഷണം നടത്താം.

ജവാൻ എന്ന വാക്കിന് 'യുവാവ്', 'ഭടൻ' എന്നൊക്കെയാണ് സാധാരണ അർത്ഥം. എന്നാൽ ജമ്നോത്രിയിൽ ആ പദത്തിന് 'സാധനങ്ങൾക്കുള്ള ഈട്', ഭാരം എന്നൊക്കെയാണ് അർത്ഥം. 'തേജ്' എന്ന വാക്കിന് വേഗതയുള്ള, മൂർച്ചയുള്ള എന്ന അർത്ഥങ്ങൾ ഉണ്ട്. എന്നാൽ ഹരിദ്വാരത്തിൽ ഈ പദംകൊണ്ട് വിവക്ഷിക്കപ്പെടുന്നത് തൂക്കമുള്ള, ഭാരമുള്ള എന്ന അർത്ഥങ്ങളാണ്.

ചിംഗാരി (അംഗാരക്) എന്ന ഹിന്ദി പദത്തിന് തീപ്പൊരി എന്നർത്ഥം. ചില പ്രദേശങ്ങളിൽ ഈ പദം അംഗരാ, അംഗാരാ, അംഗാർ എന്നൊക്കെയാണ് ഉച്ചരിക്കുന്നത്. ദിയാസലായ് എന്ന പദത്തിന് ബീഹാറിലുള്ള ഗ്രാമീണർ 'അംഗാർ കാഡി' എന്നു പറയുന്നു. 'തീപ്പെട്ടി' എന്നാണ് രണ്ടിന്റേയും അർത്ഥം. 'ഇത്നാ' (ഇത്ര, ഇത്രയും, ഇത്രത്തോളം) എന്ന സാധാരണ ഹിന്ദി പദത്തിന് പകരമായി 'ഇതേക്', ഇതനോ, ഇത്താ, ഇത്തോ,' എന്നൊക്കെയാണ് വിവിധ ഗ്രാമങ്ങളിൽ ഉപയോഗിക്കുന്നത്. യഹാം (ഇവിടെ) എന്ന പദത്തിനു പകരം പഞ്ചാബിന്റെ പൂർവ്വഭാഗങ്ങളിൽ ഇഹാം, ഇഹാാം, എന്നൊക്കെ പറയുന്നു. ഉഡീസാ (ഒറീസ്സാ) എന്ന പദം ചില പ്രദേശങ്ങളിൽ ഉഡിയാ, ഉഡാസാ, എന്നൊക്കെ പ്രയോഗിക്കപ്പെടുന്നു. ദാലാൻ (വരാന്ത) എന്ന പദത്തിന് മദ്ധ്യപ്രദേശിൽ ദലാൻ, ദല്ലാൻ എന്നൊക്കെ പറയുമ്പോൾ ഹിമാചൽ പ്രദേശിൽ ഓസാരാ എന്നു പറയുന്നു. പേട് (വയർ) എന്ന പദത്തിന് ഉജ്ജയിനിയിൽ ഓദർ എന്നു പറയുന്നു. ഥോഡാമ്പടി (കടിൽ) കമർ (അരക്കെട്ട്) പാസ് (സമീപം) ഘട്നാ (കുറയുക) എന്നീ സ്റ്റാൻഡേർഡ് ഹിന്ദിപദങ്ങൾക്കു പകരം രാജസ്ഥാനിൽ വസിക്കുന്ന ഹിന്ദിക്കാർ യഥാക്രമം കടകടി, കഡീഹർ, കനേ, കമ്നാ എന്ന് ആണ് പറയാറ് പതിവ്.

## നിരക്ഷരകുക്ഷികൾ

ഇനി ഉച്ചാരണത്തിലുള്ള ചില വ്യത്യാസങ്ങൾ പരിശോധിക്കാം. 'ക്ഷ' എന്ന ശബ്ദം 'ച്ഛ' എന്നാണ് ചില നിരക്ഷരകുക്ഷികൾ ഉച്ചരിക്കുന്നത്. ഉദാ: ശിക്ഷ → ശിച്ഛ. അതുപോലെ 'ഷ' സ ആയി മാറും. ഉദാ: തൃഷ്ണ → തിസ്നാ ചിലർ 'ണ' ക്കു പകരം 'ന' ഉച്ചരിക്കുന്നതിൽ തല്പരരാണ് ഉദാഹരണം- ഗുണ് → ഗുന്.

## ബ്രാഹ്മണരുടെ പദങ്ങൾ

ഉത്തരേന്ത്യയിലെ ബ്രാഹ്മണർക്ക് മററു ജാതികളിൽപ്പെട്ട ജനങ്ങളുടെ പദങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായ പദങ്ങൾ ഉണ്ട്. ഉദാഹരണത്തിനുവേണ്ടി രണ്ടുമൂന്നെണ്ണം ചൂണ്ടിക്കാട്ടാം. ഭോജൻ കർനാ (ഭക്ഷണം കഴിക്കുക) എന്ന് സാധാരണ ജനങ്ങൾ പറയുമ്പോൾ വൈഷ്ണവർ 'പ്രസാദ് പാനാ' എന്നു പറയുന്നു. അതുപോലെ നമക് (ഉപ്പ്) എന്നതിന് രാമരസ് എന്നും 'ലീലി മിട്ടി' (മഞ്ഞ മണ്ണ്) എന്നതിന് 'രാമരജ്' എന്നും പറയുന്നു. നിരക്ഷരകുക്ഷികൾ ഏകാദശി എന്ന വാക്കിന് ഇകാസതി എന്നും അഷ്ടമിക്ക് അസമററി, അസമടി, അസട്ടമി എന്നിങ്ങനെയും പറയാറുണ്ട്.

## കലഹം

മദ്ധ്യപ്രദേശിൽ നിന്ന് കുറേപ്പേർ ഒരിക്കൽ ഹിമാലയത്തിലുള്ള ജമ്നോത്രിയിൽ തീർത്ഥയാത്ര പോയി. അവർക്ക് തീകത്തിക്കാൻ ഉണങ്ങിയ ചാണകക്കട്ടകൾ ആവശ്യം വന്നപ്പോൾ ജമ്നോത്രിവാസികളായ ചാണകവ്യാപാരികളോട് ചാണകക്കമ്പാരത്തിന്റെ വില ചോദിച്ചു. അപ്പോൾ 'ചാണകം എടുത്തു പൊക്കി ഭാരം കണക്കാക്കുക' എന്ന അർത്ഥത്തിൽ വ്യാപാരികൾ ''ചഖ്ലേനാ'' എന്നു പറഞ്ഞു. ഉടനെ തീർത്ഥാടകർ കോപാവേശം പൂണ്ട് വ്യാപാരികളെ ചീത്ത വിളിച്ചു. കാരണം മദ്ധ്യപ്രദേശത്തുള്ളവർ 'രുചിച്ചുനോക്കുക' എന്ന അർത്ഥത്തിലാണ് 'ചഖ്ലേനാ' എന്ന വാക്ക് ഉപയോഗിക്കുന്നത്. ചാണകം രുചിച്ചുനോക്കാൻ പറഞ്ഞാൽ അവർക്കു ദേഷ്യം വരാതിരിക്കുമോ? ഇങ്ങനെ പ്രാദേശികഭേദങ്ങൾ ചിലപ്പോൾ പരസ്പരകലഹത്തിനും അമർഷത്തിനും അവജ്ഞയ്ക്കും കാരണമായിത്തീരാറുണ്ട്.

## മലയാളം

ഏകദേശം 2 കോടിയോളം ജനങ്ങൾ മാത്രം സംസാരിക്കുന്ന നമ്മുടെ മലയാളഭാഷ

ളും ഭാഷാപ്രഭേദങ്ങൾ ഉണ്ട്. കേരളത്തിലെ വനവാസികളും അരയന്മാർ, മുക്കുവന്മാർ തുടങ്ങിയവരും ഭാഷാമിശ്രപ്രദേശങ്ങളായ കാസർകോട്, മഞ്ചേശ്വരം, പീരുമേട്, ദേവികുളം തുടങ്ങിയ താലൂക്കുകളിലെ ജനങ്ങളും സംസാരിക്കുന്ന മലയാളം തികച്ചും വ്യത്യസ്തമാണ്.

## ലക്ഷദ്വീപുകളിലെ ഭാഷ

മലയാളത്തിന്റെ ഒരു ഉപഭാഷയാണ് ലക്ഷദ്വീപുകളിൽ സംസാരിക്കുന്നത്. ഉദാഹരണത്തിന് കേരളഭാഷാ വിജ്ഞാനീയത്തിൽ കൊടുത്തിട്ടുള്ള രണ്ടു വാചകങ്ങൾ കാണിക്കാം. 'ഒരാളുക്ക ലണ്ട് മക്ക ഉണ്ടനേ. എള്ളേ മോൻ ബാപ്പോട് പറഞ്ഞു എന്ന ഓതി മൊതൽ നക്കനാ'. ശുദ്ധ മലയാളത്തിൽ അർഥം താഴെ കൊടുക്കാം. 'ഒരാൾക്ക രണ്ടു മക്കൾ ഉണ്ടായിരുന്നു. ഇളയ മകൻ അപ്പനോടു പറഞ്ഞു. എന്റെ പകുതി മുതൽ എനിക്കു തരിക'. ഇത്രയും പ്രകടമായ വ്യത്യാസങ്ങൾ ഇല്ലെങ്കിലും കേരളത്തിന്റെ പല ഭാഗങ്ങളിലും ഭാഷാപ്രഭേദങ്ങൾ കാണാം

## ക്രിസ്ത്യാനികളുടെ പദങ്ങൾ

നാനാമതസ്ഥർക്കും അവരവരുടേതായ പദങ്ങൾ ഉണ്ട്. കർബ്ബാന (ദിവ്യബലി) എവൻഗലിയോൻ (സുവിശേഷം) പുൽപ്പം (പ്രസംഗപീഠം) ളോഹ (വൈദിക വസ്ത്രം) സൂനഹദോസ് (വൈദിക മേലധ്യക്ഷസഭ) സെനാത്തുസ് (സെനറ്റ്) സക്രാരിയോ → സക്രാരി (Tabernacle) അൾത്താരെ → അൾത്താര (ബലിപീഠം) തുടങ്ങിയ പദങ്ങൾ ക്രിസ്ത്യാനികൾ സുറിയാനി, ഗ്രീക്ക്, ലത്തീൻ, പോർത്തുഗീസ് തുടങ്ങിയ ഭാഷകളിൽ നിന്ന് കടമെടുത്തു ഉപയോഗിക്കുന്നവയും മറ്റ് മതവിശ്വാസികൾക്ക് എളുപ്പം മനസിലാകാത്തതുമാണ്. സെമിനാരി = വിത്തുപാകുന്ന കളം എന്ന് ലത്തീനിൽ അർഥമുള്ള വൈദിക പരിശീലന വിദ്യാലയം, മൽപ്പാൻ = അധ്യാപകൻ (സുറിയാനി) റമ്പാൻ = ഹോഗ്ഗ, മോൺസിഞ്ഞോർ = എന്റെ നാഥൻ (ഇറ്റാലിയൻ) കൊവേന്ത = ആശ്രമം (പോർത്തുഗീസ്) തുടങ്ങിയ വളരെയധികം പദങ്ങൾ ഇക്കൂട്ടത്തിൽപ്പെട്ടതാണ്.



## മുസ്ലീം പദങ്ങൾ

അതുപോലെ മലയാള മുസ്ലീങ്ങൾ അറബിയിൽനിന്നും പേർഷ്യനിൽ നിന്നും മറ്റും കടമെടുത്തുപയോഗിക്കുന്ന ചിലവാക്കുകൾ താഴെ കൊടുക്കാം. ഖൽബ് (ഹൃദയം) നിക്കാഹ് (വിവാഹം) സുന്നത്ത് (ചേദനാചാരം) ആമീൻ (വിശ്വസ്തൻ) ഹമുക്ക് (പന്നി) ഇബ്‌ലീസ് (പിശാച്) മലക്ക് (മാലാഖ) അതുപോലെ അവരുടെ സംജ്ഞാനാമങ്ങളുടെ അർഥങ്ങളും മറ്റു ജാതിക്കാർക്ക് പരിചിതങ്ങളല്ല. ഉദാഹരണം – അബ്ദുറഹ്മാൻ = ദൈവദാസൻ ജബ്ബാർ = ഈശ്വരൻ മെഹ്റുന്നിസ = വനിതമാരിലെ സൂര്യൻ നൂർജഹാൻ = ലോകത്തിന്റെ പ്രകാശം.

ശുദ്ധ മലയാളത്തിനു തന്നെ ജില്ലകൾതോറും മാത്രമല്ല താലൂക്കുകൾ തോറും പദവ്യത്യാസങ്ങളും ഉച്ചാരണവ്യത്യാസങ്ങളും കാണാം. തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിവ സ്വാതന്ത്ര്യപ്രാപ്തിവരെ വ്യത്യസ്ത ഭരണഘടകങ്ങളായിരുന്നതിനാൽ പദങ്ങൾക്കും ശൈലികൾക്കും പ്രയോഗവിശേഷങ്ങൾക്കും പ്രകടമായ വ്യത്യാസങ്ങളുണ്ടായിരുന്നു. സൂക്ഷ്മനിരീക്ഷണം ചെയ്താൽ അവ മനസ്സിലാക്കാൻ പ്രയാസമില്ല.

ചുമ്മാ (വെറുതെ) എമ്പടി, ഒത്തിരി (ധാരാളം) ഇച്ചിരെ, ശകലം (സ്വല്പം) തുടങ്ങിയ കോട്ടയം ജില്ലയിലെ പ്രാദേശികപദങ്ങൾ മലബാറുകാർക്കു പിടികിട്ടുകയില്ല. വടക്കേമലബാറുകാർ മേല്പറഞ്ഞവയ്ക്ക് യഥാക്രമം, വെറുങ്ങനെ, ജാസ്തി, ലേശം എന്നീ വാക്കുകൾ ഉപയോഗിക്കുന്നു. നാം 'തോട്ടി' കൊണ്ട് മാങ്ങാ പറിക്കുമ്പോൾ തിരുവനന്തപുരംകാർ 'തൊരട്ടി' കൊണ്ടും മലബാറുകാർ 'കൊക്ക' കൊണ്ടുമാണ് പറിക്കുന്നത്. 'കൊക്ക' എന്നു കേൾക്കുമ്പോൾ മലഞ്ചെരിവിലുള്ള അഗാധമായ കുഴി എന്നാണ് തിരുവിതാംകൂർ മനസ്സിലാക്കുന്നത്. തിരുവിതാംകൂർകാർ പോകരുത്, വരരുത് എന്നൊക്കെ പറയുമ്പോൾ വടക്കേമലബാറുകാർ 'പോകൊല്ലാ' 'വരൊല്ലാ' എന്നൊക്കെയാണ് പറയുന്നത്. കോട്ടയംജില്ലയിലെ ജനങ്ങൾ 'അറിയത്തില്ല' 'കേൾത്തില്ല' എന്നൊക്കെ പ്രസ്താവിക്കുമ്പോൾ തൃശ്ശൂർക്കാർ 'അറിയില്ല്യാ' 'കേരില്ല്യ' എന്ന് യകാരം ഒടുവിൽ ചേർത്തുച്ചരിക്കും. തിരുവിതാംകൂറുകാർ മൂത്ത സഹോദരനെ 'ചേട്ടൻ' എന്നു വിളിക്കുമ്പോൾ മലബാറുകാർ 'ഏട്ടൻ'

എന്നു വിളിക്കുന്നു. ഈ വിളിയുടെപേരിൽ പരസ്പരം പുച്ഛിക്കുന്നതിൽ യാതൊരു ന്യായവും കാണുന്നില്ല. മദ്ധ്യതിരുവിതാംകൂറുകാരുടെ 'അയ'വടക്കെ മലബാറുകാർക്കു 'അയൽ'ആണ്. എന്നാൽ തിരുവനന്തപുരം ജില്ലാ നിവാസികൾക്ക് 'അശ'യുമാണ്. കോട്ടയം ജില്ലയുടെ കിഴക്കൻ ഭാഗങ്ങളിലെ 'കയ്യാല'യ്ക്കു പകരം തിരുവനന്തപുരം ഗ്രാമപ്രദേശങ്ങളിൽ 'കശാല'യാണ്. തൊടുപുഴ താലൂക്കുകാർ 'അയാൾ' 'ഇയാൾ' എന്ന അർത്ഥങ്ങളിൽ 'അതിയാൻ' 'ഇതിയാൻ' എന്ന പദങ്ങൾ ഉപയോഗിക്കുന്നു. മീനച്ചിൽ, തൊടുപുഴ താലൂക്കുകളിലെ ഗ്രാമീണ വൃദ്ധജനങ്ങൾ ക്ഷീണം എന്ന അർത്ഥത്തിൽ 'അപ്പിലാസം' എന്ന പദവും ദേഷ്യപ്പെട്ടു സംസാരിക്കുക എന്ന അർത്ഥത്തിൽ 'പടവെട്ടുക' 'അമ്പരം പറയുക' എന്നീ വാക്കുകളും ഉപയോഗിക്കുന്നു. മദ്ധ്യതിരുവിതാംകൂറുകാർ പുരയും മുററവും തൂത്തു വൃത്തിയാക്കാൻ ചൂല് ഉപയോഗിക്കുന്നു. ആകൃതിക്കും ഉപയോഗത്തിനും വ്യത്യാസമില്ലാത്ത അതേ ഉപകരണത്തിന് തിരുവനന്തപുരംകാർ 'ഇറപ്പ' എന്നും മലബാറുകാർ 'മാച്ചി' എന്നും പറയുന്നു. തൊടുപുഴ, മൂവാററുപുഴ, ദേവികുളം താലൂക്കുകാർ 'ചീത്ത' എന്ന അർത്ഥത്തിൽ 'ചള്ള്' എന്ന പദം ഉപയോഗിക്കുന്നു. മീനച്ചിൽ കാഞ്ഞിരപ്പള്ളി തുടങ്ങിയ സ്ഥലങ്ങളിലെ ജനങ്ങൾ 'ചേറ്' എന്ന അർത്ഥത്തിൽ 'ചെളി' എന്നു പറയുന്നു. കോട്ടയത്തിനു തെക്കോട്ടുള്ളവർ അതിന് 'ചളി' എന്നും ആലുവായ്ക്ക് വടക്കോട്ടുള്ളവർ അതിന് 'ചെള്ള' എന്നും പറയുന്നു. 'ചെള്ള്' എന്നതിന് കോട്ടയം ജില്ലയുടെ കിഴക്കുള്ളവരും ഇടുക്കി ജില്ലക്കാരും 'ചെവിട്' എന്നാണ് അർത്ഥമാക്കുന്നത്. (ചെള്ളയ്ക്കടിക്കുക = ചെവിട്ടത്തടിക്കുക) ഉപദ്രവം, പ്രയാസം, വിരോധം എന്നീ അർത്ഥങ്ങളിൽ 'ഇടങ്ങാറ്' 'ഇടങ്ങേറ്' എന്നീ പദങ്ങളാണ് കോഴിക്കോട്ടുകാരായ ഗ്രാമീണർ പ്രയോഗിക്കുന്നത്. തിരുകൊച്ചിക്കാർ ചോറ് ഉണ്ണുമ്പോൾ വടക്കെ മലബാറിലെ വടകര താലൂക്കുകാരും മററും ചോറ് തിന്നുകയാണ്.

മലബാറിൽ മാത്രം പ്രചരിക്കുന്നതും തിരുകൊച്ചിക്കാർക്ക് പെട്ടെന്ന് മനസ്സിലാകാത്തതുമായ കുറെ പദങ്ങൾ താഴെ കൊടുക്കാം.

## കുറെ പ്രാദേശിക പദങ്ങൾ

കല്ലന (അവധി) തുള്ളുക (ചാടുക) മൂരുക (കൊയ്യുക) മൂരിച്ച (കൊയ്ത്ത്) വാളുക (വിതയ്ക്കുക) വാളിച്ച (വിത) നാട്ടിപ്പണി (ഞാറുനടീൽ) ചങ്ക് (കഴുത്ത്) തൊണ്ടി (വൃദ്ധ) × തൊണ്ടൻ (വൃദ്ധൻ) പറങ്കി (കാന്താരി, കൊമ്പൻ തുടങ്ങിയ പച്ചമുളകുകൾ) കെരണ്ടം (കിണർ) വൈരം കൊടുക്കുക (കരയുക) എകരം (ഉയരം) പൂങ്ങുക (പൂഴ്ങ്ങുക) പന്ന (താടിരോമം) പാച്ചും (പായസം) ബാച്ചും (ചുംബനം) തൊപ്പൻ (ധാരാളം) പെരിയ, നിരത്ത് (വഴി) കീയുക (ഇറങ്ങുക) കലമ്പുക (ചീത്ത വിളിക്കുക, ബഹളം കൂട്ടുക) എടുപ്പ് (കെട്ടിടം) അപ്യ (അവർ) ഇപ്യ (ഇവർ).

കൂടുതൽ ഗവേഷണം നടത്തിയാൽ ഇതുപോലെയുള്ള അനേകം പദങ്ങൾ കണ്ടുപിടിക്കുവാൻ സാധിക്കും. കേരളത്തിന്റെ വിവിധഭാഗങ്ങളിൽ വസിക്കുന്നവർ തമ്മിൽ സമ്പർക്കത്തിലേർപ്പെടുകയും ആശയവിനിമയ സൗകര്യം വർദ്ധിപ്പിക്കുകയും ചെയ്തില്ലെങ്കിൽ ഇത്തരത്തിലുള്ള പദങ്ങളുടെയും ഉച്ചാരണ വൈലക്ഷണ്യങ്ങളുടേയും സംഖ്യ കൂടും. രാജ്യത്തിന്റെ ഒരു ഭാഗത്തു വസിക്കുന്ന ജനങ്ങൾ ഉപയോഗിക്കുന്ന പദങ്ങൾ മറെറാരു ഭാഗത്തു വസിക്കുന്നവർക്ക് മനസ്സിലാവുകയില്ല എന്ന സ്ഥിതിവിശേഷം ഉണ്ടാകുന്നത് അഭിലഷണീയമല്ല.

## ധാരണപ്പിശക്

ഈയിടെ ചേർത്തലക്കാരനായ ഒരാൾ തിരുവനന്തപുരത്തുചെന്ന് ഒരുദ്യോഗസ്ഥന്റെ വീട് തിരക്കി. അറക്കുളംകാരനായ ഒരു മാന്യൻ ആത്മാർത്ഥമായി വഴി പറഞ്ഞുകൊടുത്തു. "ഓ, ഈ വഴിയെ രണ്ടു ഫർലോംഗ് നടക്കുമ്പോൾ വലതുവശത്ത് തൊണ്ട് കാണാം. അദ്ദേഹം അതിനടുത്തുള്ള ഒരു രണ്ടുനില കെട്ടിടത്തിലാണ് താമസം." ചേർത്തലക്കാരൻ തൊണ്ടു നോക്കി രണ്ടു ഫർലോംഗിനു പകരം രണ്ടു കിലോമീററർ നടന്നിട്ടും തൊണ്ട് കണ്ടില്ല. പിന്നെ പുറകോട്ട് മടങ്ങി വന്ന് വേറൊരാളുടെ സഹായത്തോടെയാണ് വീട് കണ്ടുപിടിച്ചത്. സ്ഥലത്തിന്റെ അതിരു തിരിക്കുമ്പോൾ ഉണ്ടാകുന്ന വീതി കുറഞ്ഞ ഇടവഴിക്കാണ് കോട്ടയം, ഇടുക്കി ജില്ലകളിലെ ജനങ്ങൾ തൊണ്ട് എന്നു പറയുന്നതെങ്കിൽ, തിരുകൊച്ചിയുടെ പടിഞ്ഞാറുഭാഗങ്ങളിൽ വസിക്കുന്നവർ 'തേങ്ങാ ചകിരി' എന്ന അർത്ഥത്തിലാണ് ആ വാക്കുപയോഗിക്കുന്നത്. ഇത്തരം പ്രാദേശിക ഭേദങ്ങൾ ധാരണപ്പിശകിനും കാരണമായിത്തീരാറുണ്ട്.

സാക്ഷാൽ സംഭാഷണ രൂപത്തിൽ (direct speech) എഴുതേണ്ടിവരുന്ന നോവൽ, ചെറുകഥ, നാടകം തുടങ്ങിയ സാഹിത്യരൂപങ്ങളിൽ ഇത്തരം ഗ്രാമ്യപദങ്ങൾ പ്രയോഗിക്കുന്നതു് ആസ്വാദനത്തിനു് തടസ്സം സൃഷ്ടിക്കും. അതുകൊണ്ടു് ഭാഷാ പ്രഭേദങ്ങൾ കൂടുതൽ വളരാൻ അനുവദിക്കാതെ സ്റ്റാൻഡേർഡ് ഭാഷ വികസിപ്പിക്കുവാൻ ശ്രമിക്കേണ്ടതാണു്. പ്രാദേശികഭേദങ്ങൾ കാലക്രമത്തിൽ നീക്കുന്നതിനു് പല മാർഗ്ഗങ്ങളും നമ്മുടെ മുമ്പിൽ തുറന്നു കിടപ്പുണ്ടു്. അവയിൽ ചിലതു് പരിശോധിക്കാം.

1) ഗവേഷകന്മാർക്കു വേണ്ട പ്രോത്സാഹനം നല്കി സർക്കാരിന്റെയോ, സാഹിത്യഅക്കാഡമിയുടെയോ, സർവ്വകലാശാലയുടെയോ ആഭിമുഖ്യത്തിൽ പ്രാദേശിക പദനിഘണ്ടുക്കൾ നിർമ്മിച്ചു പ്രചരിപ്പിക്കുക. പഞ്ചായത്തുകൾ, വിദ്യാലയങ്ങൾ, കലാശാലകൾ, ഗ്രാന്റു നല്കപ്പെടുന്ന വായനശാലകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ ഇവയുടെ ഓരോ പ്രതിയെങ്കിലും നിർബ്ബന്ധപൂർവ്വം വാങ്ങിപ്പിക്കേണ്ടതാണു്. ഇംഗ്ലീഷ് ജർമ്മൻ തുടങ്ങിയ ചില പാശ്ചാത്യ ഭാഷകളിൽ ഉപഭാഷാ നിഘണ്ടുക്കൾ (dialect, dictionaries) ഉപഭാഷാ രൂപടങ്ങൾ (cialect Atlases) എന്നിവ പ്രസിദ്ധപ്പെടുത്തി പ്രചരിപ്പിച്ചിട്ടുണ്ടല്ലോ.

2) കേരളീയർക്കു് പ്രത്യേകിച്ചു് വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും കേരളത്തിന്റെ വിവിധ ഭാഗങ്ങൾ സന്ദർശിക്കുന്നതിനുള്ള അവധിയും സൗകര്യങ്ങളും യാത്രാസൗജന്യങ്ങളും നല്കുക, അങ്ങനെ വിവിധ പ്രദേശങ്ങളിലെ ജനങ്ങൾക്കു് അടുത്തിടപഴകാനുള്ള അവസരങ്ങൾ സൃഷ്ടിക്കുക തന്മൂലം ആഭ്യന്തര ടൂറിസം വികസിക്കുകയും സാധാരണക്കാർക്കു സാമ്പത്തിക നേട്ടവും ഹൃദയവികാസവും ഉണ്ടാവുകയും ചെയ്യും.

3) സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം റേഡിയോ നിലയങ്ങൾ, ജനതയെ കൂട്ടിയിണക്കുന്ന സുപ്രധാന കണ്ണികളായി വളർന്നു വികസിച്ചിട്ടുണ്ടു്. നാനാതരത്തിലുള്ള നാടൻ കലകൾ, വിഭിന്ന മതസ്ഥരുടെ മതപരമായ ചടങ്ങുകൾ, സാധാരണക്കാരുമായുള്ള അഭിമുഖസംഭാഷണങ്ങൾ എന്നിവ പുതുമയുള്ള പരിപാടികളാണു്. തന്മൂലം പ്രാദേശികങ്ങളായ ഉച്ചാരണവൈജാത്യങ്ങളും ശൈലികളും ഗ്രാമ്യപദങ്ങളും പദപ്രയോഗവൈചിത്ര്യങ്ങളും മററുമായി നമുക്കു പരിചയപ്പെടുവാൻ സാധിക്കുന്നു. അതുകൊണ്ടു് മാത്രം അലംഭാവം പൂണ്ടിരിക്കരുതു്. റേഡിയോയിൽ ഇപ്പോഴുള്ള സംഗീതപാഠങ്ങളും ഹിന്ദിപാഠങ്ങളും മററും പോലെ ഉപഭാഷകളെപ്പററി ഗവേഷകരെക്കൊണ്ടു് പ്രസംഗിപ്പിക്കുകയും പ്രതിവാരക്ലാസ്സുകൾ നടത്തിക്കുകയും ചെയ്യേണ്ടതാണു്.

4) നല്ല സാമ്പത്തികശേഷിയുള്ള പത്രങ്ങൾക്കു് പ്രാദേശിക പതിപ്പുകൾ പ്രസിദ്ധീകരിക്കാവുന്നതാണു്. തന്മൂലം വരിക്കാരുടെ സംഖ്യ വർദ്ധിപ്പിക്കാമെന്നു മാത്രമല്ല ഭാഷാസേവനവും നടത്താം. പത്രപാരായണംവഴി ഭാഷാജ്ഞാനം വർദ്ധിക്കുമല്ലോ. കൂടുതൽ വരിക്കാരെ ലഭിക്കുക എന്നു പറഞ്ഞാൽ കൂടുതൽ ആളുകൾ സ്റ്റാൻഡേർഡ് ഭാഷയുമായി പരിചയപ്പെടുന്നു എന്നാണർത്ഥം. ഉപഭാഷകൾക്കും പ്രാദേശിക ഭേദങ്ങൾക്കും മററും വേണ്ടി പത്രങ്ങളിൽ പ്രത്യേക പംക്തികൾ ആരംഭിക്കുന്നതും സ്വാഗതാർഹമാണു്.

ഒരു ജനതയ്ക്കു് പരസ്പരം സമ്പർക്കം പുലർത്താനുള്ള സൗകര്യങ്ങൾ ഇല്ലാതാകുമ്പോഴാണു് ഭാഷാപ്രഭേദങ്ങൾ വർദ്ധിക്കുന്നതു്. ഐക്യകേരളാരംഭംവരെ തിരുകൊച്ചിയും മലബാറും വ്യത്യസ്ത ഭരണനേതൃത്വത്തിൻകീഴിലായിരുന്നല്ലോ. മലബാർ, മദ്രാസ് സ്റ്റേററിൽ ഉൾപ്പെട്ടിരുന്നതുകൊണ്ടു് അവിടത്തെ ജനങ്ങൾക്കു് തിരുകൊച്ചിയുമായി ബന്ധം പുലർത്തേണ്ട ആവശ്യം ഇല്ലായിരുന്നു. അങ്ങനെ ഭാഷാവ്യത്യാസം വർദ്ധിച്ചു വരികയായിരുന്നു. കേരളം ഏകീകരിക്കപ്പെട്ടപ്പോൾ മലബാറുകാർക്കു തലസ്ഥാനമായ തിരുവനന്തപുരവും ഹൈക്കോടതിയുടെ ആസ്ഥാനമായ എറണാകുളവുമായി ബന്ധപ്പെടേണ്ടി വന്നിട്ടുണ്ടു്. അതുപോലെ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരെ നാടിന്റെ നാനാ ഭാഗങ്ങളിലേക്കും സ്ഥലം മാററേണ്ട ആവശ്യവും വന്നുകൂടി. കൂടാതെ ഭൂമിദാഹം മൂത്ത തിരുവിതാംകൂർ കർഷകർ കൂട്ടംകൂട്ടമായി മലബാറിലേക്കു് കുടിയേറിപ്പാർത്തു മലബാറുകാരുമായി ഇടപഴകിക്കൊണ്ടേയിരിക്കുന്നു. മലയാളനാടക കമ്പനികളും ഫിലിമുകളും സ്റ്റാൻഡേർഡ് ഭാഷയുമായി നിരക്ഷരകുക്ഷികളെപ്പോലും പരിചയപ്പെടുത്തുന്നതിൽ വമ്പിച്ച പങ്കു വഹിക്കുന്നുമുണ്ടു്. റേഡിയോ നിലയങ്ങളും, പത്രങ്ങളും, സർക്കാരും സ്റ്റാൻഡേർഡ് ഭാഷയുടെ വികാസത്തിനായി കൂടുതൽ ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

(ശേഷം 8-ാം പേജിൽ)



# ഓർമ്മിക്കപ്പെടാത്തവരുടെ പണിയാത്ത സ്മാരകം

**ജയറോയി ഇ. സി. വൈക്കം**
II B. Sc. Maths.

നരച്ചുതുടങ്ങിയ താടിരോമങ്ങളിൽ തടവി, ജാലകത്തിനപ്പുറം നേർത്തുവരുന്ന വെയിലിന്റെ സുതാര്യതയിലെവിടെയോ കണ്ണുകളുറപ്പിച്ച് അച്ഛൻ കിടക്കയിൽ തനിച്ചിരുന്നു. വാർദ്ധക്യം ബാധിച്ച കണ്ണുകളിൽ നിസ്സഹായതയുടെ വ്യഥ നിഴലിച്ചിരുന്നു. കഷായത്തിന്റെയും കുഴമ്പുകളുടേയും മടുപ്പിക്കുന്ന ഗന്ധം മൗനം പോലെ അയാളെ ചൂഴ്ന്നുനിന്നു.

കൈനീട്ടിയാൽ തൊടാവുന്ന ഈ നിമിഷത്തിൽപ്പോലുംനമുക്കിടയിൽ കാതങ്ങളുടെ അകൽച്ച അനിവാര്യമാണല്ലോ, അയാൾ വേദനയോടെ ഓർക്കുകയായിരുന്നു. എല്ലാ ഓർമ്മകളും ദുഃഖമാണ്. വർഷങ്ങൾക്കുശേഷം നിങ്ങളും ഞാനും പരസ്പരം കണ്ടുമുട്ടുമ്പോൾ ഒരുപക്ഷെ പോയ കാലങ്ങളെക്കുറിച്ച് ദുഃഖത്തോടെ നാമോർക്കുന്നു. അത് അന്യംവന്നുപോയ സ്വന്തം മനസ്സിന്റെ ഇരുട്ടുപിടിച്ച മൂലയിൽ ഒന്നൊന്നായി മാഞ്ഞില്ലാതാവുന്ന ഓർമ്മകളുടെ പണിയപ്പെടാത്ത സ്മാരകങ്ങളായിരുന്നു.

—എന്റെ ജീർണ്ണിച്ച കടിഞ്ഞാണിന്റെ ദുർബ്ബലതയിൽനിന്ന് നീ എന്നെ സ്വയം മോചിതനായിരിക്കുന്നു, അച്ഛൻ പറഞ്ഞു. അവസാനമില്ലാത്ത ഈ പാതയുടെ ഓരത്ത് ഞാൻ ഇനി വിശ്രമിക്കുകയാണ്. പുൽക്കൊടികളെ തഴുകിയൊഴുകുന്ന ഒരു നേർത്ത കാറ്റിന്റെ രൂപത്തിൽ പോലും നിന്റെ വഴികളിൽ ഞാനൊരു തടസമാവില്ല മോനേ.

ഉറക്കറ്റു വീണ മച്ചിൻമുകളിലെവിടെയോ അച്ഛന്റെ വാത്സല്യം കളിപ്പാട്ടങ്ങളായി പൊടിമൂടിക്കിടന്നു. അവയ്ക്കുമീതെ ചിലന്തി വലകൾ പൊതിഞ്ഞ് ഇരുട്ടുമൂടി വ്യർത്ഥമായ അന്വേഷണങ്ങളുടെ തുരുമ്പിച്ച ഓർമ്മകളും. വ്യർത്ഥബോധത്തിന്റെ ബീജങ്ങൾ മനസ്സിന്റെ ആഴങ്ങളിൽ ദർഭപ്പുല്ലുപോലെ വേരുപിടിക്കുന്നത് അയാളറിഞ്ഞു. അച്ഛൻ ദുഃഖിക്കരുത്, അയാൾ പറഞ്ഞു, ഒരുപക്ഷെ ഈ ഓർമ്മകൾ മാത്രമാവും നമുക്കിടയിൽ ശേഷിക്കുന്ന ജന്മബന്ധങ്ങളുടെ മുറിയാത്ത കണ്ണികൾ. പ്രിയപ്പെട്ട അച്ഛാ, എനിക്ക് വിടതരിക.

സ്വർണ്ണധ്വജത്തിനു പിന്നിൽ കിരീടം ചാർത്തിയ ദ്വാരകപാലകന്മാർ യുഗങ്ങളായി കാവൽ നില്ക്കുകയായിരുന്നു. ആശ്വിനങ്ങളും അഗ്രഹായണങ്ങളും കടന്ന് ഉത്സവം വീണ്ടും വരികയായി. വിളക്കുമരത്തിന്റെ ചുവട്ടിൽ ഇരുട്ടുപടരുമ്പോൾ കാഴ്ചശ്രീബലികൾ കണ്ട്, ദീപാരാധനകൾ തൊഴുത് പുരുഷാരം അക്ഷമരായിരുന്നു. കൂത്തും കൂടിയാട്ടങ്ങളും തിറയും താലപ്പൊ

ലീയുമായി ഉത്സവങ്ങൾ പിന്നെയും വന്നു പോയി.

ഇരുട്ട് മൂടിയ വയലുകൾ മുറിച്ചുകടന്ന്, തോടുനീന്തി, കൈതപ്പൂവിന്റെ ഗന്ധമുൾക്കൊണ്ടുകിടന്ന ചെമ്മൺപാതയിലൂടെ അച്ഛന്റെ വിരലിൽ തൂങ്ങി ആറാട്ടുവേല കാണാൻപോയതു് മുമ്പാണു്. മോൻ നന്നായിട്ടു് പഠിക്കണം, മററാരോ കേൾക്കരുതെന്നു് നിർബന്ധമുള്ളതുപോലെ അച്ഛൻ പറയുകയായിരുന്നു. പഠിച്ച് പാസ്സായി മോൻ വലിയ ആളാവുമ്പോ.......

അതൊക്കെ അയാൾ ഓർക്കുന്നുണ്ടായിരുന്നു. നേർത്ത ഇരുട്ടിൽ അവ്യക്തമായി കാണാമായിരുന്ന അച്ഛന്റെ കണ്ണുകളുടെ തിളക്കംപോലും അയാൾ ഓർമ്മിച്ചുവെച്ചിരുന്നു. പഴകിയ ഗന്ധം കിനിയുന്ന ഇരുട്ട് നിറഞ്ഞ വടക്കിനിയുടെ ഏതോ മൂലയിൽ, ഉറക്കം വരാനായി കാത്തു കിടക്കുന്ന അഞ്ചു വയസ്സുകാരന്റെ നിറം മങ്ങിയ ചിത്രം മനസ്സിൽ തെളിഞ്ഞു. ചുവരുകൾക്കപ്പുറമെവിടെയോ നിന്നു് അച്ഛന്റെ ചുമ വലിയ കേൾക്കാമായിരുന്നു. രാത്രിയിൽ ഞെട്ടിയുണർന്നു് കരയുന്ന അനിയത്തിയെ പാടിയുറക്കുവാൻ ശ്രമിക്കുന്ന അമ്മയുടെ താരാട്ടുപാട്ടിന്റെ അലകൾ നീണ്ട ഇടനാഴിയും കടന്നു്, ഇരുട്ടിന്റെ സാന്ദ്രതയിലൂടെ തന്നെ തേടിയെത്തുമ്പോൾ ദുഃഖം സഹിക്കാനാവാതെ അയാൾ തേങ്ങിക്കരഞ്ഞു.

നഷ്ടപ്പെടലുകളുടെ ഈ ഓർമ്മകളാണു്, അയാൾ പറഞ്ഞു, വർഷങ്ങൾക്കുശേഷവും കരിയാത്ത മുറിവുകളായി മനസ്സിൽ ബാക്കി നില്ക്കുന്നതു്. പോയ കാലങ്ങളുടെ നൊമ്പരങ്ങൾ. അതു് ഒരു മൂന്നാം ക്ലാസ്സ് ബിരുദത്തിന്റേയോ പരാജയപ്പെട്ട ഒരു കുടികിടപ്പുകാരുടേയോ അർത്ഥം നഷ്ടപ്പെട്ടുപോയ ബന്ധങ്ങളുടേയോ ഒക്കെ മറക്കുവാൻ മാത്രം ഞാനാഗ്രഹിച്ചിരുന്ന നിറം മങ്ങിയ ഓർമ്മകളായിരുന്നു. ഈശ്വരാ. മറക്കുവാനുള്ള ഓരോ ശ്രമവും തീവ്രമായ ഒരോർമ്മപ്പെടുത്തലിന്റെ കാഠിന്യത്തോടെ എന്നിലേക്കു് തിരിച്ചുവരികയാണു്.

കോളജിനു പിന്നിൽ വിസ്തൃതമായ കുന്നിൻപുറമുണ്ടായിരുന്നു. അവിടെ മാഞ്ഞുതുടങ്ങിയ ഒരോർമ്മശകലംപോലെ പഴയ പള്ളിയുടെ സ്മാരകങ്ങൾ ചിതറി വീണുകിടന്നു. മദ്ധ്യാഹ്നങ്ങളിൽ പൂക്കളുടെ ഗന്ധം നിറഞ്ഞ കാററു് പതിഞ്ഞു വീശിയിരുന്നു. വിളറിയ മഞ്ഞപ്പായും പൂശിയ തടിച്ച തൂണുകൾ. 'ഷേപ്ര്ബബ്രി ലിററി തിയറി' മുതൽ 'ഗീത'യും 'ഔട്ട് സൈഡറും' വരെ പരാമർശിക്കപ്പെടുന്ന ലക്ചർ ക്ലാസ്സുകൾ. പിന്നെ, ഇടനേരങ്ങളിൽ വീണുകിട്ടുന്ന ആഹ്ലാദത്തിന്റെ ചിററുനിമിഷങ്ങൾ. അതൊക്കെ അയാൾക്കു് തികച്ചും അപരിചിതമായിരുന്നു. പൊന്തക്കാടുകളിൽ കാട്ടുമുയലുകളും അടയ്ക്കാക്കുരുവികളുമുണ്ടായിരുന്നു. അവിടെ ഇലഞ്ഞിപ്പൂക്കളുടെ ഗന്ധം പരന്ന കല്ലുവെട്ടാംകുഴിയുടെ ഓരത്തിരുന്നു് കയ്യിൽ കുപ്പിവളകളും കാലിൽ പാദസരവുമണിഞ്ഞ പെൺകുട്ടി തകർന്ന ചില്ലുകൊട്ടാരങ്ങളുടെ കഥ പറഞ്ഞു.

ഒരിക്കലും പൂർത്തിയാകാത്ത കടും വർണ്ണങ്ങളുടെ ചിത്രങ്ങൾ മനസ്സിന്റെ മൂലയിലെങ്ങോ പൊടിയണിഞ്ഞു് അനാഥമായിക്കിടന്നു. പിന്നെയുമെന്നോ ഒരിക്കൽക്കൂടി വിഭ്രമംപോലെ, സാന്ത്വനംപോലെ അവൾ. പുറത്തു് നാലുമണിപ്പൂക്കളിൽ തുടുത്തുനില്ക്കുന്ന സന്ധ്യയുടെ ശാലീനത.

രണ്ടാം സ്വയംവരമാണു് നാളെ. വേദനപ്പെടുത്തിയെങ്കിൽ ക്ഷമിക്കുക എന്നു പറഞ്ഞു് സഹതാപത്തിന്റെ മുഖംമൂടിയെടുത്തണിഞ്ഞു് രക്ഷപ്പെടാനെനിക്കാവില്ല. ഈ ദുഃഖം, കാത്തിരു

---

(6-ാം പേജു് തുടർച്ച)

ചില ഭാഷകളുടെ........

## Bibliography


1. Mitford dictionary of Americanisms
2. Dictionary of American English
3. Living Language
4. A short history of English language [H. E. Wyld]
5. Universal English dictionary
6. Words and Ways of American English—[Thomas Pyles]
7. American Language–4th Edition
8. ഭാഷാ വിജ്ഞാൻ–ശ്യാം സുന്ദർദാസ്
9. ഹിന്ദി–മലയാള നിഘണ്ടു–അഭയദേവ്
10. ഗദ്യപ്രകാശ്–College Text
11. ശബ്ദാനുശാസൻ (ജമനോത്രി കി യാത്ര By വിഷ്ണുപ്രഭാകർ)
12. ഭാഷാവിജ്ഞാൻ–ഭോലാ നാഥ് തിവാരി

പ്പുകളുടെ വ്യർത്ഥത എനിക്കു വിധിക്കപ്പെട്ടതാണ്.

അയാൾ നിരർത്ഥമായി ചിരിച്ചു.

അവൾ യാത്രയാവുകയായിരുന്നു. പ്രയാണപഥങ്ങളിലെവിടെയോ നഷ്ടമായ സ്വന്തം നിഴലുകൾ തേടിയുള്ള മടക്കയാത്ര. വിഷാദത്തിന്റെ നിമിഷാർദ്ധങ്ങൾ മൗനത്തെ ഗർഭം ധരിച്ചു. പിന്നെ അയാൾ പറഞ്ഞു.

–എന്റെയോ നിന്റെയോ സ്മരണസ്സ് കാലത്തിന്റെ യമുനാതടങ്ങളിൽ ഞാൻ ശവകല്ലറകൾ പണിയില്ല. നിശ്ശൂന്യവും വ്യർത്ഥവുമായ ഈ ജീവിതത്തിന്റെ അനുബന്ധമില്ലാത്ത ഓർമ്മക്കുറിപ്പുകൾ ഇവിടെ അവസാനിച്ചേ തീരൂ.

സന്ധ്യയുടെ പടർന്നുകയറുന്ന ഇരുട്ടിൽ മുഖമമർത്തി അവൾ തേങ്ങിക്കരഞ്ഞു. ഉടഞ്ഞ വിഗ്രഹങ്ങളുടെ, മുടങ്ങിയ നിർമ്മാല്യങ്ങളുടെ കഥ. അടക്കിപ്പിടിച്ച തേങ്ങലുകളോടൊപ്പം പാദസരങ്ങളുടെ നിസ്വനങ്ങളും മുന്നിരുട്ട പുതച്ച വഴിത്താരയിലൂടെ അകന്നകന്നു പോയി. യക്ഷിത്തറയിൽ മൺചെരാത് വററിയണഞ്ഞു. സാന്ദ്രമായ ഇരുട്ടിന്റെ ദുരൂഹതകളിൽ നോക്കിക്കിടക്കുമ്പോൾ എന്തുകൊണ്ടോ അയാൾക്ക് ദുഃഖിക്കാനായില്ല. നിർവ്വികാരതയാണ്. അനുഭവങ്ങളുടെ കാഠിന്യത്തിൽ മനസ്സ് ഒരു പാറപോലെ കറുത്ത് കനത്തുപോയിരിക്കുന്നു.

നീലക്കണ്ണാടിക്കുമുന്നിൽ പാകമാകാത്ത മുഖാവരണങ്ങളിൽ ഒളിപ്പിച്ചുവെച്ച സ്വന്തം പ്രതിച്ഛായതേടി അലയുകയായിരുന്നു മനസ്സ്. മുഖം നഷ്ടപ്പെട്ടുപോയതെവിടെവെച്ചെന്നറിയില്ല. ആ നഷ്ടബോധത്തിന്റെ സ്മരണയിൽ, അത് സൃഷ്ടിച്ച അന്യതാ ബോധത്തിന്റെ തീക്ഷ്ണതയിൽ സാന്ദ്രമായ ദുഃഖത്തിന്റെ ഉറവുകൾ പൊട്ടിയൊഴുകി. അകത്തളത്തിൽ അമ്മ ശബ്ദമില്ലാതെ കരഞ്ഞു.

''ഇപ്പോളാശിച്ചുപോകുന്നു, നീ ഒരിക്കലും വളരാതിരുന്നുവെങ്കിൽ എന്ന്. മോനേ, നീ ആരോടാണ് പകപോക്കുന്നത്? നീ ആരിൽ നിന്നാണ് അകലാൻ ശ്രമിക്കുന്നത്?''

എന്നോടുതന്നെ. എന്നിൽ നിന്നു തന്നെ. അയാൾ സ്വയം പറഞ്ഞു. ഈ തടവറയുടെ ദുർബ്ബലതയിൽ ഇനിയുമെനിക്ക് എന്നെ തളച്ചിടാനാവില്ല. ഈ വാത്സല്യത്തിന്റെ ദുഃഖം ഭ്രാന്തു പിടിപ്പിക്കുന്നതിനു മുമ്പ് കർമ്മബന്ധങ്ങളുടെ ഈ കൂടുവിട്ട്, അമ്മേ, ഞാൻ പോവുകയാണ്.

നിരത്തുകളിൽ അപരിചിതത്വം നിറഞ്ഞ ആൾക്കൂട്ടങ്ങളുടെ തിരക്കുണ്ടായിരുന്നു. പുകക്കുഴലുകൾ ഗർവ്വങ്ങളെപ്പോലെ ആകാശത്തേക്കുയർന്നുനിന്നു. ആസക്തിയുടെ ചുവന്ന തെരുവുകൾ. സായാഹ്ന വിശ്രമങ്ങളുടെ കടൽക്കര. അതിനുമപ്പുറം താളലയങ്ങളില്ലാതെ ഇരമ്പുന്ന കടലിന്റെ സംഗീതം. ഇവയത്രയുംകൊണ്ട് ജന്മംപോലെ, ദുഃഖംപോലെ നഗരം ഉണരുകയായി. ദൂരെ ഞാററുപാട്ടുകളുടെ ഈണവുമായി തിറയാട്ടങ്ങളുടെ മേളവുമായി ആററുവേലകളുടെ ഓർമ്മകളുമായി ഗ്രാമത്തിന്റെ പൗർണ്ണമികൾ അയാളെ മാടിവിളിച്ചു.

നിന്റെ സ്വാസ്ഥ്യം നഷ്ടപ്പെടുത്തുവാൻ ദുഃഖഗീതികളുടെ ശ്രുതിഭംഗവുമായി ഞാൻ വരില്ല, അയാൾ പറഞ്ഞു. എന്നെ കാത്തിരിക്കുന്ന മൃഗതൃഷ്ണകളുടെ അനിവാര്യമായ അന്ത്യസ്ഥാനം തേടി ഞാൻ യാത്രയാണ്. തടഞ്ഞുനിർത്താനാവില്ലാത്ത ഈ പ്രവാഹത്തിൽ അലിഞ്ഞുചേർന്ന ഒരു കണികയായി ഉൾക്കടലുകളുടെ ആഴങ്ങളിലേക്ക് എനിക്കു പോയേ തീരൂ.

ഒന്ന് ഇത്രത്തോളം വരൂ. അമ്മ എഴുതി. എത്രയോ നാളുകളായി നിന്റെ മുഖമൊന്നു കണ്ടിട്ട്. ഈ വീടും ഇവിടത്തെ ശാപം കിട്ടിയ മനുഷ്യരും ഇത്രയധികം വെറുക്കപ്പെടുവാൻ മാത്രം നീ വളർന്നുവെങ്കിൽ, മോനേ,എനിക്കു ദുഃഖമില്ല. നിന്റെ പഴയ കുട്ടിയുടുപ്പുകളും ചോക്കുപെൻസിലിന്റെ കഷണങ്ങളും മാനം കാണാതെ മയിൽപ്പീലികൾ ഒളിപ്പിച്ചുവെച്ച പാഠപുസ്തകങ്ങളുമെല്ലാം പഴയ ഇരുമ്പുപെട്ടിയിൽ ഞാൻ സൂക്ഷിച്ചുവെച്ചിട്ടുണ്ട്. നിന്റെ അച്ഛന് കണ്ടുകൊണ്ടിരിക്കുവാൻ വേണ്ടി........

ജന്മാന്തരദുഃഖങ്ങളുടെ ഉഷ്ണജല പ്രവാഹങ്ങൾ അണ മുറിയുകയായി. ഗർഭത്തിന്റെ കരുണയും വാത്സല്യവും നിറഞ്ഞ മുഖം മനസ്സിൽ തെളിയുകയായി. വർഷമേഘങ്ങളുടെ ഈർപ്പം മുററിയ ആകാശത്തിന്റെ ആർദ്രതയിൽ അയാൾ സ്വയം മറക്കുകയായിരുന്നു.

വികാര തീക്ഷ്ണതയുടെ ആദ്യസ്പർശം പോലെ, ആദ്യ നഖക്ഷതംപോലെ പുതുമഴയുടെ സംഗീതമുണർന്നു. സന്ധ്യയുടെ മുഖം ഇരുളുകയായി. പൊട്ടിയൊഴുകിയ കാലവർഷത്തിന്റെ സുരതമൂർഛയിൽ താളനിബദ്ധമായ മഴയുടെ തുടിനാദം മാത്രം അയാൾക്കു ചുററും പ്രതിധ്വനികളായി പുനർജ്ജനിച്ചു.

പുറത്ത് ഇരുട്ടിന് സാന്ദ്രതയേറുകയാണ്......

# സോഷ്യലിസത്തിന് ഒരു ഭാരതീയ സമീപനം

തോമസ് വി. സിറിയക്ക്
I B. Com.

സോഷ്യലിസത്തിന് ഒരു ഭാരതീയ സമീപനം സുസാദ്ധ്യമാണോ? അല്ലെങ്കിൽ അത്യാവശ്യമാണോ? ശാസ്ത്രീയസോഷ്യലിസത്തിന്റെ ഉപജ്ഞാതാവായ കാറൽമാർക്സ്തന്നെ ദേശകാലപരിതഃസ്ഥിതികൾക്കനുസൃതമായ സമീപനമാണ് സോഷ്യലിസത്തിനാവശ്യമെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇവിടെ സോഷ്യലിസം കൈവരുത്തണമെങ്കിൽ അതിന് ഒരു ഭാരതീയ സമീപനം –അഹിംസാ സിദ്ധാന്തത്തിലടിയുറച്ച ഒരു ഗാന്ധിയൻ സമീപനം– ആവശ്യമാണ്.

ഭാരതത്തിന്റെ സംസ്കാരികപാരമ്പര്യം പരിശോധിക്കുക. നൂററാണ്ടുകളായി ഭാരതീയന്റെ സിരകളിലൂടെ ഒഴുകുന്നതു് വിപ്ലവവീര്യമുള്ള രക്തമല്ലെന്നും പ്രത്യുത ധർമ്മത്തിന്റെയും, അഹിംസയുടേയും, മനുഷ്യത്വത്തിന്റേയും ഗന്ധമുള്ള രക്തമാണെന്നും നമുക്കു കാണുവാൻ കഴിയും. സോഷ്യലിസം എന്ന മഹത്തായ ആ ആശയം ലോകത്തുദയം ചെയ്യുന്നതിന് വളരെ കാലങ്ങൾക്കുമുമ്പുതന്നെ, ഓരോ മനുഷ്യനും സ്വതന്ത്രമായി ജീവിക്കുന്നതിനും വളരുന്നതിനുമുള്ള അവസരവും അവകാശവും പ്രദാനം ചെയ്തുകൊണ്ടുള്ള സമത്വസുന്ദരമായ ഭരണം കാഴ്ച വെയ്ക്കുന്നതിന് സാധിച്ച ചന്ദ്രഗുപ്തമൌര്യന്റെയും അശോകന്റെയും നാടാണ് നമ്മുടെ ഭാരതം. ഇവിടെ സോഷ്യലിസം കൈവരുത്തുവാൻ രക്തരൂക്ഷിതവിപ്ലവം കൂടിയേ കഴിയൂ എന്നു ശഠിക്കുന്നവർ ഒരു വസ്തുത മനസ്സിലാക്കണം. ഇവിടെ സമത്വസുന്ദരമായ ഒരു ഭരണക്രമം കാഴ്ചവയ്ക്കുന്നതിന് മുൻപറഞ്ഞവർക്ക് ഒരുതുള്ളി രക്തവും ചിന്തേണ്ടിവന്നില്ല. ഇങ്ങനെയുള്ള മഹത്തായ ഒരു പാരമ്പര്യത്തെ പരിരക്ഷിക്കുന്ന നമ്മുടെ നാട്ടിൽ രക്തരൂക്ഷിതമായ ഒരു വിപ്ലവം എന്നും ഒരു ഭ്രാന്തൻ സ്വപ്നം മാത്രമായി അവശേഷിക്കുകയേ ഉള്ളൂ.

പാരീസിന്റെ തെരുവീഥികളിൽ രക്തപ്പുഴയൊഴുക്കിയതു് സീൻ നദിയിലെ വെള്ളം പൊങ്ങിയിട്ടല്ല. മോസ്കോയുടെ മടിത്തട്ടിൽ മൃതദേഹങ്ങളടിഞ്ഞുകൂടിയതു് കൊടുങ്കാറേറാ പേമാരിയോ കൊണ്ടല്ല. ചൈനയുടെ വൻകരയിൽ വൻതോതിൽ മനുഷ്യക്കുരുതി നടന്നതു് ശത്രുരാജ്യങ്ങളുടെ അടങ്ങാനാവാത്ത പ്രതികാരവാഞ്ഛകൊണ്ടല്ല, മറിച്ച് സ്വന്തം സഹോദരന്റെ കഴുത്തറുത്തുകൊണ്ട് സമത്വ സൗഹാർദ്ദ നിർഭരമായ ഒരു വ്യവസ്ഥിതി കെട്ടിപ്പടുക്കാമെന്ന വ്യാമോഹമായിരുന്നു ഈ കൂട്ടക്കൊലയ്ക്കു പിന്നിലുണ്ടായിരുന്ന ചേതോവികാരം. എന്നിട്ടോ?

സമൂഹത്തിൽനിന്നും ഒരു വിഭാഗത്തെ ഉടച്ചുനീക്കിക്കൊണ്ട്, ഒരു വിഭാഗത്തിന്റെ കഴുത്തറുത്തുകൊണ്ട്, സ്ഥാപിക്കപ്പെടുന്ന സോഷ്യലിസം ശാശ്വതമായിരിക്കുകയില്ലെന്ന് ചരിത്രം നമ്മെ പഠിപ്പിച്ചുകഴിഞ്ഞു. രക്തരൂക്ഷിത വിപ്ലവത്തിലൂടെ സോഷ്യലിസം സ്ഥാപിച്ച റഷ്യയിലും, ചൈനയിലും, ഹംഗറിയിലും, ക്യൂബയിലും ഒക്കെ വ്യക്തിസ്വാതന്ത്ര്യത്തിനായി, മൗലികാവകാശങ്ങൾക്കായി ജനങ്ങളിന്നു കൊതിയ്ക്കുകയാണ്. സ്വന്തം നാട്ടിൽനിന്ന് പുറപ്പെട്ടശേഷം തിരിച്ച് ജന്മഭൂമിയിലേക്കു മടങ്ങാൻ വിസമ്മതിച്ചുകൊണ്ട് മററു രാജ്യങ്ങളിൽ രാഷ്ട്രീയാഭയം തേടുന്ന നിരവധി റഷ്യാക്കാരെ, ചൈനാക്കാരെയൊക്കെ ഇന്നു നാം കാണുന്നുണ്ട്. ഇതോ സോഷ്യലിസം?

ജനാധിപത്യ മാർഗ്ഗങ്ങളിലൂടെ –ബാലററു പേപ്പറിലൂടെ– അധികാരത്തിലേറുന്ന ഒരു സോഷ്യലിസ്റ്റു ഗവണ്മെന്റിനു മാത്രമേ സോഷ്യലിസത്തെ ശാശ്വതമായി പരിരക്ഷിക്കുന്നതിനു കഴിയൂ. ഇതിനാൽ തന്നെയാണ് ഭാരതത്തിൽ സോഷ്യലിസം നടപ്പാക്കണമെങ്കിൽ ഒരു ഭാരതീയ സമീപനം ആവശ്യമാണ് എന്നു പറഞ്ഞതു്.

ലോകത്തിലാദ്യമായി ബാലററു പേപ്പറിലൂടെ ഒരു കമ്മ്യൂണിസ്ററു മന്ത്രിസഭ അധികാരത്തിലേറുന്നതു് ആർഷഭാരത സംസ്കാര




## വയലാ ചന്ദ്രശേഖരൻ
III B. A.


എത്ര സൗഭഗം; ചിത്ര പഞ്ചമി-
ച്ചന്ദ്രികേ നിൻ മന്ദസ്മിതം,
എൻമനസ്സിൽ വരച്ചിടും ചിത്ര
കംബളം; എത്ര സുന്ദരം.

നിത്യ നിർമ്മലം ലാലസം മന്ദ്ര-
മുഗ്ദ്ധ, മാനന്ദദായകം
നിൻ സുഹാസം മദാലസം, മുഗ്ദ്ധ
രോമഹർഷ പ്രദായകം

രാഗദീപ്തമെൻ മാനസം സ്വപ്ന-
രാജികളാൽ വർണ്ണ ഭൂഷിതം
ഭോഗലാലസം മൻമനം മോഹ-
ജാല, മുൽഫുല്ല നീരജം

ആർജ്ജിതം, തവത്രപമസ്മിതപ
വിസ്തൃതം, സർഗ്ഗചേതന
ആയിരം തങ്കഗോപുരങ്ങളാ-
ലാവൃതം സർഗ്ഗവേദന

നിർഗ്ഗളിച്ചിടും രാഗ സിന്ധു നീ
നിത്യ സായൂജ്യ സാരസം
അർത്ഥശൂന്യമാമേക ബിന്ദു ഞാൻ
മിഥ്യ; എല്ലാം തമോമയം.

---

ത്തിന്റെ വിളനിലങ്ങളായ കേരളത്തിലും ബംഗാളിലുമാണ്. ഇതിൽനിന്നും നമ്മുടെ ജനതയ്ക്ക് സോഷ്യലിസത്തോടുള്ള ആഭിമുഖ്യമെന്തെന്ന് സ്പഷ്ടമാവുന്നുണ്ടല്ലോ.

30 വർഷത്തെ നാടൻ സാഹിബ്ബുമാരുടെ -പുത്തൻ നവാബുമാരുടെ- മുദ്രാവാക്യ ഭരണം ഇവിടത്തെ സാധാരണ ജനത്തിന് നല്കിയിട്ടുള്ളത് ചങ്ങലകൾ മാത്രമാണ്. 47 ൽ ഭാരതം സ്വതന്ത്രമായെങ്കിലും നാം ആറ്റുനോറ്റു കാത്തിരുന്ന സ്വാതന്ത്ര്യസങ്കല്പത്തിന്റെ വിദൂരസാദൃശ്യം പോലും സാക്ഷാൽക്കരിക്കപ്പെട്ടില്ല. രാഷ്ട്രീയ സ്വാതന്ത്ര്യലബ്ധി സാധാരണക്കാരന്റെ കഷ്ടപ്പാടുകളെ ദൂരീകരിച്ചില്ല. ''ഗരീബി ഹഠാവോ'' മന്ത്രം ഉരുവിട്ടു നടന്ന ജനനേതാക്കന്മാർക്ക് ദരിദ്രരെയല്ലാതെ ദാരിദ്ര്യത്തെ ഉച്ചാടനം ചെയ്യുന്നതിനു കഴിഞ്ഞില്ല. പഴയ ഭരണകൂടം പുതിയ തലമുറയ്ക്കു നല്കുന്ന ഇന്ത്യ എങ്ങിനെയുള്ളതാണ്? ഒരു വശത്ത് ഒരു കൂട്ടർ പഞ്ചനക്ഷത്ര ഹോട്ടലുകളിൽ പള്ളികൊള്ളുമ്പോൾ മറുഭാഗത്ത് ഒട്ടിയ കവിളും കുഴിഞ്ഞ കണ്ണുകളുമായി ഒരു നേരം വിശപ്പടക്കുന്നതിന് എച്ചിൽ കുഴിയിൽ പട്ടികളോടു മല്ലിടുന്ന മനുഷ്യ കോലങ്ങളാം! ഇതോ സ്ഥിതിസമത്വം?

ഇത്രമാത്രം സാമൂഹ്യാനീതി ഇവിടെ നിലനിന്നിട്ടും അടിയന്തിരാവസ്ഥയിൽ തങ്ങളുടെ രാഷ്ട്രീയസ്വാതന്ത്ര്യംപോലും നഷ്ടപ്പെട്ടിട്ടും ഒരു രക്തരൂക്ഷിത വിപ്ലവത്തിനു തയ്യാറെടുക്കുന്നതിനുള്ള മാനസികാവസ്ഥ നമ്മുടെ ജനതയ്ക്കുണ്ടായില്ല. കാരണം ഭാരതീയർ അടിസ്ഥാനപരമായി ആസ്തികരും മനുഷ്യസ്നേഹികളും സമാധാന പ്രേമികളുമാണ്. 'തങ്ങളുടെ സ്വാതന്ത്ര്യത്തിന്മേൽ കൈവയ്ക്കുന്നതു ഗവ. ആയാലും ആ കൈപ്പത്തിയിൽ ആഞ്ഞു വെട്ടേണ്ടതു'' തങ്ങളുടെ ധർമ്മമാണെന്ന് ഇൻഡ്യൻ ജനത വിശ്വസിക്കുന്നു. തികച്ചും അഹിംസാമാർഗ്ഗത്തിലൂടെ കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പിൽ അവർ അതു തെളിയിക്കുകയും ചെയ്തു.

ഗാന്ധിയൻ തത്വസംഹിതകളിലടിയുറച്ച ഒരു വീക്ഷണമിവിടെ നിലനില്ക്കുന്നിടത്തോളം കാലം സോഷ്യലിസത്തിനുവേണ്ടി ഒരു സായുധവിപ്ലവം ഭാരതത്തിൽ അപ്രായോഗികമാണ്.

# കലയും ചെറുകഥാസാഹിത്യവും

മനുഷ്യന്റെ മനസ്സിനെ ആനന്ദിപ്പിക്കുകയും തൃപ്തിപ്പെടുത്തുകയും ചെയ്യുകയാണ് കലയുടെ ഉദ്ദേശ്യമെങ്കിലും കലാകാരന്റെ ഭാവനയുടെ വേദനയും അതൃപ്തിയുമാണ് അതിന്റെ ഉത്ഭവസ്ഥാനങ്ങളെന്നു കരുതാവുന്നതാണ്. തന്നിമിത്തം കലാകാരനുണ്ടാകുന്ന മനോവേദന എത്രമാത്രം ഹൃദയസ്പർശിയായിരിക്കുമോ, അത്രകണ്ട് ഔൽകൃഷ്ട്യം പ്രാപിച്ചിരിക്കും. അതിൽനിന്നുത്ഭൂതമാകുന്ന കലാസൃഷ്ടിയും!

മാനവ സംസ്കാരത്തിന്റെ യഥാർത്ഥമായ മാനദണ്ഡമാണ് കല. അതിനാൽ അതിന്റെ സുന്ദരമായ പ്രതിബിംബം കലാസൃഷ്ടികളിൽ നിഴലിച്ചു കാണുന്നു. രാമായണം, മഹാഭാരതം എന്നീ ഉൽകൃഷ്ട ഗ്രന്ഥങ്ങൾ ആർഷഭാരതത്തിന്റെ മഹത്തായ സംസ്കാര പാരമ്പര്യത്തിലേക്കും ഉദാത്തമായ ജീവിത ദാർശനികതയിലേക്കും വെളിച്ചം വീശുന്നവയാണ്. B.C. 700-ലെ ഗ്രീക്കുകാരുടെ ജീവിത രീതികളിലേക്കും, സംസ്കാര സമ്പത്തിലേക്കും, ആചാരമര്യാദകളിലേക്കും വിരൽ ചൂണ്ടുന്ന ഹോമർ മഹാകവിയുടെ 'ഇലിയഡ്', 'ഒഡീസ്സി' എന്നീ രണ്ട് ഇതിഹാസ കാവ്യങ്ങൾ. അവ പാരായണംചെയ്യുമ്പോൾ ആ കാലഘട്ടത്തിലാണു നാം ജീവിക്കുന്നതെന്നും നമ്മുടെ പുറപ്പാടുകളും അവ

തടേണ്ടതാണെന്നുള്ള ഒരു വിചാരം നാമറിയാതെ തന്നെ നമ്മിൽ ഉടലെടുക്കുന്നു.

പ്രകൃതിയുടെ മുകരമാണ് കലയെന്ന് ഒരഭിപ്രായമുണ്ട്. ഈ അഭിപ്രായം അപ്പടിയേ ശരിയാണെന്നു തോന്നുന്നില്ല. പ്രൊ. മെക്കാർട്ട്നി പറയുന്നു: ''ആയിരിക്കാം, പക്ഷെ ആ മുകരം മദ്ധ്യം ഉയർന്നതോ കുഴിഞ്ഞതോ ആയിരിക്കും.'' പ്രപഞ്ചസാമാന്യമായ വസ്തുക്കളുടെയും സംഭവങ്ങളുടെയും അപ്പടിയേയുള്ള ചിത്രീകരണമല്ല കല എന്നതുകൊണ്ടു വിവക്ഷിക്കുന്നത്. പൂർണ്ണത കൈവന്നതായി ഈ ലോകത്തിൽ യാതൊന്നും തന്നെയില്ല. അതിനാൽ കരിങ്കൽക്കഷണങ്ങളിൽനിന്നും പ്രതിമ നിർമ്മിക്കുന്ന ശില്പി അവ



**ജോസ് മാത്യു കുര്യനാട്**

യുടെ ചില ഭാഗങ്ങൾ കൊത്തിക്കളഞ്ഞ് അതിനു പ്രത്യേകമായ ആകൃതി നൽകുന്നതുപോലെ, പ്രപഞ്ചദൃശ്യമായ വസ്തുക്കളെ ചില വ്യതിയാനങ്ങൾവഴി മോഹനങ്ങളും നിത്യ നൂതനങ്ങളുമാക്കിത്തീർക്കുവാൻ പ്രതിഭാസമ്പന്നനായ കലാകാരൻ തീവ്രമായ ഔൽസുക്യം പ്രദർശിപ്പിക്കുന്നു. തന്നിമിത്തം പ്രപഞ്ചസാമാന്യമായവയിൽനിന്ന് ഒരതിശയീകരണമോ, ന്യൂനീകരണമോ കലാസൃഷ്ടികളിൽ രൂപം കൊള്ളുന്നു. ഇതിൽ

---

വിശക്കുന്ന കുട്ടിയും, കരയുന്ന സ്ത്രീയും, പരിഭ്രാന്തനായ പുരുഷനുമില്ലാത്ത സമത്വസുന്ദരമായ ഒരു ഭാരതം ഇവിടെ ഉണ്ടാകേണ്ടതുണ്ട്. പക്ഷെ അതു നേടുവാൻ ഇവിടെ ഒരു വിപ്ലവം അസംഭവ്യമാണ്. ഏഴ് ലക്ഷത്തോളം വരുന്ന ഇവിടത്തെ ഗ്രാമങ്ങളുടെ ഉദ്ധാരണത്തിലൂടെ മാത്രമെ അതു സാധിക്കു എന്ന ഗാന്ധിയൻ ആദർശത്തിൽ അധിഷ്ഠിതമായ ഒരു ജനാധിപത്യ മാർഗ്ഗമെ കരണീയമായിട്ടുള്ളൂ. ഗാന്ധിയൻ തത്വസംഹിതകളിലടിയുറച്ച സുവ്യക്തമായ ഒരു ഭാരതീയ സമീപനത്തിലൂടെ മാത്രമെ ഇവിടെ സോഷ്യലിസം കൈവരുത്താനാവു; 'സമത്വ സ്വാതന്ത്ര്യ സാഹോദര്യങ്ങൾ' പുലരുന്ന സോഷ്യലിസം.

★

# AN AMBASSADOR'S VISIT



H. E. K. R. Narayanan, Indian Ambassador to China, at the College.

The Oratory Club's Political Evening
On "Democratic Socialism in India"











T. Joseph (K. S. U.) | P. M. Mathew (K. S. C.) | T. D. George (Vidyarthi Janatha) | Binoy Viswom (A. I. S. F.) | C. K. Jeevan K. S. U. (I)

## SCENES FROM THE COLLEGE DAY



"Those who have eyes and ears"



The Principal Presents the College Report.



The Secretary presents the Union Report.



Sri. P. J. Joseph, Hon'able Home minister, was the chief guest

## THE CHOSEN ONES AGAIN



Thomas V. Cyriac
Secretary, Oratary Club
Represented theCollege in Various speech Competitions. Secured heighest marks in Pre-Degree Malayalam.



Babu T. K.
Secretary
Study Circle



Jose George
Secretary
Journalism Circle



James P. C.
Secretary
Planning Forum



Joy Sebastian
Secretary
Deepika Youth League.



K. G. Raju
College Union Executive member

ത്തന്നെയാണ് കലയുടെ ആസ്വാദ്യത അടങ്ങിയിരിക്കുന്നതെന്നു പറയാം. സ്വാഭാവികമായി ദുഃഖഹേതുക്കളായോ അതൃപ്തികരങ്ങളായോ ഉള്ള സംഭവങ്ങളെയും വസ്തുക്കളെയും ഒരു പുതിയ 'വിഷനോ'ടെയോ (Vision), അവയുടെ ആന്തരികമായ ഘടനയെ സ്പർശിക്കാതെ, ബാഹ്യമായ ആകൃതിയിലോ, ഘടനയിലോ തെല്ലൊന്നു മാററം വരുത്തുകയോ ചെയ്തു ചിത്രീകരിച്ച്, ആ നൂതന സൃഷ്ടികളെ യാഥാർത്ഥ്യം കണ്ടു മടുത്ത കണ്ണുകൾക്കു മുമ്പാകെ അവതരിപ്പിച്ച്, ആനന്ദത്തേയും പരിഷ്ക്കരണേച്ഛയേയും ഒരേ സമയത്തു പ്രേക്ഷകരിലുളവാക്കുകയാണ് ഒരു ഉത്തമ കലാകാരന്റെ പരമോദ്ദേശ്യം; അല്ലാതെ യാഥാർത്ഥ്യങ്ങളെ അപ്പടിയേ പകർത്തുകയല്ല. പ്രപഞ്ചസാധാരണങ്ങളായ വസ്തുക്കളെയും സംഭവങ്ങളെയും യാതൊന്നും വിടാതെയും, യാതൊന്നും കൂട്ടിച്ചേർക്കാതെയും അപ്പടിയേ ചിത്രീകരിക്കുക പ്രതിഭാസമ്പന്നനായ കലാകാരന്റെ പ്രവൃത്തിയല്ല അതു പത്ര റിപ്പോർട്ടറുടെയോ, ചരിത്രകാരന്റെയോ, ഫോട്ടോഗ്രാഫറുടെയോ പ്രവൃത്തിയാകുന്നു.

സമുദായോദ്ധാരണത്തിലും കലാകാരനു മുഖ്യമായ പങ്കുണ്ട്. "The decline of the literature indicates the decline of the nation" (സാഹിത്യത്തിന്റെ അധഃപതനം ജനതയുടെ അധഃപതനത്തെയാണ് സൂചിപ്പിക്കുന്നതു്) എന്ന് പ്രശസ്ത ജർമ്മൻ സാഹിത്യകാരനായ ഗോയ്ഥേ പറയുകയുണ്ടായി. പ്രശസ്ത ആംഗലേയാഖ്യായികാകാരനായ സ്ക്കോട്ടും ഏതാണ്ട് ഈ ആശയം വച്ചുകൊണ്ടുതന്നെ പറയുകയുണ്ടായി: ''ധാരാളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ള ഒരാളാണ് ഞാൻ. എന്നാൽ, യാതൊരു മനുഷ്യന്റെ ഹൃദയത്തെയോ, വിചാരത്തെയോ എന്റെ ഗ്രന്ഥങ്ങളുടെ പാരായണം മൂലം മലിനമാക്കുന്നതിനുള്ള അവസരം എനിക്കുണ്ടായിട്ടില്ല. ഞാൻ എഴുതിയിരിക്കുന്നവയെ എന്റെ മരണക്കിടക്കയിൽവച്ചു മായിച്ചു കളയണമെന്ന ആഗ്രഹം എനിക്കുണ്ടാകത്തക്കവിധം ഞാൻ യാതൊന്നും എഴുതിയിട്ടില്ല''. ഇവയിൽനിന്നും ജനഹൃദയങ്ങളെ മലിനപ്പെടുത്തുകയല്ല, അതിൽ പരിഷ്ക്കരണേച്ഛയുടെ ബീജാവാപം ചെയ്യുകയാണ് ഉത്തമ കലാകാരന്റെ ധർമ്മമെന്നു വ്യക്തമാകുന്നു.

ചന്ദ്രൻ, നക്ഷത്രം ഇവയെക്കുറിച്ചെല്ലാം കഥകളും കവിതകളും രചിച്ചാൽ അവ മനുഷ്യ ജീവിതാവിഷ്ക്കരണമാവുകയില്ലെന്ന് ചിലർക്ക് അഭിപ്രായമുണ്ട്. ഈ അഭിപ്രായം അപ്പടിയേ ശരിയാണെന്നു സമ്മതിക്കവയ്യ. തിളങ്ങുന്ന അസ്തമയം, മനോഹരമായ പുഷ്പം, ഭയജനകമായ മണലാരണ്യം, ശീകരസാന്ദ്രമാർന്ന ജലപാതം ഇവയിലെല്ലാം മനുഷ്യൻ മറഞ്ഞിരിക്കുന്നു. മനുഷ്യത്വത്തോടെ ഒരു ബന്ധവുമില്ലാത്ത ഈ വസ്തുക്കളും ദൃശ്യങ്ങളും അവയിൽ പ്രച്ഛന്നമായിക്കിടക്കുന്ന മനുഷ്യമനസ്സിന്റെ ധർമ്മം മനുഷ്യനു പകർന്നുകൊടുക്കുന്നുണ്ട്. ഗംഗയുടെ രണ്ടററത്തു സ്ഥിതിചെയ്യുന്ന കരകളെ തമ്മിൽ ഒരു വ്യത്യാസവുമില്ല. അതുപോലെതന്നെ പ്രപഞ്ചമാകുന്ന പ്രവാഹത്തിന്റെ രണ്ടററത്തുള്ള കരകളാണ് മനുഷ്യനും നക്ഷത്രവും. അവ തമ്മിൽ അഭേദ്യമാംവിധം ബന്ധപ്പെട്ടു കിടക്കുന്നു. അതിനാൽ അവയെപ്പററി പറയുക എന്നു പറഞ്ഞാൽ മനുഷ്യനെക്കുറിച്ചു പറയുക എന്നുതന്നെയാണർത്ഥം.

വൈരുദ്ധ്യങ്ങളുടെ വിഹാര രംഗമാണു ലോകം. കലാകാരൻ ഇതു ശരിക്കും മനസ്സിലാക്കേണ്ടിയിരിക്കുന്നു. കാലം എന്തെല്ലാം മാററങ്ങളാണ് ഓരോ വസ്തുക്കളിലും വരുത്തിക്കൂട്ടുന്നതു്! ഇന്നലെ തൊട്ടിലാട്ടിയ കരങ്ങൾ ഇന്ന് അശക്തങ്ങൾ! നാളെ അവ മൺമറയുന്നു! ഇന്നലെ തൊട്ടിലിൽ കിടന്ന ശിശു ഇന്നു വേറൊരു ശിശുവിനെ താരാട്ടു പാടിയുറക്കുന്നു! ഇന്നലെ മന്ദസ്മിതംകൊണ്ടു രാഗഗാനം രചിച്ചവർ ഇന്നു വൈരൂപ്യത്തിന്റെ മൂർത്തിമദ്ഭാവം! ലോകസാധാരണമായ ഇത്തരം വൈരുദ്ധ്യാത്മക സ്ഥിതിവിശേഷങ്ങളെ തികഞ്ഞ കലാകുശലതയോടെ അനുവാചകസമക്ഷം അവതരിപ്പിച്ച് തദ്വാരേണ ലോകസ്വഭാവം വെളിവാക്കുന്നതോടൊപ്പംതന്നെ, അനുവാചക ഹൃദയങ്ങളിൽ വികാരത്തിന്റെ ശക്തിയായ ഒരു വേലിയേററം സൃഷ്ടിക്കുവാൻ കലാകാരനു കഴിയണം. അങ്ങനെ ചെയ്യുന്നതുനിമിത്തം ആയാൾ തികച്ചും മനുഷ്യകഥാനുഗായിയും, ആയാളുടെ കലാസൃഷ്ടികൾ കാലദേശാവസ്ഥകളുടെ പരിമിതികളെ പിന്നിട്ട് നിത്യനൂതനങ്ങളും ആയിത്തീരുന്നതാണ്.

ചെറുകഥകൾ എന്ന 'ലേബലിൽ' മുൻകാലങ്ങളിലെ നമ്മുടെ 'മാഗസിനുകളിൽ' വന്ന 'കലാസൃഷ്ടി'കളിലേക്ക് ഒന്നു കണ്ണോടിക്കുക. അവയിൽ കലാമൂല്യമുൾക്കൊള്ളുന്നവ എത്രയെണ്ണമുണ്ട്? അനുവാചക ഹൃദയത്തിന്റെ അഗാധതയിലിറങ്ങിച്ചെന്ന്, അതിൽ വികാരത്തിന്റെ

ഒരു നേരിയ ചലനം സൃഷ്ടിക്കാനെങ്കിലും കഴിവുള്ള എന്തെങ്കിലും ഒന്നും അവയിലുണ്ടോ? ഇത്തരം 'കലാസൃഷ്ടികൾ'ക്കു ജന്മം നൽകുന്ന നമ്മുടെ ബഹുമാന്യരായ 'യുവസാഹിത്യകാരന്മാർ' സാഹിത്യത്തിന്റെ മഹത്തായ പദവിയെ കളങ്കപ്പെടുത്തുന്നു. സാഹിത്യത്തെക്കുറിച്ചു നമുക്കുള്ള പ്രതീക്ഷകളെ കാറ്റിൽ പറത്തുന്നവയല്ലെ ഇവരുടെ സാഹിത്യ സൃഷ്ടികൾ? എന്തെല്ലാമാശയങ്ങളാണ് ഇവർ നമുക്കു വിളമ്പിത്തരുന്നത്? കേവലം കാമനിർവൃതിക്കുവേണ്ടിയുള്ള പ്രേമചാപല്യങ്ങളുടെ വൈകൃതം പുരണ്ട അഞ്ചാറു വാക്കുകളോ, രതിവൈകൃതങ്ങളുടെ ദുഷിച്ച ഒന്നുരണ്ടു വാങ്മയചിത്രങ്ങളോ നമ്മുടെമുമ്പിൽ നിരത്തിവച്ച് അവയ്ക്കു 'സാഹിത്യം' എന്ന പേരുകൊടുത്ത് ''ആസ്വദിക്കൂ, ആസ്വദിക്കൂ'' എന്ന് അവർ നമ്മോട് ആജ്ഞാപിക്കുന്നു. സ്നേഹം അനശ്വരമാണെന്നും, അതു കേവലം പഞ്ചേന്ദ്രിയപരം മാത്രമായിരിക്കരുത് എന്നും, ഭോഗത്തിലല്ല, ത്യാഗത്തിലാണ് സ്നേഹത്തിന്റെ പരിപൂർണ്ണതയെന്നും ഇക്കൂട്ടർ മനസ്സിലാക്കിയിരുന്നെങ്കിൽ! ഇങ്ങനെ തോന്നിയതെല്ലാമെഴുതിക്കൂട്ടിവിട്ട് സാധാരണക്കാരായ ജനങ്ങളെ കഷ്ടപ്പെടുത്തുന്നതിൽ ഇക്കൂട്ടർക്കു തെല്ലും മനസ്താപമില്ലെന്നു തോന്നുന്നു. ഇത്തരം സാഹിത്യ സൃഷ്ടികൾ വായിക്കുമ്പോൾ പണ്ടു പാഞ്ചാലിയെ ബന്ധുക്കളുടെയും അന്യപുരുഷന്മാരുടെയും മുമ്പാകെ വച്ചു വസ്ത്രാക്ഷേപം ചെയ്ത സംഭവമാണ് ഓർമ്മയിൽ വരുന്നത്. അന്നു പാഞ്ചാലിയെ രക്ഷിക്കാൻ ശ്രീകൃഷ്ണനുണ്ടായിരുന്നു; കൈരളിയെ രക്ഷിക്കാൻ ആരുമില്ല!

ഉദാഹരണമായി കഴിഞ്ഞ വർഷത്തെ നമ്മുടെ 'മാഗസിനിൽ' വന്ന ഒരു കഥയെടുക്കാം. അനേകം കഥകളുള്ളതിൽ ഒന്നെടുക്കുന്നു എന്നു മാത്രം. മിസ്. സെലീനാമ്മ ജോർജ്ജ് എഴുതിയ 'എന്റെ ദുഃഖം' എന്ന 'കഥ'യെക്കുറിച്ചാണ് ഞാൻ പറയുന്നത്. എന്താണ് കലാകാരിയുടെ ദുഃഖത്തിനു നിദാനം? കലാലയത്തിലെ സൗഭാഗ്യസമ്പൂർണ്ണമായ ജീവിതത്തിനിടയിൽ അവ (ജൂലി എന്ന പെൺകുട്ടി) തമായി ദാസ് എന്ന കുബേര കുമാരൻ പ്രണയബന്ധം സ്ഥാപിക്കുന്നു. കുറെ നാളുകൾ അവർ അങ്ങനെ ''സൊള്ളിയടിച്ച്'' നടക്കുന്നു. അവസാനം, സാമ്പത്തികമായി തന്നോടൊപ്പം ശിരസ്സുയർത്തിപ്പിടിക്കുവാൻ കഴിവില്ലാത്തവളാണ് അവളെന്നു മനസ്സിലാക്കിയ ദാസ്, ആ ബന്ധം പാടേ വിച്ഛേദിക്കുന്നു. പാവം പെൺകുട്ടി! തകർന്നടിഞ്ഞ പ്രേമസൗധത്തിന്റെ അവശിഷ്ടങ്ങളിൽ തീവ്രവ്യഥയാൽ പ്രകമ്പിതമായ തന്റെ ശരീരമുറപ്പിച്ച്, കദനഭാരത്താൽ കനിഞ്ഞ ശോണമായ മുഖം കാൽമുട്ടുകളിലുറപ്പിച്ച്, കദനഭാരത്താൽ കനിഞ്ഞ ശോണമായ മുഖം കാൽമുട്ടുകളിലുറപ്പിച്ച്, കണ്ണുനീർമുത്തുകൾ തൂകിക്കൊണ്ടിരിക്കുമ്പോൾ കഥ അവസാനിക്കുകയും ചെയ്യുന്നു.

എന്തു കലാമൂല്യമാണ് നമുക്കിതിൽ ദർശിക്കാൻ കഴിയുക? സാഹിത്യത്തെക്കുറിച്ചു നമുക്കുള്ള സകല മഹനീയ സങ്കല്പങ്ങളേയും കാറ്റിൽ പറത്തുന്ന കഥയല്ലേ ഇത്? കേവലം 'ബഹിർഭാഗസ്ഥങ്ങളായ' ചില വാക്കുകൾ നിരത്തിവയ്ക്കപ്പെട്ടിരിക്കുന്നു എന്നതിൽക്കവിഞ്ഞ്, അനുവാചക ഹൃദയത്തിന്റെ അഗാധതയിലേക്കിറങ്ങിച്ചെന്ന്, അതിൽ ഒരു നേരിയ ചലനമെങ്കിലുമുണ്ടാക്കുവാൻ ഈ കഥയ്ക്കു കഴിയുമെന്നു തോന്നുന്നില്ല. അതിനാൽത്തന്നെ, ഹൃദയത്തിന്റെ അഗാധതയിലുണ്ടായ വേദനയിൽനിന്ന് -വടുകെട്ടിക്കിടന്ന കനത്ത ദുഃഖത്തിൽനിന്ന്- പ്രവഹിച്ചതായി കരുതാമെങ്കിലും ഈ കഥ വിജയം പ്രാപിക്കുന്നില്ല. കഥയെഴുതിയ ആളിന്റെ ന്യൂനതയാണ് ഇവിടെ നിഴലിക്കുന്നത്. വിഷയത്തിന്റെ അഗാധതയിലേക്കിറങ്ങിച്ചെന്ന് അനുവാചക ഹൃദയത്തിൽ കോളിളക്കം സൃഷ്ടിക്കാത്ത വിധം ഇതിവൃത്തം വികസിപ്പിച്ചുകൊണ്ടുവരണമെങ്കിൽ അതെഴുതുന്ന ആൾ അമാനുഷ പ്രതിഭയാൽ അനുഗൃഹീതനായിരിക്കണം. ലൈംഗികതയും, ലൈംഗിക രാഹിത്യവും, സ്ത്രീയും പുരുഷനും, ഇരുട്ടും വെളിച്ചവും -ഇവയൊക്കെ വായനക്കാരെ സമാക്രമിക്കണം. ആ അനുഭൂതിയുണ്ടാകണമെങ്കിൽ കഥാകൃത്തിന് അമാനുഷമായ പ്രതിഭയുണ്ടായിരിക്കണമെന്നു മുമ്പു പ്രസ്താവിച്ചല്ലോ. സെലീനാമ്മയ്ക്കാകട്ടെ, ആ അനുഗ്രഹം തീണ്ടിയിട്ടില്ലപ്പോലും! ഒരു കാര്യം തീർച്ചയാണ്; പുൽക്കൊടിത്തുമ്പിൽ തങ്ങിനിൽക്കുന്ന മഞ്ഞിൻതുള്ളിയിലേ പ്രപഞ്ചം പ്രതിഫലിച്ചു കാണുകയുള്ളൂ. തൊട്ടടുത്തു കിടക്കുന്ന ചരൽക്കല്ലിൽ അതുണ്ടാകുകയില്ല. അതിനാൽ, പ്രതിഭയെന്നത് എല്ലാവരിലും കാണുകയില്ലെന്നു സമാധാനിക്കുകയേ തരമുള്ളൂ.

1972-ലെ സാഹിത്യത്തിനുള്ള നോബൽ സമ്മാനം നേടിയ ഹൈൻറിച്ച് ബോൾ എഴുതിയ

ഒരുകഥ അത്യന്തം ഹൃദയകാരിയായി തോന്നുന്നു. അനിതരസാധാരണമായ പ്രതിഭയും കല്പനാമാധുരിയും അദ്ദേഹത്തിൽ ഒന്നുപോലെ വിളങ്ങിനിന്നുവെന്ന് വിളിച്ചോതുന്നതുപോലെ തോന്നി ആ കഥ. കഥയുടെ സംഗ്രഹം നൽകിയാൽ കലാരാമണീയകത്തെക്കുറിച്ച് ഒരു ബോധമുളവാക്കുകയില്ലെന്നു മനസ്സിലാക്കിക്കൊണ്ടുതന്നെ അതിനു മുതിരട്ടെ. 'Between Trains in x' എന്ന ഈ കഥ അദ്ദേഹത്തിന്റെ 'Children are Civilians Too' എന്ന ഗ്രന്ഥത്തിലാണ് അടക്കം ചെയ്യപ്പെട്ടിരിക്കുന്നത്.

അയാളുണർന്നപ്പോൾ തികഞ്ഞ വ്യാസംഗബോധം. ലക്ഷ്യമില്ലാത്ത പ്രവാഹത്താൽ വഹിക്കപ്പെട്ട് ഇരുട്ടിൽ ഒഴുകി നടക്കുന്നതുപോലെയുള്ള തോന്നൽ. ദയാശൂന്യമായ കരയിലേക്കു തിരമാല അടിച്ചുകയറ്റുന്ന ശവംപോലെയായിരുന്നു അയാൾ. അടുത്തുതന്നെ അവൾ ഉറങ്ങിക്കിടക്കുന്നു. അവളുടെ മുഖമോ മൃദുലമായ തലമുടിയോ തൊട്ടുനോക്കുന്നതിൽ അർത്ഥവുമില്ല.

അയാൾ അവിടെ വന്നത് എങ്ങനെ? മറ്റൊരു തീവണ്ടിയിൽ മാറിക്കയറാൻവേണ്ടി ആ തീവണ്ടിയാഫീസിലിറങ്ങിയതാണ്. അയാൾക്കു പോകേണ്ടിയിരുന്ന ട്രെയിൻ കടന്നുപോയി. ഇനി അടുത്ത ദിവസമേ പോകാൻ പറ്റൂ. ഇരുട്ടു വേഗം വരുകയാണ്. ഒരു മരത്തിനു താഴെ ഒരു മുഖം; വിഷാദം നിറഞ്ഞ കണ്ണുകൾ. 'വരൂ' അയാൾ മുഖത്തിനെ വിളിച്ചു. അവളുടെ മുറിയിൽ അവർ രണ്ടുപേരും പ്രവേശിച്ചു. 'വിളക്കു കത്തിക്കരുതേ,' അയാൾ പറഞ്ഞു. അവർ രണ്ടുപേരും രാത്രി ആ മുറിയിൽ കഴിച്ചുകൂട്ടി. അയാൾ വിചാരിക്കുകയാണ്:- ''എഴുപതു വർഷം കഴിഞ്ഞാൽ ഈ മുറിയിൽ ആരായിരിക്കുക? എന്നെയും ഇവളെയും കുറിച്ച് ആ മനുഷ്യന് എന്തറിവായിരിക്കും കിട്ടുക? ഒന്നുമില്ല. ഈ കാലഘട്ടത്തിൽ യുദ്ധം ഉണ്ടായിരുന്നു എന്നുമാത്രം അയാൾക്കറിയാമായിരിക്കാം'' ''ഇന്നേക്ക് എഴുപതുകൊല്ലംമുമ്പ് ഇവിടെ ആരുതാമസിച്ചിരുന്നു? ഒരു പക്ഷേ ധാന്യമോ, ഉള്ളിയോ ഇവിടെ കൃഷി ചെയ്തിരിക്കാം.'' അവൾ പറഞ്ഞു:- ''എഴുപതു കൊല്ലം മുമ്പ് എന്റെ മുത്തച്ഛനാണ് ഈ വീടു കെട്ടിയത്. അന്നായിരിക്കണം തീവണ്ടി ഇവിടെ ആദ്യമായി ഓടിയത്. വർഷങ്ങൾക്കുമുമ്പ് 1914-ൽ മുത്തച്ഛൻ റഷ്യയിൽവച്ചു കൊല്ലപ്പെട്ടു. പിന്നെ എന്റെ അച്ഛൻ ഈ യുദ്ധകാലത്ത് അദ്ദേഹവും മരിച്ചു.'' ''എഴുപതു കൊല്ലം കഴിഞ്ഞാൽ നീയും ഞാനും ഇവിടെ ഉണ്ടായിരുന്നുവെന്ന് ഒരാത്മാവും അറിയുകയില്ല'' -അയാൾ പറഞ്ഞു. എന്നിട്ട് അയാൾ അവളുടെ കൊച്ചുകൈ തന്റെ കരം കൊണ്ടു ഗ്രഹിച്ചു. എത്ര മൃദുലമായ കൈ!

നേരം വെളുത്തു! അവർ പോകാനെഴുന്നേറ്റു. റെയിൽപ്പാളങ്ങൾക്കടുത്ത് ചരലും കല്ലും വാരിയിടുന്ന ജോലിയാണ് അവൾക്ക്. തീവണ്ടികൾക്ക് ഒരാപത്തും വരരുതല്ലോ. അയാൾ ആദ്യമായി അവളുടെ മുഖത്തു നോക്കി. നിഷ്കളങ്കമായ മുഖം. വട്ടക്കണ്ണുകൾ! അവയിൽ പേടി പേടിയാണ്! ആഹ്ലാദം ആഹ്ലാദവും! ശാന്തമായ അഗ്നിനാളംപോലെ മനോഹരമായ തലമുടിയുണ്ട് അവൾക്ക്. അവർ നിശ്ശബ്ദരായി തീവണ്ടിയാപ്പീസിലേയ്ക്കു നടന്നു. എല്ലാ പാതകളും തീവണ്ടിയാഫീസുകളിലേക്കാണ്. അവിടെനിന്ന് നിങ്ങൾ യുദ്ധത്തിനു പോകുന്നു. അവർ ചുംബിച്ചതിനുശേഷം പിരിഞ്ഞു. പൂർണ്ണമായ പ്രകാശത്തിൽ പശ്ചാത്താപ രഹിതമായി കിടക്കുന്ന നടപ്പാതയുടെ അങ്ങേയറ്റമുള്ള വൃക്ഷത്തിന്റെ മറവിൽ അവൾ അപ്രത്യക്ഷയാകുന്നതുവരെ അയാൾ കാത്തുനിന്നു. ഇനിയൊരിക്കലും അവർ തമ്മിൽ കാണുകയില്ല! അയാൾക്ക് അടുത്ത ട്രെയിനിൽ കയറേണ്ടിയിരിക്കുന്നു! അങ്ങനെ യുദ്ധത്തിനു പോകണം കൈയിലൊന്നുമില്ല. രണ്ടു കൈയും പോക്കറ്റിലിട്ട് എരിഞ്ഞു തീരാറായ അവസാനത്തെ സിഗററ്റു ചുണ്ടുകൾക്കിടയിൽ വച്ച് അയാൾ നടന്നു....

മിഴിനീരൊഴുക്കാതെ ഈ കഥ വായിച്ചു തീർക്കാൻ നമുക്കു കഴിയുകയില്ല. അത്രക്ക് ആർദ്രീകരണശക്തിയുണ്ട് ഇതിന്. എന്തൊരു കലാവൈഭവം! എന്നാൽ ആ പ്രാഗത്ഭ്യമുണ്ടെന്നു നമുക്കു തോന്നുകയില്ല. യുദ്ധത്തോടുള്ള വെറുപ്പ് എന്ന പ്രധാനമായ വികാരത്തെ മുൻനിറുത്തി അനുക്രമം വികസിപ്പിച്ചുകൊണ്ടുവരാൻ കഥാകാരനറിയാം. അങ്ങനെയാണ് ഈ കഥ വിജയം പ്രാപിച്ചത്. ഈ സാരസ്വത രഹസ്യം മനസ്സിലാക്കിയാൽ നമ്മുടെ 'കോളേജ് മാഗസിനിൽ' വരുന്നതുപോലെയുള്ള കലാശൂന്യമായ കഥകൾ ആർക്കും എഴുതേണ്ടതായി വരില്ല.

യഥാർത്ഥ കലാകാരൻ നാടിന്റെ അമൂല്യസമ്പത്താകുന്നു. അയാൾ ജനപുരോഗതിക്കായി

(ശേഷം 17-ാം പേജിൽ)



# നാട്ടിലേയ്ക്കുള്ള വണ്ടി

അയാൾ ബസ്സിറങ്ങി. തന്റെ മുഷിഞ്ഞ വേഷവും ചപ്രച്ച തലമുടിയും കണ്ട് വല്ലവരും തന്നെ ഭ്രാന്തനെന്നു കരുതുമോയെന്ന് അയാൾ ശങ്കിച്ചു. കരുതുന്നവർ കരുതട്ടെയെന്നു മനസ്സിൽ ഓർത്തുകൊണ്ട് അയാൾ ചുറ്റുപാടും നോക്കി. അറിയുന്നവർ ആരെങ്കിലുമുണ്ടോ?

അല്ലെങ്കിൽ തന്നെ ഇത്രയും കാലത്തിനു ശേഷം ഇവിടെ തന്നെ ആരറിയാൻ.

താൻ ഈ പട്ടണത്തിലാണ് കോളേജിൽ പഠിച്ചത്. വർഷങ്ങൾക്കു മുമ്പ്. അയാൾ മുമ്പോട്ടു നടന്നു. ഇവിടത്തെ ആൾത്തിരക്കേറിയ റോഡുകളിൽക്കൂടി എത്രമാത്രം നടന്നിട്ടുള്ളതാണ്. പാർക്കിൽ സബിതയോടൊത്ത് എത്ര മണിക്കൂറുകൾ ചിലവഴിച്ചിരിക്കുന്നു.

സബിതയെപ്പറ്റിയോർത്തപ്പോൾ അയാളുടെ മനസ്സ് അറിയാതെ വേദനിച്ചു. അവളും തന്നെ ആത്മാർത്ഥമായി സ്നേഹിച്ചിരുന്നു. താനും. അതവിടംകൊണ്ടവസാനിക്കുകയും ചെയ്തു.

അവസാനിച്ചോ?

അയാൾ ഒരു വിശകലനത്തിനു തയ്യാറാകാത്തവനെപ്പോലെ മടിച്ചുനിന്നു.

അല്ലെങ്കിലും താൻ വന്നത് അവളെക്കുറിച്ചറിയുന്നതിനല്ലല്ലോ. തനിക്കു കിട്ടിയ ഡിഗ്രിക്ലാസ് ഒരിക്കൽക്കൂടി പരീക്ഷിക്കുവാൻ. തനിക്ക് ഒന്നുംനല്കാൻ കഴിയാത്ത തന്റെ ഡിഗ്രി.

അയാൾ ഇന്റർവ്യൂവിനു നിശ്ചയിച്ചിട്ടുള്ള സ്ഥലത്തേയ്ക്കു നടന്നു. ഡിഗ്രിയും മറ്റു സർട്ടിഫിക്കറ്റുകളും അയാൾ കക്ഷത്തിൽ ഇടുക്കിപ്പിടിച്ചു. തന്റെ നേട്ടങ്ങളുടെ ആകെത്തുക. തന്റെ സ്വഭാവംപോലും അതിലാണ്.

ധാരാളം ചെറുപ്പക്കാർ അവിടെ എത്തിയിരിക്കുന്നു. തന്നെപ്പോലെയുള്ളവർ. ഒരു ജോലിക്കു വേണ്ടി അലയുന്നവർ. പാവങ്ങൾ!

തന്റെ ഊഴവും കാത്ത് ക്ഷമയോടെ അയാൾ ഇരുന്നു. ഓരോരുത്തരായി പോയിവരികയാണ്. ഒരു ചെറിയ ജോലി. എങ്കിലും എത്ര പേരാണ്. അവസാനം പ്യൂൺ അയാളുടെ പേർ വിളിച്ചു. ശങ്കിച്ചു നില്ക്കാതെ അയാൾ പ്യൂ




## ടോമി ജോസ് സി.

II B. Com.


ണിന്റെ പിറകെ നടന്നു. ഒരു ഹാഫ്ഡോർ തുറന്ന് അകത്തു കയറി.

അയാൾ ഞെട്ടിപ്പോയി........ ആ സ്ത്രീയുടെ മുഖത്തേയ്ക്ക് ഒരു നിമിഷം അയാൾ തുറിച്ചുനോക്കിനിന്നു....

പെട്ടെന്നയാൾക്ക മനസ്സിലായി അവൾ തന്നെ മനസ്സിലാക്കിയിട്ടില്ല. തിരിച്ചിറങ്ങി പോന്നാലോ, അയാൾ ആലോചിച്ചു. എങ്കിലും മുമ്പോട്ട നടന്നു. ആ സ്ത്രീക്കെതിരെയുള്ള കസേരയിൽ ഇരുന്നു.

സംശയനിവാരണം വരുത്തുവാനെന്നവണ്ണം അയാൾ അവളെ ശ്രദ്ധിച്ചുകൊണ്ടിരുന്നു. അയാൾ മെല്ലെ തന്റെ കയ്യിലുണ്ടായിരുന്ന സർട്ടിഫിക്കറ്റുകൾ മുമ്പോട്ട വച്ചു.

അവർ സർട്ടിഫിക്കറ്റുകൾ ഓരോന്നായി പരിശോധിക്കുവാൻ തുടങ്ങി. അവർ ഞെട്ടുന്നത് അയാൾ കണ്ടു. എങ്കിലും ഒന്നുമറിയാത്തവനെപ്പോലെ അയാൾ ഇരുന്നു.

ഇവിടെനിന്നും എങ്ങനെയെങ്കിലും രക്ഷപെടണം. അവൾ തന്നെ സൂക്ഷിച്ചു നോക്കുകയാണ്. എന്തോ അത്ഭുതഭാവത്തിൽ.

അവൾ തന്നെ മനസ്സിലാക്കിക്കഴിഞ്ഞു.

അവൾ അത്ഭുതത്തോടെ പറഞ്ഞു, ''രവീന്ദ്രനാഥൻ നായർ!''

അയാൾ പൊന്തിവന്ന വിക്കലമർത്തി പറഞ്ഞു, ''യെസ്, ഐ ആം,''

പിന്നീടവൾ വിളിച്ചു, ''രവീന്ദ്രാ''

അയാൾ എല്ലാം മറന്ന് പെട്ടെന്നു വിളിച്ചു, ''സബിതേ''

പിന്നീടെന്തോ കുറ്റം ചെയ്തതുപോലെ അയാൾ വെപ്രാളത്തോടെ ഇരുന്നു. ഒരു നിമിഷം കഴിഞ്ഞ് അവൾ പറഞ്ഞു, ''രവീന്ദ്രനെത്തന്നെ അപ്പോയിന്റു ചെയ്തിരിക്കുന്നു.''

പിന്നീടവൾ ഒരു കടലാസ് കഷണം കൊടുത്തുകൊണ്ടു പറഞ്ഞു, ''ഇതാണെന്റെ അഡ്രസ്സ്, ഇന്നെന്നെ വന്നു കാണണം''

പുറത്തിറങ്ങിനിന്ന് അയാൾ അഡ്രസ്സു വായിച്ചു–''മിസ്സിസ് സബിതാ രാഘവൻ''

ബാക്കിഭാഗം വായിക്കാൻ അയാൾ തുനിഞ്ഞില്ല.

നാട്ടിലേയ്ക്കുള്ള വണ്ടിയിലിരിക്കുമ്പോൾ അയാൾ ഓർത്തു, ''സബിതേ, നീയെന്നെ അറിയാത്തതായിരുന്നു.''

★

(15-ാം പേജ് തുടർച്ച)

### കലയും ചെറുകഥാസാഹിത്യവും

പരിശ്രമിക്കണം. കലാവ്യവസായി ആകാതെ യഥാർത്ഥ കലാപ്രേമിതന്നെയായിരിക്കണം അയാൾ. മറ്റുള്ളവരുടെ ഹിതപ്രകാരം സ്വാഭിപ്രായങ്ങളെ ബലികഴിക്കാൻ അയാൾ ഒരുമ്പെടരുത്. തന്റെ കഥാപാത്രങ്ങളുമായി, യഥാർത്ഥത്തിൽനിന്നും സാങ്കല്പിക ലോകത്തിലേക്ക പറന്നുയരാനുള്ള വ്യഗ്രതയോടൊപ്പം തന്നെ അപൂർണ്ണമായവക്ക തന്റെ ഭാവനാമുകുളങ്ങളാംവഴി നവദലങ്ങളും കുസുമങ്ങളും പ്രദാനം ചെയ്യാനും അയാൾക്ക് കഴിയണം.

—0—

ലേഖനം

# ഡോസ്റ്റോയേവ്സ്കിയുടെ കുററവും ശിക്ഷയും— ഒരാസ്വാദനം



**ലൂയീസ് പാലേട്ട്**
III B. A. Econon.

"ഒരു പ്രവാചകനും സ്വന്തം ദേശത്ത് ബഹുമാനിക്കപ്പെടുന്നില്ല, മറിച്ച് പീഡിപ്പിക്കപ്പെടുന്നു. ഇവർ പീഡനങ്ങളിൽനിന്നും തീയിൽ സ്വർണ്ണം എന്നതുപോലെ തങ്ങളുടെ കഴിവുകളെ കൂടുതൽ കൂടുതൽ ശോഭയുള്ളതാക്കുന്നു. ഡോസ്റ്റോയെവസ്കി ഇതിനൊരപവാദമല്ല. സ്വന്തം വിശപ്പടക്കാൻ വേണ്ടി, അന്യരുടെ പടിവാതിൽ കയറി ഇറങ്ങിയ, അദ്ദേഹം ഇന്ന് വിശ്വ സാഹിത്യകാരന്മാരുടെ ശ്രേണിയിൽ സ്ഥാനം പിടിച്ചിരിക്കുന്നു, എങ്കിലും സ്വന്തം നാട്ടിൽനിന്ന് ആട്ടിയോടിക്കപ്പെട്ടു, ഭരണാധിപന്മാർക്ക് സ്തുതി ഗീതം പാടാതിരുന്നിട്ട്—പക്ഷെ തന്നെ ആട്ടിയോടിച്ചവരെയും തന്റെ ആരാധകരാക്കി മാററിയ, ഡോസ്റ്റോയേവസ്കിയുടെ പരമോന്നത കൃതിയായ "കുററവും ശിക്ഷയി'ലേയ്ക്ക്" ഒരെത്തിനോട്ടം നടത്തുകയാണിവിടെ.

ഡോസ്റ്റോയേവസ്കിയുടെ ജീവിതത്തുടിപ്പുകളെ ഒപ്പിയെടുത്ത കൃതിയാണ് 'കുററവും ശിക്ഷയും' യഥാർത്ഥത്തിൽ അദ്ദേഹത്തെ അനശ്വരനാക്കിയത് 'കുററവും ശിക്ഷയും' എന്ന പ്രസിദ്ധമായ നോവലാണ്. ഈ കൃതി എഴുതിത്തുടങ്ങിയ കാലത്ത് അദ്ദേഹത്തിന്റെ സാമ്പത്തികനില വളരെ ശോചനീയമായിരുന്നു. ഋണഭാരത്തിന്റെ ചുമട് താങ്ങിയായിരുന്ന ഡോസ്റ്റോയേവസ്കിക്ക് വിശപ്പിനെ ഭയന്ന് സായാഹ്ന സവാരിപോലും ഉപേക്ഷിക്കേണ്ടി വന്നു.

1866 ൽ രചിക്കപ്പെട്ട 'കുററവും ശിക്ഷയും' മനുഷ്യമനസ്സിന്റെ ഇതിഹാസമാണ്. മനുഷ്യനോളം തന്നെ പഴക്കമുള്ള പ്രശ്നങ്ങളാണ്, കുററവും ശിക്ഷയും, പാപവും പ്രായശ്ചിത്തവും. കുററം ചെയ്യുന്നവൻ ശിക്ഷയ്ക്കർഹനാണെന്നും പാപം ചെയ്യുന്നവൻ പ്രായശ്ചിത്തം ചെയ്യാൻകൂടി സന്നദ്ധനാവേണ്ടതുണ്ടെന്നും നാം സഹസ്രാബ്ദങ്ങളായി വിശ്വസിച്ചു പോരുന്നു. കുററം പരസ്യമായ ഒന്നാണ്, ശിക്ഷ നല്കുവാനാകട്ടെ കോടതികളുമുണ്ട്. പാപം മിക്കപ്പോഴും പരസ്യമാവുക വയ്യ. മനസ്സിലാണ് അതിന്റെ ജനനവും വളർച്ചയുമെല്ലാം. പാപത്തിനുള്ള പ്രായശ്ചിത്തം തൻനിമിത്തം ആത്മപീഡയുടെ പരിവേഷമണിഞ്ഞതായിത്തീരുന്നു. ഡോസ്റ്റോയേവസ്കിയുടെ നോവലുകളും 'കുററബോധമുള്ള മനഃസാക്ഷി ഭൂമിയിലെ നരകമാണെന്ന്' പ്രഖ്യാപിക്കുന്നു.

"കുററവും ശിക്ഷയും" പ്രഥമദൃഷ്ട്യാ ഒരു കുററാന്വേഷണ കഥയാണ്. പക്ഷേ, പ്രകടമായ ഈ രൂപത്തിനു പുറകിൽ അതുല്യ പ്രഭാവനായ ഒരു കലാകാരനുമാത്രം സൃഷ്ടിക്കാൻ കഴിയുന്ന ഒരു വികാര പ്രപഞ്ചം ഒളിഞ്ഞു കിടപ്പുണ്ട്. കഠിനമായ വ്യഥയിലൂടെ ധാർമ്മികോന്മാദം നേടുന്ന ഒരാത്മാവിന്റെ തേങ്ങലുകളും വിങ്ങലുകളുമാണ്, ആ പ്രപഞ്ചമാകെ. ദാർശനികനായ ഒരു കലാകാരന്റെ അനുകരണീയമായ കരവിരുതാണ് അത്ഭുതാദരങ്ങളോടെ നാം ഇവിടെ ദർശിക്കുന്നത്.

(ശേഷം 20-ാം പേജിൽ)



# ഇതു യജ്ഞം

**-ജോർജ് നടവയൽ**

[സൈക്കിളിന്റെ വർണ്ണപ്പൊലിമ നിറഞ്ഞ ചിന്തകൾ, തകർത്ത കൂട്ടുകാരന്റെ ജീവിതം നാം പത്രങ്ങളിൽ വായിച്ചതോർക്കുന്നുണ്ടല്ലോ]

തരുമോ പോലീസുകാരാ
എനിക്കൊരു സൈക്കിൾ
—ചക്രായുധം?

കരയേണ്ടമ്മേ,
കിട്ടട്ടെ സൈക്കിൾ
ഞാൻ തേടിപ്പിടിക്കാം
നിന്നരുമമകനെ,
എന്നാറ്റ സുഹൃത്തിനെ.
സിനിമകൾ കണ്ട്,
കഥകൾ പറഞ്ഞ്,
ഒരു കുഴിയിലൊടുങ്ങാനുറച്ച്,
ബന്ധിതരായൊരെൻ
സുഹൃത്തിൻ ദേഹം
കണ്ടുപിടിക്കും ഞാൻ.

തരുമോ പോലീസുകാരാ
എനിക്കൊരു സൈക്കിൾ
—ചക്രായുധം?

കയിൽ പാട്ടിൻ താളത്തിൽ
മയിലാട്ടമാടി, ജനസമുദ്രത്തെ
പുളകച്ചാർത്തണിയിച്ച്
പണമാലകൾ നേടിമറഞ്ഞ
സൈക്കിൾ യജ്ഞക്കാരന
കൊടുത്തുപോയി ഞാനെൻ മനം.
അതിനാൽ,

തരുമോ പോലീസുകാരാ
ചക്രായുധം?

എങ്കിൽ പറയാം,
* 'യുദ്ധകാണ്ഡം' തീർത്തതാണീദുരന്തം!

ഞാനല്ല കൊന്നതച്ഛനെ.
വളകളാണാവളകളാണാ..
വിജിഗീഷുവിൻ
ജീവൻ തിന്നത്.
ഓർക്കുന്നുണ്ടവൻ—
ചൊന്നതിന്നും,
"തരുമോ നീയെൻ കൂട്ടുകാരാ
നിൻ വളകളിലൊന്നെനിക്കു"?

---

* യുദ്ധകാണ്ഡം സിനിമ കണ്ട് ആ സുഹൃത്തുക്കൾ മടങ്ങുമ്പോഴായിരുന്നു 'യജ്ഞം' ആരംഭിച്ചത്

വാങ്ങാം സൈക്കിളും ചുററാം,
നുകരി നാട്ടും നഗരിയും''
തന്നില്ലവൻ
പിന്നെ ചൊന്നതോ:
''വയ്യെൻ സുഹൃത്തേ–
യിതെന്നമ്മതൻ കൈകളെ
ചുംബിച്ചുണർത്തും
തരിവളകളല്ലോ!''
അന്നേരമാവേവും
രാവിൻ നിലാവിൽ,
ചക്രായുധത്തിൻ ചിത്രം
നാഗമായിഴഞ്ഞല്ലോ!
ചുട്ടകാററുറഞ്ഞു,
കരിനാഗമാടി,
ഹിരോഷിമ പൊട്ടി,
യുദ്ധകാണ്ഡങ്ങൾ
തലയ്ക്കകം നിറഞ്ഞു.
പട്ടിക്കടിക്കാൻ കരുതിയ
പാര, വെട്ടിമലർത്തി–
യെന്നെ 'തിരാളിയെ', –

—എന്നാരാ ജീവനെ!!
—ജീവന്റെ ജീവനെ!!!

പിന്നെ,
പുഴയിലെ തെളിനീരിൽ
ഞാനമർത്തി,
ആ വിശ്വഗീഷുവിൻ
ജീവിത ബുദ്ബുദങ്ങൾ,
അന്ത്യക്കുമിളകൾ.
–കണ്ടു ഞാനതിലെൻ
ചക്രായുധം.

അയ്യോ പോലീസുകാരാ,
—തല്ലല്ലവതെന്തേ വിലങ്ങിൽ
എവിടെ സൈക്കിൾ
—തരാം ഞാൻ വള നാഗങ്ങളെ.
എങ്കിലും,
വിങ്ങും കാറേ,
പൊലിയും സൂര്യാ,
വേദനിക്കും ചേതനേ,
വിട–ഇതുയജ്ഞം....!!

---

(18-ാം പേജ് തുടർച്ച)

## ഡോസ്റ്റോയേവ്സ്കിയുടെ... ... ... ...

ജ്ഞാനചിത്തനും ഒററപ്പെട്ട ബുദ്ധിജീവിയുമാണ്, വിദ്യാർത്ഥിയായ റസ്ക്കോൾ നിക്കോവ്. ഏകാന്തപഥികനാണിയാൾ. പണം പലിശയ്ക്കു കൊടുക്കുന്ന പണക്കൊതി മൂത്ത, ഒരു വൃദ്ധയെ ഇയാൾ കൊല്ലുന്നു. വൃദ്ധയുടെ പണം കൊണ്ട് അയാൾക്ക് പഠിക്കുകയും ബാക്കിപണം സമുദായത്തിന്റെ നന്മയ്ക്കായി ചിലവഴിക്കുകയും ചെയ്യണം. അതാണ് കൊലയുടെ ഉദ്ദേശം. വളരെ കരുതിക്കൂട്ടി നടത്തിയതാണ് വൃദ്ധയുടെ വധം. പക്ഷേ, ആ സമയത്ത് അവിടെ എത്തിയ വൃദ്ധയുടെ സഹോദരിയെക്കൂടി അയാൾക്ക് കൊല്ലേണ്ടിവന്നു. എന്നാൽ 'കൊലപാതകി'യായി മറെറാരാൾ പിടിക്കപ്പെടുന്നു. ചെറുപ്രായത്തിൽ തന്നെ വേശ്യാവൃത്തി സ്വീകരിച്ച തന്റെ കുടുംബത്തെ പോററുന്ന സോണിയ, റസ്ക്കോൾ നിക്കോവിനു പുതിയ വെളിച്ചം കാണിച്ചുകൊടുക്കുന്നു. അവളോട് തന്റെ കുററം അയാൾ ആദ്യമായി ഏററുപറയുന്നു. അങ്ങനെ സോണിയയുടെ ഉപദേശപ്രകാരം അയാൾ പോലീസിൽ കുററം ഏററുപറയുന്നു. ഇപ്രകാരം പാപിയായ റസ്ക്കോൾ നിക്കോവിന് പാപമോചനത്തിന്റെ പാത, പതിതയായ സോണിയ ചൂണ്ടിക്കാണിച്ചുകൊടുക്കുന്നു.

ഒൻപതു ദിവസങ്ങളിലാണ് 'കുററവും ശിക്ഷയും' വിലെ മുഴുവൻ കഥയും നടക്കുന്നത്. ആദ്യത്തെ രണ്ടു ദിവസങ്ങളിൽ കൊലയ്ക്കുള്ള തയ്യാറെടുപ്പു നടക്കുന്നു. മൂന്നാം ദിവസമാണ് കൊല. പിന്നെയുള്ള ആറു ദിവസങ്ങൾ റസ്ക്കോൾ നിക്കോവിന്റെ അന്തസ്സംഘർഷങ്ങളുടെ ദിനങ്ങളാണ്. ഒൻപതു ദിവസങ്ങളിൽ നടക്കുന്ന സംഭവങ്ങളുടെ ചിത്രീകരണത്തിലൂടെ മനുഷ്യമനസ്സിന്റെ അത്യഗാധതകളെ അനാവരണം ചെയ്തു കാണിക്കുകയാണ് നോവലിസ്റ്റ്. കൊലയും മോഷണവും കാമവും പ്രേമവും ഒക്കെക്കൂടി വിഭ്രമജനകവും ഉദ്വേഗപൂർണ്ണവും രസകരവുമായ ഈ നോവലിന്റെ മുഖ്യധാര നിത്യനൂതനമായ ധാർമ്മിക ചൈതന്യമാണ്.



The Principal recieves cash award from Governer Smt. Jyothi Venkitachelam for the N. S. S.



Prof. K. M. Tharakan in the Sahitya Shilpashala



Johny Joseph Parampil
Sr. U/o of the N. C. C.
Arts champion of the college



U/o Jain M. Joseph



U/o Narayanan K. N.



U/o John P. A.

The Dear Departed



Miss CELINAMMA JOSEPH

Ist P. D. C. No. 379,

who died in a bus accident on 19-4-1978

ചെറുകഥ

# യജമാനൻ

ടോമി ജേക്കബ്
I P. D. C.

എന്റെ ഉദ്യാനത്തിലൂടെ ഞാൻ അതിവേഗം നടന്നു. എനിക്കിഷ്ടപ്പെട്ട ചെടി ലതാദികൾ. ഞാനെന്നേക്കാൾ സ്നേഹിക്കുന്ന ചെടികൾ. അവയെ തഴുകാൻ എന്റെ കരങ്ങൾ വെമ്പി.

സൂര്യകാന്തി–

അതിന്റെ ചുവട്ടിൽ ഞാൻ കുറച്ചുസമയം നിന്നു. എന്റെ തലയ്ക്കുമുകളിൽ കുടപോലെ വിരിഞ്ഞുനില്ക്കുന്ന വലിയ പുഷ്പം. ഞാൻ എന്റെ കയ്യെത്തിച്ചു. എന്നിട്ടും എത്തിയില്ല. ഞാൻ അവിടം തരണം ചെയ്തു.

മുല്ല–

മുല്ലയുടെ ചോട്ടിലും കുറെ നേരം നിന്നു. അതിന്റെ തടം മുഴുവൻ പുഷ്പാലംകൃതം. ഒരു പുഷ്പതല്പംതന്നെ. ഞാനാ പൂമെത്തയിൽ കിടന്നു. നീണ്ടുനിവർന്നുതന്നെ.... സുഗന്ധവാഹിയായ മന്ദപവനൻ എന്റെ നാസികകളിലടിച്ചുകയറി. അതെന്റെ മനസ്സിനെ ഉന്മത്തമാക്കി. ഉദാത്തമായ ഏതോ മേഖലകളിലേയ്ക്കുനയിച്ചു. ഈ കാററിലൂടെ ജീവന്റെ കണികകളെന്നിലലിഞ്ഞുചേർന്നു. ഞാൻ പുനർജ്ജനിച്ചു.

ഞാൻ പൂന്തോട്ടത്തിൽ ചെടികളെ മാത്രമല്ല വളർത്തിയിരുന്നതു്. പക്ഷികളെയും വളർത്തിയിരുന്നു. ഒരു പക്ഷിയെന്റെ മൂക്കിൻതുമ്പിൽ വന്നിരുന്നു് എന്നെ വിളിച്ചു.

–പ്രഭോ!

ഞാൻ ഞെട്ടിയുണർന്നു. എന്റെ തലയ്ക്കു മത്തു പിടിച്ചിരുന്നു.

–അങ്ങെന്തിനാണീ മുള്ളിൽകിടക്കുന്നതു്?

–ഇതു വെറും മുള്ളല്ലല്ലോ, പൂമെത്തയല്ലേ?

ആ വിഹഗമെന്നെ പരിഹസിച്ചു് കളകൂജനങ്ങൾ പുറപ്പെടുവിച്ചുകൊണ്ടു് കടന്നുകളഞ്ഞു.

ഞാൻ എഴുന്നേററു. കനം തൂങ്ങിയ മനസ്സുമായി് ഞാനെന്റെ റോസിന്റെ ചുവട്ടിൽ വന്നിരുന്നു. സുന്ദരമായ, ഇളം റോസ് നിറത്തിലുള്ള പൂക്കൾ. എന്റെ കവിളിലവയുടെ ദളങ്ങളുരസി. കാററിലാടിയിൽ തട്ടിയപ്പോൾ അവയ്ക്കു വേദനിച്ചുവോ?

–പ്രിയപ്പെട്ട പൂവേ എനിക്കു മാപ്പു്....!

മുള്ളുകൾക്കിടയിലെ ആ പുഷ്പം എത്ര ഭംഗിയുള്ളതാണു്. ഞാനെന്റെ ഉദ്യാനത്തെക്കുറിച്ചു് അഭിമാനിച്ചു. ഈ റോസിനു മുള്ളുകൾകൂടിയില്ലായിരുന്നെങ്കിലോ? സ്വർണ്ണത്തിനു സുഗന്ധമെന്നപോലെ.... എങ്കിലും ഈ അപ്രാപ്യത അതിന്റെ സൗന്ദര്യത്തിനു മാററു കൂട്ടുന്നു.

അപ്രാപ്യതയുടെ ഉന്നതത....!

എങ്കിലും ആ മുള്ളുകൾ തടസ്സമാണല്ലോ?

–പാലകാ....

ഞാൻ ഉദ്യാന പാലകനെ വിളിച്ചു.

–പ്രഭോ!

–റോസിന്റെ മുള്ളുകളുടെ സ്ഥാനത്തു് അവയുടെ ചെറുപുഷ്പങ്ങൾ പ്രതിഷ്ഠിക്കൂ !

പാലകൻ എന്നെ വണങ്ങി തിരിച്ചുപോയി. ഞാൻ വീണ്ടും നടന്നു.

ഒരു തത്തയെന്റെ തോളിൽ വന്നിരുന്നു. നെന്മണികളെന്നു കണക്കെ എന്റെ കണ്ണുകളെ കൊത്തി വലിക്കാൻ തുടങ്ങി. എനിക്കു് ഇക്കിളിയായി.

–തത്തേ

–പ്രഭോ!

–നീയെന്റെ കണ്ഠതലത്തിലെ പിടിവിടൂ. എനിക്കിക്കിളിയാവുന്നു.

ഞാൻ വല്ലാതെ പുളഞ്ഞു. ശരീരത്തിലെ പാദ്യതം സെല്ലുകളിൽ ജീവന്റെ സ്പന്ദനം തുടിച്ചുനിന്നു. പാദ്യതം രോമാഞ്ചമണിയുന്നു. ഞാൻ വീണ്ടും തത്തയോടപേക്ഷിച്ചു:

–എന്റെ പ്രിയപ്പെട്ട തത്തേ, വിടൂ......

തത്തയെന്റെ കണ്ഠതലത്തിൽനിന്നു വിട്ടിട്ടു് എന്നോടു ചോദിച്ചു.

(ശേഷം 23-ാം പേജിൽ)

# ശാസ്ത്രകൗതുകം

ശാസ്ത്രയുഗത്തിലാണ് നാം ഇന്നു ജീവിക്കുന്നത്. ശാസ്ത്രം ദിനംപ്രതി വളർന്നുകൊണ്ടിരിക്കുകയാണ്. ആ വളർച്ചയ്ക്ക് ഇന്നുവരെ മാന്ദ്യം സംഭവിച്ചിട്ടില്ല. ശാസ്ത്രത്തിന്റെ നേട്ടങ്ങൾ മനുഷ്യന് ഉപകാരവും ഉപദ്രവവും തന്നെ. എന്നാൽ കൂടുതലായും ഉപകാരമാണ് എന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ശാസ്ത്ര നേട്ടങ്ങളെപ്പററി എത്രതന്നെ പറഞ്ഞാലും മതിവരികയില്ല. ശാസ്ത്രത്തിന്റെ പോക്ക് എങ്ങോട്ടാണെന്ന് ആർക്കുംതന്നെ അറിഞ്ഞുകൂടാ. അതു ചെന്നുചേരാത്ത ഇടം ഇല്ലെന്നുതന്നെ പറയാം. ശാസ്ത്രത്തിന്റെ ചില ചെറിയതും എന്നാൽ രസാവഹങ്ങളുമായ കണ്ടുപിടുത്തങ്ങളെപ്പററി ഇവിടെ വിവരിക്കാം.

## ചാണകത്തിൽനിന്ന് ഇഷ്ടിക

ചാണകത്തിൽ നിന്ന് ഇഷ്ടികയോ? ഛേ! അസംബന്ധം പറയാതിരിക്കൂ, എന്നേ മിക്കവരും പറയൂ. എന്നാൽ സംഗതിയുടെ ഗൗരവം അവിടെയല്ല. കാലിഫോർണിയാ യൂണിവേഴ്സിററിയിലെ ഡോ. ജോൺഡി മൈക്കെൾസിയും കൂട്ടരും പറയുന്നു ചാണകത്തിൽ നിന്ന് ഇഷ്ടിക നിർമ്മിക്കാമെന്ന്.

ചാണകത്തെ ഉയർന്ന താപനിലയിൽ 'പൈറോലൈസിങ്' എന്ന പ്രവർത്തനത്തിന് വിധേയമാക്കിയാൽ അതു് കറുത്ത നിറത്തിലുള്ള ഒരിനം എണ്ണയുടെ രൂപത്തിലാകും. ഇതിൽ അമോണിയ, നൈട്രജൻ എന്നീ വാതകങ്ങളും ഒരു കറുത്ത പൊടിയും അടങ്ങിയിരിക്കും. ഈ കറുത്ത പൊടിയിൽ കപ്പിച്ചിൽ കഷണങ്ങളും ചേർത്തു് ഒന്നാംതരം ഇഷ്ടികകൾ നിർമ്മിക്കാമെന്ന് സായ്പ് കണ്ടുപിടിച്ചിരിക്കുന്നു. ഈ ചാണകപ്പൊടി ടയറ്, മഷി എന്നിവയിൽ ചേർക്കുന്നതിനും ഉപയോഗിക്കാം. ചാണകത്തിൽ നിന്ന് ഗോബർഗ്യാസും, വളവും ഇഷ്ടികയും ഒക്കെ ലഭിച്ചുകൊണ്ടിരിക്കുകയാണ് പാവം കന്നുകാലികൾ ഇവ അറിയുന്നുണ്ടോ_ആവോ?



റേറാമി തൊണ്ടാംകുഴി
II P. D. C.

## പുകവലിക്കൊരു മറുമരുന്ന്

കൊളമ്പസ് ഇന്ത്യയെ അന്വേഷിച്ചു അമേരിക്ക കണ്ടെത്തിയതുപോലൊരു സംഗതി റഷ്യയിൽ നടന്നു. കൃഷിയെ നശിപ്പിക്കുന്ന പ്രാണികളെ ശരിപ്പെടുത്താനുള്ള ഒരു രാസവസ്തുവിനുള്ള അന്വേഷണത്തിനിടയിൽ റഷ്യൻ ശാസ്ത്രജ്ഞന്മാർ പുകവലിക്കാരുടെ പുകവലിശീലം ഇല്ലാതാക്കുന്നതിന് ഒരു മറുമരുന്ന് കണ്ടെത്തിയിരിക്കുന്നു. 'അനാബെസിൻ' എന്നാണ് ഇതിന്റെ പേര്. ഇതുകൊണ്ടുണ്ടാക്കിയിട്ടുള്ള ഒരു ഗുളിക കഴിച്ചാൽ പുക വലിക്കുന്നതിന്റെ സുഖം കിട്ടുമത്രെ! പക്ഷെ ക്രമത്തിൽ ഗുളിക ഒരു ചെറിയ വേല ചെയ്യും: ഇരുപതു ദിവസത്തിനകം 100 അനാബെസിൻ കഴിച്ചാൽ ഏതു പുകവലിക്കാരനും 'പുകവലിക്ക് ഇനി എന്നെ കിട്ടില്ല' എന്നു പറയുംപോലും!

പുകവലിക്കാരേ നിങ്ങൾക്കു സ്വാഗതം. 100 'അനാബെസിൻ' ഗുളികകൾ കഴിച്ച് ശാസ്ത്രത്തിനു നന്ദി പറയൂ, രാഷ്ട്രത്തിനു സമ്പത്തു വർദ്ധിപ്പിക്കൂ.

(21-ാം പേജ് തുടർച്ച)

—പ്രഭോ! മുള്ളുകൾ പോയാൽ റോസെന്തിനു കൊള്ളാം. മുള്ളുണ്ടെങ്കിലേ റോസിനതിന്റെ വ്യക്തിത്വമുള്ളൂ...... മനസ്സിലായോ?...... അസ്തിത്വവും.

—ഉം.....

ഹരിതവർണ്ണമായ പുൽത്തകിടിയിലേക്ക് തത്ത പറന്നുപോയി. മുറുക്കാതെ ചുവന്ന ചുണ്ടുകൾക്ക് എന്തു ചന്തം!

എന്റെ നീണ്ട താടി പിടിച്ചു ഞാൻ കൈകൊണ്ടു വിടർത്താൻ ശ്രമിച്ചു.

എന്തൊരു സുഖം....!

അവാച്യമായ അനുഭൂതി....!

എല്ലാമെല്ലാം മതിമറക്കുന്നതുപോലെ....!

എനിക്കു ഭാരമില്ലാതാവുന്നു. വായുവിലൂടെ ഒരു പഞ്ഞിക്കെട്ടായി പാറിപ്പാറി പറന്നു നടക്കുന്നപോലെ.

ഞാൻ വീണ്ടും നടന്നു. ജമന്തിച്ചെടികളുടെ അടുത്തുചെന്നു. അവരെന്നെ അവരുടെ മടിയിലേക്കു ക്ഷണിച്ചു. ഞാൻ അനുസരിച്ചു. മാദകഗന്ധം പരത്തുന്ന, മഞ്ഞപ്പൂക്കളും, പച്ചയിലകളുമുള്ള ജമന്തി....

അടുത്തുതന്നെ അശോകമരത്തിന്റെ ചോട്ടിൽ കൊത്തിപ്പിനക്കി നടക്കുന്ന കോഴിക്കൂട്ടത്തെ നോക്കി നിന്നുപോയ്. എന്തു ലളിതം!

എന്റെ പ്രിയപ്പെട്ട പന്നികൾ ഇതിനിടയിൽ തോട്ടത്തിലേക്കിറങ്ങിവന്നു. കുറിയ വാലും നെടിയ തേററകളുമായി രംഗപ്രവേശംചെയ്ത അവററകൾ എന്റെ പ്രിയപ്പെട്ട റോസുകളെ ഒററ ചുംബനത്തിനു് ഉരംകൊണ്ടു. അവയുടെ പല്ലുകൾക്കിടയിൽപ്പെട്ടു് എന്റെ ആത്മാവു പിടഞ്ഞു.

റോസിന്റെ മുള്ളുകൾ ഉദ്യാനപാലകൻ വളരെ സൂക്ഷ്മതയോടെ മുറിച്ചു കളഞ്ഞിരുന്നു.

ഞാൻ പന്നികളെ തലോടി. ഞാനൊരു പന്നിയുടെ പുറത്തു കയറിയിരുന്നു. ആ പന്നിയെ ബാക്കിയുള്ളവ അസൂയയോടെ നോക്കി. ആ പന്നി അഭിമാനപുളകിതയായി, എന്നെ വഹിച്ചുകൊണ്ടു നടകൊണ്ടു. ഞാൻ വരാഹവാഹനനായെഴുന്നള്ളി.

എന്റെ ആഗമനത്തിൽ സൂര്യകാന്തി മന്ദഹസിച്ചു. കുണുങ്ങിക്കുലുങ്ങിച്ചിരിച്ചു. ഞാൻ സൂര്യകാന്തിയെ ചായ്ച്ചു് പന്നിയുടെ അധരത്തിൽ ചേർത്തുകൊടുത്തു....

ഞാനാ വലിയ പൂവു പൊട്ടിച്ചെടുത്തു. അപ്പോഴുമതിന്റെ മന്ദഹാസം മാഞ്ഞിരുന്നില്ല.

ഞാൻ അതിനെ എന്റെ നെഞ്ചിൽ ചേർത്തമർത്തി. ആ പൂവ് അപ്രത്യക്ഷയായി. ഞാൻ പരിഭ്രമിച്ചില്ല....ആ സൂനത്തിന്റെ മോക്ഷപ്രാപണത്തിൽ അത്ഭുതം കൂറിയില്ല.

സൂര്യകാന്തിവധവും കഴിഞ്ഞ് ഞങ്ങൾ ജമന്തിയുടെയടുത്തേയ്ക്കു്, കുററി മാത്രം അവശേഷിച്ച റോസിനടുത്തുകൂടെ നടന്നുപോയി.

അനാഘ്രാതയായ ജമന്തി ഞങ്ങളെ പുഞ്ചിരിയോടെ ലാലസിതശീർഷയായ് സ്വാഗതം ചെയ്തു.

എന്റെ കണ്ണിൽ ഭ്രാന്തമായ ഒരാവേശത്തിന്റെ മിന്നലാട്ടം........!

---

## ഓടയിൽനിന്നു് കാലിത്തീററ

ദുർഗന്ധം വമിക്കുന്ന എച്ചിൽ കുഴികളിലും ശാസ്ത്രംചെന്നു് തലയിട്ടിരിക്കുന്നു.

ഓടയിൽനിന്നു് ഒന്നാംതരം കാലിത്തീററ ഉല്പാദിപ്പിക്കാമെന്നു് ആസ്ട്രേലിയക്കാരനായ പീററർ ഹെൻറി കണ്ടെത്തിയിരിക്കുന്നു. ഓടയിലെ മാലിന്യങ്ങളും വിസർജ്ജനവസ്തുക്കളും 'കാൻസിഡാ ഇൻജനിഡ' എന്ന ഒരുതരം ഈസ്റ്റുപയോഗിച്ചു് പ്രോട്ടീൻ സമൃദ്ധമായ കാലിത്തീററ നിർമ്മിക്കാം—അത്ഭുതം തോന്നുന്നുണ്ടാകും. ഇല്ലേ? അന്തരീക്ഷ മലിനീകരണം തടയാൻ ഈ പദ്ധതി ഒരു പരിധിവരെ സഹായമരുളും എന്നു നമുക്കു് പ്രത്യാശിക്കാം.

## വനിതകളേ ചൊടിക്കരുതേ

വനിതാവർഷം കഴിഞ്ഞുപോയതുകൊണ്ടു് പേടിക്കാതെ കാര്യം പറയാമെന്നു പ്രതീക്ഷിക്കുന്നു. ബുദ്ധിശക്തിയുടെ കാര്യത്തിൽ സ്ത്രീകളെക്കാൾ പുരുഷന്മാർ മുമ്പിലാണെന്നു് അമേരിക്കയിലെ 'അസെസ്സ്മെന്റ് ഓഫ് എഡ്യുക്കേഷൻ' റിപ്പോർട്ടുചെയ്യുന്നു. നിരവധി ആൺകുട്ടികളെയും പെൺകുട്ടികളെയും പഠനത്തിനു വിധേയമാക്കിയതിനുശേഷമാണു് ഇവർ ഇത്തരമൊരു നിഗമനത്തിലെത്തിച്ചേർന്നതു്.

## കൃഷിലാഭം

ഇംഗ്ലണ്ടിലുള്ള ലീഡ്സ് യൂണിവേഴ്സിറ്റി

(ശേഷം 25-ാം പേജിൽ)



# കുന്നുകൾ വലിയ കുന്നുകൾ

—അവസാനിയ്ക്കാത്ത കുന്നുകൾ. അയാൾ അമ്പരന്നു. ഇതിനൊരവസാനമില്ലേ? ചെമ്മണ്ണു വിരിച്ച നീണ്ട ഒററയടിപ്പാത ഒരു പെരുമ്പാമ്പിനെപ്പോലെ നീണ്ടു കിടക്കുന്നു. കഴഞ്ഞ കൈകാലുകൾ. അയാൾ കാലുകൾ നീട്ടിവച്ചു നടന്നു. തോല്ക്കാൻ അയാൾക്കു മനസ്സില്ലായിരുന്നു.

അയാൾ പിന്നിലേയ്ക്കു തിരിഞ്ഞുനോക്കി. വിളറിയ മുഖവുമായി പെൺകുട്ടി. എത്ര സുന്ദരിയായിരുന്നു അവൾ. തന്റെ കൂടെ ഇറങ്ങിപ്പുറപ്പെട്ടപ്പോൾ ചുവന്നു തുടുത്ത അധരങ്ങളും നീലിമയാർന്ന കണ്ണുകളും അവൾക്കുണ്ടായിരുന്നുവെന്നു് അയാൾ വേദനയോടെ ഓർത്തു. ഇന്നോ? ഒട്ടിയ കവിളിണകളും കുഴിഞ്ഞ കണ്ണുകളും മാത്രം.

''നമുക്കിവിടെ ഇരിക്കാം.''—ആൽത്തറ ചൂണ്ടിക്കാട്ടിക്കൊണ്ടു് അയാൾ പറഞ്ഞു. അയാളോടൊപ്പം അവളും ഇരുന്നു. അല്ലെങ്കിൽ അവൾക്കു തന്നെ അനുസരിക്കാനല്ലേ അറിയൂ.

ഇടിഞ്ഞു പൊളിഞ്ഞതെങ്കിലും പരിശുദ്ധമായ ദേവീക്ഷേത്രം. ആലിന്റെ ശീതളച്ഛായ. തെളിഞ്ഞ അമ്പലക്കുളം. പരിസരം അയാളെ ഉന്മത്തനാക്കി. ഉണർന്ന ചേതന. സന്തോഷം തനിക്കിതേവരെ നിർജ്ജീവവികാരമായിരുന്നല്ലോ.

ആൽത്തറയിൽ അവരെ കൂടാതെ വൃദ്ധനെങ്കിലും ദീർഘകായനും ആരോഗ്യദൃഢഗാത്രനുമായ ഒരാൾ വളരെ നേരത്തെ ഇരിപ്പുറപ്പിച്ചിരുന്നു. വൃദ്ധന്റെ തേജസ്വങ്ങളായ കണ്ണുകൾ തങ്ങളെ ചുററിപ്പടരുന്നതയാൾ വെറുപ്പോടെ നോക്കിക്കണ്ടു. അവ തേജോഗോളങ്ങളെപ്പോലെ പ്രകാശിച്ചു.

അയാൾക്കു ഭീതി തോന്നി.

അടുത്ത നിമിഷം അയാൾ പെൺകുട്ടിയെ

ശ്രീവത്സൻ നായർ പി. കെ.
II P. D. C.

ക്കുറിച്ചോർത്തു. അയാൾ അവളെ നോക്കി പുഞ്ചിരിക്കാൻ ശ്രമിച്ചു. തന്നിലെ ഭാവമാററം അവളും ശ്രദ്ധിക്കുന്നുണ്ടായിരുന്നുവെന്നു് അയാൾ മനസ്സിലാക്കി.



പെൺകുട്ടിയെ തനിയെ ഇരുത്തി അയാൾ കുളക്കടവിലേയ്ക്കു നടന്നു. ഇടയ്ക്കൊന്നു വൃദ്ധനെ ശ്രദ്ധിക്കാൻ അയാൾ മറന്നില്ല. അതേ നോട്ടം! സംശയത്തിന്റെ തീനാമ്പുകൾ!!

(ശേഷം 27-ാം പേജിൽ)

# കോളജ് യൂണിയൻ പ്രവർത്തനങ്ങൾക്കു് ഒരു പുതിയ മാർഗ്ഗരേഖ

ജോസ് മാത്യു
II B. A.

ജനാധിപത്യ സാമൂഹ്യക്രമം നിലവിലിരിക്കുന്ന രാജ്യങ്ങളിൽ വളർന്നുവരുന്ന തലമുറയെ ജനാധിപത്യ ഭരണസമ്പ്രദായങ്ങളുമായി പരിചയപ്പെടുത്തുന്നതിനുവേണ്ടിയാണു് കലാശാലകളിൽ തെരഞ്ഞെടുപ്പിലൂടെ യൂണിയനുകൾ രൂപീകരിക്കുന്നതു്.

വാശിയേറിയ മത്സരത്തിനുശേഷം രൂപീകൃതമാകുന്ന യൂണിയനുകൾക്കു് ഇന്നു് ഫലപ്രദമായി പ്രവർത്തിക്കാൻ സാധിക്കുന്നുണ്ടോ? കഴിഞ്ഞകാല അനുഭവങ്ങളുടെ വെളിച്ചത്തിൽ കലാശാല യൂണിയനുകൾക്കു് അവയുടെ ലക്ഷ്യത്തോടു് നീതി പുലർത്തുവാൻ കഴിഞ്ഞിട്ടില്ലെന്നു് കാണുവാൻ വിഷമമില്ല.

സ്വകാര്യ സ്വത്തിന്റെ സങ്കുചിത ചിന്താഗതിയിലും കുടുംബബന്ധങ്ങളിലും കുടുങ്ങിയിട്ടില്ലാത്ത വിദ്യാർത്ഥിസമൂഹത്തിനു്, മാർഗ്ഗഭ്രംശം സംഭവിച്ച കോളജ് യൂണിയൻ പ്രവർത്തനങ്ങൾക്കു് ഒരു പുതിയ രൂപവും ഭാവവും നൽകുവാൻ കഴിയുമെന്ന കാര്യത്തിൽ സംശയം വേണ്ട.

കോളജ് യൂണിയൻ പ്രവർത്തനങ്ങൾ പരാജയമാകുന്നതിന്റെ കാരണങ്ങളിലേക്കു് നമുക്കു് കടക്കാം. കക്ഷി രാഷ്ട്രീയത്തിന്റെ അതിപ്രസരവും നേതൃത്വത്തിലെത്തുന്നവരുടെ കഴിവില്ലായ്മയും ആശയദാരിദ്ര്യവുമാണു് പരാജയകാരണങ്ങളിൽ പ്രധാനമെന്ന കാര്യത്തിൽ രണ്ടു പക്ഷമില്ല.

കക്ഷി രാഷ്ട്രീയത്തിന്റെ അതിപ്രസരമെന്ന അർബുദരോഗവും നേതൃത്വത്തിലെത്തുന്നവരുടെ കഴിവില്ലായ്മയും ആശയ ദാരിദ്ര്യമെന്ന വിറയൽ രോഗവും ബാധിച്ചിരിക്കുന്ന നമ്മുടെ സമൂഹത്തിലെ കോളജ് യൂണിയനുകളെ എങ്ങനെ ചികിത്സിച്ചു ഭേദപ്പെടുത്താം?

---

(23-ാം പേജ് തുടർച്ച)

റിയിലെ ഗവേഷകർ ഒരു പുതിയ പദ്ധതി കണ്ടുപിടിച്ചിരിക്കുന്നു. നിലം ഉഴാതെ കൃഷി ചെയ്യാമത്രേ! നിലം ഉഴാതെ ബാർലി വിതച്ചപ്പോഴും ഉഴുതു കൃഷി ചെയ്തപ്പോഴും ലഭിച്ച അത്രയും വിളവു ലഭിച്ചപോലും! കൂടുതൽ പരീക്ഷണങ്ങളിൽനിന്നും നിലം ഉഴാതെതന്നെ വിളവു വർദ്ധിപ്പിക്കാം എന്നു അവർ മനസ്സിലാക്കി. മണ്ണിളക്കുന്ന ജോലി മണ്ണിരകൾ ചെയ്തുകൊള്ളും.

## മുലപ്പാലിന്റെ മേന്മ

ആധുനിക വനിതകൾ തങ്ങളുടെ കുഞ്ഞുങ്ങളെ മുലപ്പാൽ ഊട്ടുന്നതിൽ വലിയ താല്പര്യം കാണിക്കാറില്ല. അതു് അവരുടെ അഭിമാനത്തിന്റെ പ്രശ്നമത്രേ! എവിടെ അവരുടെ അഭിമാനം-?

എന്നാൽ ആധുനികശാസ്ത്രം കുഞ്ഞുങ്ങളെ മുലപ്പാൽ ഊട്ടുന്നതിനെ ന്യായീകരിക്കുന്നു. മുലപ്പാലിനു പകരം 'പാൽപ്പൊടി' കലക്കിക്കൊടുത്തു വളർത്തുന്ന കുഞ്ഞുങ്ങളുടെ പല്ലിനു് ദ്വാരമുണ്ടാകാൻ സാധ്യത അധികമുണ്ടെന്നു് പെൻസിൽ വേനിയ യൂണിവേഴ്സിറ്റിയിലെ ഒരു സംഘം ശാസ്ത്രജ്ഞന്മാർ 'എലികളിൽ' നടത്തിയ പരീക്ഷണങ്ങളിൽനിന്നും തെളിഞ്ഞിരിക്കുന്നു.

പാൽപ്പൊടി നിർമ്മിക്കുമ്പോൾ പാലിലെ അമിനോ ആസിഡായ 'ലൈസിൻ' (Lysine) നശിക്കാൻ സാധ്യതയുണ്ടു്. 'ലൈസിന്റെ' അപര്യാപ്തത കുട്ടികളുടെ പല്ലിന്റെയും എല്ലിന്റെയും വളർച്ചക്കു് തകരാറുണ്ടാക്കാനിടയുണ്ടു്. തന്മൂലം പാൽപ്പൊടി കഴിക്കുന്ന കുട്ടികളിൽ 'പല്ലിനു ദ്വാരം' കൂടുതലായി കണ്ടുവരുന്നു.

രോഗകാരണങ്ങളിൽ അഭിപ്രായ ഐക്യം ഉണ്ടാവുമെങ്കിലും രോഗനിവാരണമാർഗ്ഗങ്ങൾ പലർക്കും പലതാണ്. കക്ഷി രാഷ്ട്രീയക്കാരനെ ചെവിക്കു പിടിച്ച് കോളജ് വളപ്പിൽനിന്ന് എന്നന്നേയ്ക്കുമായി പുറത്താക്കുകയും, അധികാരികൾ പറയുന്നതെന്തും അനുസരിക്കുന്ന 'മിടുക്കന്മാരായ' വിദ്യാർത്ഥികളെ അധികാരസ്ഥാനത്ത് അവരോധിക്കാനുള്ള അവകാശം കോളജ് അധികൃതർക്ക് നൽകുകകൂടി ചെയ്താൽ കോളജ് യൂണിയനുകളെ ബാധിച്ചിരിക്കുന്ന അസുഖത്തിൽനിന്ന് അവയെ മോചിപ്പിക്കാം എന്നു ചിന്തിക്കുന്നവർ നമ്മുടെ സമൂഹത്തിലുണ്ട്.

കക്ഷി രാഷ്ട്രീയമില്ലാത്ത ഒരു കോളജ് യൂണിയനെ ഇന്ന് ഭാവനയിൽപോലും ദർശിക്കുവാൻ സാധിക്കുകയില്ല.

ജനാധിപത്യ സാമൂഹ്യ വ്യവസ്ഥിതി നിലവിലിരിക്കുന്ന രാജ്യങ്ങളിൽ ഒന്നിലധികം രാഷ്ട്രീയപാർട്ടികൾ ഉണ്ടാവുക സ്വാഭാവികമാണ്. സമൂഹത്തിന്റെ എല്ലാ ചലനങ്ങളെയും നിയന്ത്രിക്കുകയും സ്വാധീനിക്കുകയും ചെയ്യുന്ന രാഷ്ട്രീയശക്തിയുടെ ചെറിയ പതിപ്പുകൾ കോളജുകളിൽ കാണുന്നുണ്ടെങ്കിൽ അത്ഭുതപ്പെടേണ്ട ആവശ്യമില്ല.

കുടിക്കുന്നവെള്ളത്തിലും, പഠിക്കുന്ന പുസ്തകത്തിലും, സഞ്ചരിക്കുന്ന ബസ്സിലും, ധരിക്കുന്ന വസ്ത്രത്തിലുമെല്ലാം രാഷ്ട്രീയക്കാരന്റെ നിയന്ത്രണം സ്ഫടികംപോലെ സ്പഷ്ടമായി കാണാവുന്നതാണ്.

സമൂഹത്തെ നിയന്ത്രിക്കുന്ന രാഷ്ട്രീയത്തിൽനിന്ന് മാറിനില്ക്കുവാൻ സാമൂഹ്യപരിവർത്തനം ആഗ്രഹിക്കുന്ന ഒരു വ്യക്തിക്കും സാദ്ധ്യമല്ല. അനിശ്ചിതമായ സ്വന്തം ഭാവിയെക്കുറിച്ചു ഓർത്ത് അമ്പരന്നു കഴിയുന്ന അസ്വസ്ഥമായ വിദ്യാർത്ഥിസമൂഹത്തിന്റെ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം ഉണ്ടാകണമെങ്കിൽ ഇന്ത്യൻ സാമൂഹ്യ സാമ്പത്തിക, സാംസ്കാരിക വിദ്യാഭ്യാസ മണ്ഡലങ്ങളിൽ സമൂലമായ പരിവർത്തനം ഉണ്ടായേ തീരൂ. പരിവർത്തന സമരത്തിലെ മുന്നണി പടയാളികളാകുവാൻ ഏററവും അനുകൂലമായ സാഹചര്യങ്ങളുള്ള വിദ്യാർത്ഥികളോട് രാഷ്ട്രീയത്തിൽനിന്ന് മാറി നില്ക്കണമെന്ന് പറയുന്നവർ പരിവർത്തന വിരോധികളാണ്.

ചൈനയിലെ സാംസ്കാരിക വിപ്ലവത്തിന്റെ പിന്നിലും, ഫ്രാൻസിലെ ഡിഗോൾ വിരുദ്ധ ജന മുന്നേററത്തിലും ബെൻസ്വലയിലെ സായുധവിപ്ലവത്തിലും ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തിലും വിദ്യാർത്ഥികളുടെ സംഘടിതശക്തി നിർണ്ണായകമായ പങ്കാണ് വഹിച്ചിട്ടുള്ളത്.

കക്ഷി രാഷ്ട്രീയത്തെ മാററി നിർത്തികൊണ്ട് കോളജ് യൂണിയനുകളെ നേരെയാക്കുവാൻ സാധിക്കുകയില്ല. എന്നാൽ കക്ഷി രാഷ്ട്രീയത്തിന്റെ അതിപ്രസരം ഒഴിവാക്കേണ്ടത് ആവശ്യമാണ്. ഇതു പറയുമ്പോൾ വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ പൊതു സ്വഭാവത്തെക്കുറിച്ച് പറയാതെ മുന്നോട്ടു പോകുവാൻ സാധിക്കുകയില്ല.

സ്വന്തം പിതാവിന്റെയോ, സഹോദരങ്ങളുടെയോ അല്ലെങ്കിൽ കൂട്ടുകാരുടെയോ രാഷ്ട്രീയ ലൈനാണ് നമ്മുടെ കലാശാലകളിലെ ഭൂരിപക്ഷം വിദ്യാർത്ഥികളും സ്വീകരിക്കുന്ന രാഷ്ട്രീയ ലൈനിന്റെ അടിസ്ഥാന ഘടകം, മറെറാന്നും അപ്പോൾ ചിന്തിക്കാറേയില്ല. ജനിക്കുമ്പോഴത്തെ മതം മരിക്കുമ്പോഴത്തെയും മതമായിരിക്കുന്നതുപോലെ ഒരു പാർട്ടിയിൽ ചേർന്നാൽ പിന്നെ അതിൽതന്നെ പ്രവർത്തിക്കുക, പാർട്ടി നേതാക്കൾ പറയുന്നതെന്തും അതേപടി അനുസരിക്കുക തുടങ്ങിയ സ്വഭാവ വിശേഷങ്ങൾ അനുകരണരാഷ്ട്രീയക്കാരിലാണ് കൂടുതലായി കണ്ടുവരുന്നത്. കാലുമാററം നടത്തുന്നത് നല്ലതാണെന്നുള്ള അഭിപ്രായം ഉള്ളിൽ വച്ചുകൊണ്ടല്ല ഞാനിതു പറയുന്നത്. നാട്ടിൻപുറത്തും വഴിവക്കിലും നിന്ന് പലരും പറയുന്നത് കേട്ടിട്ടില്ലേ ''ഞാൻ മരിക്കുന്നിടംവരെ ഇന്ന പാർട്ടിയായിരിക്കും എന്റെ നേതാവാണ് ഏററവും നല്ല നേതാവ് എന്നും മററും.''

രാഷ്ട്രീയ പാർട്ടികളുടെയും നേതാക്കന്മാരുടെയും അടിമത്വം അനുഭവിക്കുന്ന മേൽപറഞ്ഞ സ്വഭാവവിശേഷങ്ങളുള്ള ആളുകളാണ് നമ്മുടെ നാട്ടിലെ ബഹുഭൂരിപക്ഷം രാഷ്ട്രീയസംഘട്ടനങ്ങൾക്കും കാരണക്കാർ. മൊറാർജിയുടെ തെററു ചൂണ്ടിക്കാണിക്കുമ്പോൾ മൊറാർജി ഭക്തൻ ശുണ്ഠി പിടിക്കുന്നു. ഇന്ദിരയുടേതാകുമ്പോൾ ഇന്ദിരാഭക്തൻ ശുണ്ഠിപിടിക്കുന്നു. മതാന്ധതയോടെ രാഷ്ട്രീയവേദിയേയും ജനാധിപത്യ ഭാരതത്തിലെ ആളുകൾ കണ്ടു തുടങ്ങിയതാണ്

നമ്മുടെ നാടിന്റെ ഇന്നത്തെ ദുരവസ്ഥയ്ക്കു് ഒരു കാരണം.

നേതാക്കന്മാരുടെ സ്ഥാപിത താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനപ്പുറം ദേശീയ വീക്ഷണമോ ദേശപുരോഗതിയിൽ താല്പര്യമോ ഇല്ലാത്ത പ്രാദേശിക പാർട്ടികൾ ഇന്നും ഇൻഡ്യയിൽ മരിക്കാതെ ജീവിക്കുന്നതു് രാഷ്ട്രീയ പാർട്ടികളുടെയും നേതാക്കന്മാരുടെയും അടിമത്വം അനുഭവിക്കുന്ന ആളുകൾ ഇൻഡ്യയിൽ ഉണ്ടെന്നതിനു് തെളിവാണു്. ഇൻഡ്യൻ രാഷ്ട്രീയത്തിലെ മേൽപറഞ്ഞ പൊതു പ്രവണതകൾ കോളജ് രാഷ്ട്രീയത്തിലും പ്രതിഫലിക്കുന്നുണ്ടു്. കോളജുകളിൽ രാഷ്ട്രീയ സംഘട്ടനമുണ്ടാകുന്നതിനും യൂണിയൻ പ്രവർത്തനങ്ങൾ പരാജയപ്പെടുന്നതിനും പലപ്പോഴും കാരണക്കാർ പാർട്ടികളുടെയും നേതാക്കന്മാരുടെയും അടിമത്വം അനുഭവിക്കുന്ന വിദ്യാർത്ഥികളാണു്.

എല്ലാ സ്ത്രീപുരുഷന്മാർക്കും തൊഴിൽ നൽകിക്കൊണ്ടും, എല്ലാ തൊഴിൽ ചെയ്യുന്നവരുടെയും ജീവിത സൗകര്യങ്ങളിലും വരുമാനത്തിലും ഒരു പരിധി വരെയെങ്കിലും സമത്വം സ്ഥാപിച്ചുകൊണ്ടും സമ്പൂർണ്ണ സ്ത്രീപുരുഷ സമത്വം ഉറപ്പുവരുത്തിക്കൊണ്ടും ഭൂസ്വത്തുൾപ്പെടെയുള്ള ഉല്പാദന ഉപാധികളും പ്രകൃതി വിഭവങ്ങളും പൊതു ഉടമയിൽ കൊണ്ടുവന്നു്, ശാസ്ത്രസാങ്കേതിക വിദ്യകളുടെ സഹായത്തോടെ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടും, അഭിപ്രായ സ്വാതന്ത്ര്യവും അധികാരത്തിൽ പങ്കാളിത്തവും നല്കിക്കൊണ്ടും, അന്ധവിശ്വാസങ്ങളിൽ നിന്നും അനാചാരങ്ങളിൽനിന്നും മുക്തവും ചൂഷണരഹിതവും സമ്പൽസമൃദ്ധവുമായ ഒരു സ്വതന്ത്രസമൂഹത്തിന്റെ സൃഷ്ടി മുന്നിൽ കണ്ടുകൊണ്ടും രാഷ്ട്രീയ പ്രവർത്തനം നടത്തുന്ന വിദ്യാർത്ഥികൾക്കു് ഒരിക്കലും ഒരു പാർട്ടിയുടേയോ നേതാവിന്റെയോ അടിമയായിരിക്കുവാൻ സാധിക്കുകയില്ല.

നേതാവിന്റെയോ പാർട്ടിയുടെയോ അടിമത്വമില്ലാത്ത വിദ്യാർത്ഥികൾക്കേ കക്ഷിരാഷ്ട്രീയത്തിന്റെ അതിപ്രസരത്തിൽനിന്നു് കലാശാലയൂണിയനുകളെ മോചിപ്പിക്കുവാൻ കഴിയുകയുള്ളൂ.

കലാശാല യൂണിയൻ തെരഞ്ഞെടുപ്പിനുശേഷം അധികാരത്തിൽ വരുന്നവർക്കു് പരാജയമടഞ്ഞവരെക്കൂടി ഭരണത്തിൽ പങ്കാളികളാക്കുവാനും പ്രധാനപ്പെട്ട കാര്യങ്ങളിൽ അവരുടെ അഭിപ്രായം തേടുവാനുമുള്ള വിശാലമനഃസ്ഥിതി ഉണ്ടാകേണ്ടതു് കോളജ് യൂണിയൻ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനു് അത്യാവശ്യമാണു്.

പ്രതിപക്ഷത്തായവർ അധികാരത്തിലെത്തിയവരെ എതിർക്കാൻവേണ്ടി മാത്രം എതിർക്കരുതു്. എതിർപ്പിന്റെ ഉറവിടം ഒരിക്കലും സ്വാർത്ഥതയാകരുതു്. കോളജ് യൂണിയനുകൾ എല്ലാ വിദ്യാർത്ഥികളുടെയും പൊതു വേദി എന്ന നിലയിൽ വേണം പ്രവർത്തിക്കാൻ. ജയിപ്പി

---

(24-ാം പേജ് തുടർച്ച)

തെളിഞ്ഞ അമ്പലക്കുളത്തിലെ തണുപ്പുള്ള വെള്ളം അയാൾക്കു് പുതിയൊരാവേശം പകർന്നുകൊടുത്തു. ദീപാരാധന സമയം. ദേവീവിഗ്രഹത്തിനു മുന്നിലെത്തി തൊഴുകൈയ്യുമായി അയാൾ നിന്നു. ദിവ്യമായ ഒരു പരിവേഷം തനിക്കു ചുറ്റും പരിലസിക്കുന്നതായി അയാൾക്കു തോന്നി.

ഉണർന്ന മനസ്സുമായി അയാൾ ആൽത്തറയെ ലക്ഷ്യമാക്കി നടന്നു.

–പൊട്ടിച്ചിരിയുടെ ശബ്ദം.

തനിക്കതു മനസ്സിലാക്കാൻ കഴിഞ്ഞിരിക്കുന്നു. വർഷങ്ങൾക്കു മുമ്പു താൻ കേട്ട ശബ്ദവീചികൾ. അതു തിരിച്ചറിയാനുള്ള തന്റെ കഴിവു് നഷ്ടപ്പെട്ടിട്ടില്ലെന്നതു് അയാളിൽ സന്തോഷം ഉളവാക്കി.

പെട്ടെന്നു്–

സന്തോഷത്തിന്റെ തിരമാലകൾക്കു് ചലനമറ്റു. വിദ്വേഷം! പക! അയാൾക്കയാളോടു തന്നെ അതിയായ അരിശം തോന്നി. താനെന്താണു കണ്ടതു്?

ആലിംഗനബദ്ധരായി അവർ നില്ക്കുന്നു. വൃദ്ധനും പെൺകുട്ടിയും. അവർ പൊട്ടിച്ചിരിക്കുന്നു, അയാൾക്കുറക്കെ അട്ടഹസിക്കണമെന്നു തോന്നി. കൈപ്പത്തികൾ കൂട്ടി തിരുമ്മി അയാൾ ദേഷ്യം അടക്കാൻ ശ്രമിച്ചു.

വേദനയോടെ അയാൾ തിരിഞ്ഞു നടന്നു.. അപ്പോഴും—

ദീപാരാധനയ്ക്കുശേഷം ദേവീക്ഷേത്രത്തിലെ നട അടയ്ക്കുകയായിരുന്നു......

XXX

ച്ചവർക്കുവേണ്ടി മാത്രം പ്രവർത്തിക്കുന്നതു് യൂണിയൻ പ്രവർത്തനങ്ങളുടെ പരാജയത്തിനേ വഴി തെളിക്കൂ.

പല കോളജ് യൂണിയനുകളുടെയും പ്രവർത്തനങ്ങൾ ഉദ്ഘാടനത്തോടെ അവസാനിക്കാറാണ് പതിവ്. ആകെയുള്ള ഫണ്ടിൽ നല്ലൊരു പങ്ക് യൂണിയന്റെ ഉദ്ഘാടനത്തിനുവേണ്ടി ചിലവഴിക്കുന്ന രീതിയാണ് ബഹുഭൂരിപക്ഷം കോളജ് യൂണിയനുകളും അനുവർത്തിച്ചുപോരുന്നതു്. ആർഭാടപൂർവ്വം നടത്തുന്ന ഉദ്ഘാടന സമ്മേളനങ്ങൾകൊണ്ട് ആരും ഒന്നും നേടുന്നില്ലെന്നുള്ളതാണ് വാസ്തവം. യൂണിയൻ പ്രവർത്തനത്തിനു് ആദ്യമായി ഒരു രൂപരേഖ തയ്യാറാക്കേണ്ടതും അതിനനുസൃതമായി ഫണ്ടു ചെലവഴിക്കേണ്ടതും കോളജ് യൂണിയൻ പ്രവർത്തനങ്ങളുടെ വിജയത്തിനു് ഏറ്റവും അത്യാവശ്യമാണ്.

ആഹാരദാരിദ്ര്യവും, അക്ഷരദാരിദ്ര്യവും, ആശയദാരിദ്ര്യവും ഒരുമിച്ചനുഭവിക്കുന്നവരാണ് ഭാരതത്തിലെ ബഹുഭൂരിപക്ഷം ആളുകളും. അവരുടെ ഇടയിൽ നിന്ന് അപൂർവ്വം ചിലയാളുകൾക്കു ലഭിക്കുന്ന ഭാഗ്യമാണ് കലാശാലാ വിദ്യാഭ്യാസം. എന്നാൽ നമ്മുടെ നാട്ടിലെ ഭൂരിപക്ഷം കലാശാലാവിദ്യാർത്ഥികളും സമൂഹത്തോടുള്ള തങ്ങളുടെ ഉത്തരവാദിത്വം മനസ്സിലാക്കുകയോ, സാമൂഹ്യ തിന്മകളുടെ നീരാളി പിടുത്തത്തിൽ അമർന്നു കഴിയുന്ന ഭാരതീയരുടെ മോചനത്തിനുവേണ്ടി പ്രവർത്തിക്കുകയോ ചെയ്യുന്നില്ല.

സാമൂഹ്യതിന്മകൾക്കെതിരായി വിദ്യാർത്ഥികളുടെ ചിന്താലോകത്ത് വിപ്ലവം സൃഷ്ടിക്കുവാൻ സഹായിക്കുന്ന സാമൂഹ്യ രാഷ്ട്രീയ പഠന ക്യാമ്പുകളും, സിമ്പോസിയങ്ങളും, സെമിനാറുകളും സർവ്വേകളും ചർച്ചാക്ലാസ്സുകളും, ഡിബേറ്റുകളും സംഘടിപ്പിക്കേണ്ട ചുമതല കോളജ് യൂണിയനുകൾക്കുണ്ട്.

ഭാരതത്തിലെ സാമൂഹ്യ സാമ്പത്തിക, വിദ്യാഭ്യാസ രാഷ്ട്രീയ സാംസ്കാരിക മണ്ഡലങ്ങളിലുണ്ടാകേണ്ട മാറ്റത്തിന്റെ ആവശ്യകതയെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവാന്മാരാക്കി ജാതിസമ്പ്രദായം, അഴിമതി, സ്ത്രീധനം, മദ്യവ്യവസായം, നിരക്ഷരത, സാമ്പത്തിക അസമത്വം തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരായി വിദ്യാർത്ഥി മനസ്സാക്ഷിയെ തട്ടിയുണർത്താനുള്ള ചുമതലയും കോളജ് യൂണിയനുകൾക്കുണ്ട്.

ഓരോ കോളജ് യൂണിയനും ഓരോ നിർമ്മാണ സേനയായി മാറണം. കോളജിനു് ചുറ്റുപാടുമുള്ള ആളുകളുടെ ജീവിത പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് കഴിയാവുന്ന സഹായങ്ങൾ ആവശ്യക്കാർക്ക് നൽകേണ്ട കടമ കോളജ് യൂണിയനുകൾക്കുണ്ട്. നാഷണൽ സർവ്വീസ് സ്കീമിന്റെ പ്രവർത്തനങ്ങളുമായി, സഹകരിച്ചു പ്രവർത്തിക്കേണ്ട ചുമതലകളും കോളജ് യൂണിയനുകൾക്കുണ്ട്.

മദ്യത്തിന്റെയും, മയക്കുമരുന്നുകളുടെയും അടിമയായി ധാർമ്മിക മൂല്യങ്ങളെ കാററിൽപ്പറത്തി ലക്ഷ്യബോധമില്ലാതെ അലയുന്ന യുവസുഹൃത്തുക്കൾക്ക് മോചനത്തിന്റെ മാർഗ്ഗം കാണിച്ചുകൊടുക്കേണ്ട ഉത്തരവാദിത്വവും കോളജ് യൂണിയനുകൾക്കുണ്ട്.

വിനോദിക്കുവാനുള്ള വാസന മനുഷ്യസഹജമാണ്. വിദ്യാർത്ഥികളുടെ മാനസിക വളർച്ചയ്ക്കും, മാനസികോല്ലാസത്തിനും, സഹായിക്കുന്ന പരിപാടികൾ സംഘടിപ്പിക്കാൻ കോളജ് യൂണിയനുകൾ ശ്രമിക്കേണ്ടതാണ്.

വിദ്യാർത്ഥികളുടെയും, സമൂഹത്തിന്റെയും പൊതുവായ താല്പര്യമായിരിക്കണം കോളജ് യൂണിയനുകളെ മുന്നോട്ടു നയിക്കേണ്ട പ്രധാന ഘടകം. വ്യത്യസ്ത അഭിപ്രായമുള്ളവരോട് സഹിഷ്ണുത പ്രകടിപ്പിക്കുകയും പൊതു പ്രശ്നങ്ങളിൽ ഒന്നിച്ചു നീങ്ങുകയും ചെയ്യുന്ന വിദ്യാർത്ഥികളുടെ പൊതു വേദിയായ കോളജ് യൂണിയനുകൾക്ക് അത്ഭുതങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കും. പഴഞ്ചൻ മാമൂലുകളോട് സന്ധിയില്ലാത്ത സമരം പ്രഖ്യാപിച്ചുകൊണ്ട് സാമൂഹ്യ പരിവർത്തനപ്രക്രിയയ്ക്ക് ആക്കം വർദ്ധിപ്പിക്കുന്ന പരിപാടികൾക്ക് കൂടുതൽ ഊന്നൽ നൽകിക്കൊണ്ട് പ്രവർത്തിക്കുന്ന കോളജ് യൂണിയനുകൾ ഏതൊരു സമൂഹത്തിന്റെയും ഏറ്റവും വലിയ മുതൽക്കൂട്ടായിരിക്കും.

ചെറുകഥ

# മനസ്സൊരു ദേവീക്ഷേത്രം



ജോണി കെ. എം.
III B. Com.

പടിഞ്ഞാറെ ചക്രവാളത്തിൽ സൂര്യൻ ററാ–ററാ പറയുവാൻ കാത്തു നില്ക്കുകയായിരുന്നു. ഇളം കാവിൽ ദേവിക്കു പൂജ അർപ്പിക്കുവാൻ കൊളുത്തിയ തിരികളെ തലോടിക്കൊണ്ടു മന്ദമാരുതൻ കുന്നിൽചരിവിലേക്കു പാഞ്ഞു. ആ ദിവസത്തെ നിശയുടെ നിശ്ശബ്ദതയിലേക്കു് തള്ളിവിടുമ്പോഴും അർദ്ധചന്ദ്രൻ ചക്രവാളത്തിൽ വന്നു ഭൂമിദേവിയെ നമസ്ക്കരിച്ചു നിന്നു.

ഒരു സ്വപ്നത്തിലെന്നപോലെ അവൻ നടന്നു. വിഷാദമായ മുഖം. പൂർണ്ണചന്ദ്രനെ മഴക്കാറു പൊതിഞ്ഞിരിക്കുകയായിരുന്നു. വീട്ടിൽ പോകണമോ? ചോദ്യങ്ങൾ ഒന്നൊന്നായി അവനെ അലട്ടുകയായിരുന്നു.

ചരടുപൊട്ടിയ പട്ടം കണക്കെ അവൻ നടന്നു. മനസ്സിൽ പലതും ചിന്തിച്ചു. പക്ഷെ, ദുഃഖത്തിന്റെ കണിക ബാഷ്പീകരിച്ചില്ല!

രാക്കുയിലിന്റെ മധുരമായ ആ ദുഃഖഗാനം കേട്ടുകൊണ്ടു് അവൻ ആ പാലച്ചുവട്ടിൽ ഇരുന്നു. ''ഇല്ല, ഇന്നു പോകണ്ട''. അവനെ അസ്വസ്ഥനാക്കുന്ന നിമിഷങ്ങൾ പുകഞ്ഞുകൊണ്ടിരിക്കുകയായിരുന്നു.

അരണ്ട നിലാവെളിച്ചത്തിൽ ആ വെള്ളക്കടലാസിലെ വാചകത്തിൽ അവൻ ഒരിക്കൽക്കൂടി കണ്ണോടിച്ചു.

''യൂ ആർ ഡിസ്മിസ്ഡ്''. അവന്റെ കണ്ണുകൾ നിറഞ്ഞു. അശ്രുബിന്ദുക്കൾ അടർന്നുവീണു. ദുഃഖബാഷ്പങ്ങൾ ഒരു യക്ഷിയെപ്പോലെ അടുത്തുവരുകയായിരുന്നു. ചീവീടുകൾ ദയനീയമായി കരഞ്ഞു.

കോളജിന്റെ മുമ്പിൽ നില്ക്കുന്ന അരണമരം വളർന്നു. പക്ഷേ, അതു പുഷ്പിക്കാത്തതിനാൽ ആരും അതിനെ ശ്രദ്ധിച്ചില്ല.

എന്നാൽ, ആദ്യമായി താൻ ആ അരണമരത്തെ ശ്രദ്ധിച്ചു. പക്ഷേ തന്റെ ശ്രദ്ധയെ പ്രതീക്ഷിക്കാതെ ആ മരം ശൂന്യതയിലേക്കു വളർന്നുകൊണ്ടിരിക്കുകയാണ്.

ചിന്തകളെ തട്ടിയുണർത്തിക്കൊണ്ടു് രാക്കാററ് പാലയുടെ ചില്ലകളിൽ പരതി.

''പ്രിൻസിപ്പൽ, പ്ലീസ് എസ്ക്യൂസ് മീ''

അവന്റെ അവസാനത്തെ വാക്കുകളിൽ കുററബോധത്തിന്റെയും ദുഃഖത്തിന്റെയും നിഴലുകൾ പതിഞ്ഞിരുന്നു. പക്ഷേ അവയും ശൂന്യമായി. ഇത്ര വേഗം ഈ കലാലയത്തോടു വിടവാങ്ങേണ്ടിവന്നല്ലോ എന്നോർത്തു വിലപിച്ചുകൊണ്ടാണ് അവൻ പടികൾ ഒന്നൊന്നായി ഇറങ്ങിയതു്.

കോളജ് റോഡിൽനിന്നു നിരയായി നില്ക്കുന്ന രാജമല്ലികൾ. അതിന്റെ ചുവട്ടിലൂടെ നിരനിരയായി പോകുന്ന വിദ്യാർത്ഥിനികൾ. അവന്റെ ക്രൂരതയും കുററബോധവും കലർന്ന മിഴികൾ ഇഴഞ്ഞു ചെന്നപ്പോൾ ആ ഇണപ്രാവുകൾ അതിവേഗത്തിൽ പറന്നകലുകയായിരുന്നു.

നീളമുള്ള മുടി അഴിച്ചിട്ടു്, വിരിഞ്ഞ നെററിയിൽ ചന്ദ്രക്കലയും മൂക്കിനു താഴെ ഒരു കൺ

# ആധുനികതയ്ക്കൊരു ആമുഖം


വി. ജെ. മാത്യു
II B. A.


എന്താണ് ആധുനികത? മരണം വ്യർത്ഥമാക്കിയ ജീവിതത്തിനുനേരെ പുതിയ മനുഷ്യൻ നോക്കിക്കാണുന്ന ജീവിത വീക്ഷണമാണ്. നിഷേധികളുടേയും ക്ഷോഭിക്കുന്നവരുടേയും മൊഴിയാണ് ആധുനികതയെന്ന് ചിലർ പറയുന്നു.

ആധുനികതയ്ക്ക് നിശ്ചിതമായ ആകൃതിയില്ല, രൂപമില്ല, ഘടനയില്ല. കാക്കയുടെ കരച്ചിൽ കേൾക്കുമ്പോൾ അത് കാക്കയാണെന്ന് നാം മനസ്സിലാക്കുന്നു. കുയിലിന്റെ നാദം കേൾക്കുമ്പോൾ അത് കുയിലാണെന്ന് മനസ്സിലാക്കുന്നു. വൈദ്യുതി പ്രവഹിക്കുന്ന ഒരു കമ്പിയിൽ സ്പർശിക്കുമ്പോൾ അതിന്റെ ഊർജ്ജംമൂലം നമ്മൾ വൈദ്യുതിയെ തിരിച്ചറിയുന്നു. ആധുനികതയെയും അതിന്റെ ഊർജ്ജത്തിലൂടെയാണ് മനസ്സിലാക്കേണ്ടത്.

ചന്തുമേനോൻ ഇന്ദുലേഖ എഴുതുന്നതിന് മുൻപ് യൂറോപ്പിൽ ആധുനികതയുടെ കളമ്പടികൾ കേട്ടുതുടങ്ങിയിരുന്നു. ഉറൂബും, തകഴിയും, പൊറ്റക്കാട്ടും നമ്മുടെ നോവൽ സാഹിത്യത്തിന് അടിത്തറയിടുന്നതിന് മുൻപ് ക്യൂബിസവും, സർറിയലിസവും യൂറോപ്പിൽ തഴച്ച് വളർന്നു കഴിഞ്ഞിരുന്നു. ചക്രവാളങ്ങൾക്കപ്പുറത്തുനിന്നുള്ള പ്രതിദ്ധ്വനികൾ കേട്ടുകൊണ്ടാണ് നമ്മൾ ഉണരാറ് പതിവ്. നമുക്ക് ഒരിക്കലും സ്വന്തമായി ശബ്ദിക്കുവാൻ കഴിഞ്ഞിട്ടില്ല. നമ്മൾ പ്രതിദ്ധ്വനികൾ മാത്രമാണ്. പടിഞ്ഞാറോട്ട് തിരിച്ച് വച്ച റഡാറുകൾ മാത്രമാണ് നമ്മുടെ ഇന്ദ്രിയങ്ങൾ. ആധുനികതയെ നമ്മൾ സ്വീകരിച്ചതും പടിഞ്ഞാറ് നിന്നുള്ള പ്രതിദ്ധ്വനികൾ കേട്ടുകൊണ്ടാണ്.

ഇന്ന് 'സാഹിത്യ ചർച്ച'യെന്ന് വച്ചാൽ ആധുനിക സാഹിത്യ ചർച്ചയെന്നാണ് നമ്മൾ കരുതാറുള്ളത്. കലയിലും സാഹിത്യത്തിലും സാങ്കേതിക വിദ്യയിലും രാഷ്ട്രീയ സാമൂഹ്യ ജീവിതത്തിലും സിനിമയിലും എല്ലാം ആധുനികതയുടെ നിഴലാട്ടം കാണാം. സിനിമാ തീയേ

---

ക്ഷിക്കുറിയും, തിളങ്ങുന്ന കണ്ണുകളും കാലുകളിൽ ചിലങ്കയും അണിഞ്ഞ് ആ പാലയുടെ ചുറ്റും യക്ഷിയെപ്പോലെ എന്തോ അടുത്തു വരുകയാണ്.

''പ്രതികാരത്തിന്റെ കരിനിഴലിൽ യക്ഷികളാകുന്ന മനുഷ്യർ.'' പാലമരത്തിൽ നിന്നും പൂക്കൾ അടർന്നു വീണു. പാലമരത്തിൽ യക്ഷികൾ വന്നെത്തിയോ? വീണ്ടും ചിലങ്കയുടെ ശബ്ദം........!

ഓട്ടത്തിനിടയിൽ അവൻ ഒന്നു തിരിഞ്ഞു നോക്കി. ആ ശബ്ദം അവനെ പിൻതുടരുന്നതായി അവനു തോന്നി.

''ചേട്ടാ, എന്നെ വിട്ട'', ''എനിക്കു ഭ്രാന്തില്ല''. പലകക്കട്ടിലിലെ ചകിറിമെത്തയിൽ കിടന്നുകൊണ്ട് അവൻ വിളിച്ചുപറഞ്ഞു.

''സിസ്റ്റർ, സിസ്റ്റർ, എന്നെ ഇൻജെക്റ്റ് ചെയ്യരുത്. എനിക്കു ഭ്രാന്തില്ല, സിസ്റ്റർ.....!''

നിശയുടെ നിശ്ശബ്ദതയിൽ അവൻ ഹൃദയം പൊട്ടിക്കരഞ്ഞു. ''പ്ലീസ് എസ്ക്യൂസ് മീ, മൈ എലിസബത്ത് ക്യൂൻ.''

ചിലങ്കയുടെ ശബ്ദം കേട്ട വീണ്ടും അവൻ ഞെട്ടിയുണർന്നു. സ്വപ്നനാഡികളും തകർന്നു. വീണ്ടുമവൻ ആ മെത്തയിലേക്കു വീണു. ഇരുട്ട് വ്യാപിച്ച മുറി. നാലു ഭിത്തികൾക്കിടയിൽ ഒരു ഇരുമ്പഴി മാത്രം!

പൂനിലാവുള്ള രാത്രി. നക്ഷത്രങ്ങൾ മിന്നി പ്രകാശിക്കുന്ന രാത്രി. കടവാവലുകൾ അകലെയെവിടെയോ ചിറകടിച്ചു പറന്നു. അവന്റെ കണ്ണുകൾ മുററത്തു നിൽക്കുന്ന വാകമരത്തിന്റെ ശിഖരങ്ങളിൽ പതിഞ്ഞു.

അവന്റെ മുമ്പിൽ ആ ഇരുമ്പഴികൾ തുറക്കപ്പെടുമോ? ജീവിതനൗക അലയാഴിയുടെ അഗാധതയിലേക്കു താണുപോയിക്കൊണ്ടിരിക്കുകയാണ്.

''അഭിമാനം നഷ്ടപ്പെട്ട, ജീവിതവിജയം നേടുവാൻ സാധിക്കാത്ത മനുഷ്യർ.'' അവൻ മനസ്സിൽ പറഞ്ഞു.

വെള്ള പൂശിയ ഭിത്തിയിൽ അവൻ ഇങ്ങനെ എഴുതി:—

ററിന്റെ മുൻവശം മുതൽ ആഷ്ടേയുടെ പിൻവശം വരെയും ആധുനികതയുടെ സാമീപ്യം വിളിച്ച് പറയുന്നു. ജാപ്പ് ചെക്ക് ചിത്രങ്ങളും തുടങ്ങി സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ നാടകങ്ങളും വരെയും ഈ പുതിയ പ്രവണതയെ ആശ്ലേഷിക്കുന്നു.

ആധുനികതയ്ക്കെതിരെ വിമർശകർ തൊടുത്തുവിടുന്ന പ്രധാന ആരോപണങ്ങൾ (1) അത് അധമ സാഹിത്യമാണ്, (2) ലൈംഗികതയാണ് അതിന്റെ മുഖമുദ്ര, (3) അത് മുതലാളിത്തത്തിന്റെ സൃഷ്ടിയാണ് എന്നൊക്കെയാണ്.

ആധുനിക സാഹിത്യം അധമ സാഹിത്യമല്ല ദുഷിച്ചു നാറിയ അന്തരീക്ഷത്തിനെ സംശുദ്ധമാക്കാനുള്ള ആദർശങ്ങൾ അവതരിപ്പിക്കുന്നതിനായി എല്ലാ തരത്തിലുമുള്ള ധാർമ്മികവും മാനസികവുമായ സങ്കീർണ്ണതകളെ വെളിച്ചത്തിലേക്ക് കൊണ്ടുവരികയാണ് ഒരു എഴുത്തുകാരന്റെ സാമൂഹിക ബാദ്ധ്യത. ഓരോ പ്രവർത്തിക്കും അതിന്റേതായ നീതിശാസ്ത്രമുണ്ട്. അത് സ്വീകരിക്കുക. അതിന്റെ ചട്ടക്കൂട്ടിൽ ഒതുങ്ങിനിന്നുകൊണ്ട് പ്രവർത്തിക്കുക. ഈ കാര്യത്തിൽ ഒരെഴുത്തുകാരൻ വ്യതിചലിക്കുമ്പോഴാണ് അയാൾ അധമസാഹിത്യകാരനും അയാളുടെ കൃതി അധമസാഹിത്യവുമാകുന്നത്.

---

പ്രിയ ആരാധികേ,

ഞാൻ തെറ്റു ചെയ്തു. നീ എന്നെ ഈ നിലയിൽ എത്തിച്ചു. ഈ ഭ്രാന്താലയത്തിൽനിന്നും മോചിപ്പിക്കുവാൻ നിന്നെ പല പ്രാവശ്യം ഞാൻ വിളിച്ചു. പക്ഷെ, ആ വിളികൾ എല്ലാം ഈ ഇരുട്ടായിലുണ്ട്. ഇത് എന്റെ അവസാനത്തെ കത്താണ്. ഇതു വളർന്നുവരുന്ന ഭാവി തലമുറയ്ക്കു മാതൃകയാകട്ടെ!

എന്റെ അഭിമാനം നഷ്ടപ്പെട്ടു. നിന്റെ ചിലങ്കയുടെ ശബ്ദം എന്നെ അലട്ടുകയാണ്. ഞാൻ പോകുന്നു — അനശ്വരതയുടെ പടവുകൾ തേടി!

നിന്റെ ആരാധകൻ–ജോസ്.

* * *

അടുത്ത പ്രഭാതം പൊട്ടിക്കരഞ്ഞുകൊണ്ടാണ് പൊട്ടി വിടർന്നത്........

—o—

ലൈംഗികതയുടെ അതിപ്രസരംകൊണ്ട് ഒരു കൃതി ആധുനിക സാഹിത്യത്തിൽ ഉൾപ്പെടണമെന്നില്ല. ആന്ദ്രേമൽ റോവിന്റെ കൃതികളിൽ ലൈംഗിക പദങ്ങൾ കാണുന്നില്ല. സാർത്രിന്റെ കൃതികളിൽ ഇത് സുലഭമാണ് താനും. എന്നിട്ടും രണ്ടുപേരുടേയും കൃതികളെ ആധുനിക സാഹിത്യത്തിൽ ഉൾപ്പെടുത്തുന്നു. ഇരയിമ്മൻ തമ്പിയുടെ കവിതകളും ചില പ്രാചീന കൃതികളും മുകന്ദനെ കടത്തി വെട്ടുന്നവയാണ്. പക്ഷേ അത്തരം സൃഷ്ടികളെ ആധുനികതയുമായി ആരും ബന്ധപ്പെടുത്താറില്ല.

ആധുനികത മുതലാളിത്തത്തിന്റെ സൃഷ്ടിയല്ല. പുരോഗമനവാദിയായ ഒരെഴുത്തുകാരന് മുതലാളിത്തത്തിന്റെ വക്താവാകാൻ കഴിയുമോ?

''മരിക്കാൻ ഞങ്ങൾക്ക് മനസില്ല
കരയാൻ ഞങ്ങൾക്ക് മനസില്ല
മുതലാളിത്തമേ നിൻ മുന്നിൽ
ഇനി മുട്ടുമടക്കാൻ മനസില്ല''

എന്ന് പാടുന്ന ഒരു കവിക്കും മുതലാളിത്തത്തിന്റെ വക്താവാകാൻ കഴിയുമോ? മുതലാളിത്ത രാജ്യങ്ങളിലെ ചില കലാ സങ്കേതങ്ങൾ ഒരാധുനിക എഴുത്തുകാരൻ അവലംബിച്ചുവെന്ന് വരാം. ഒരടിമരാജ്യം ശത്രുരാജ്യം നിർമ്മിച്ച യന്ത്രത്തോക്കുപയോഗിച്ച് ശത്രുവിനെ നേരിടുന്നുവെന്ന് വരാം. അതിന്റെ അർത്ഥം ശത്രുരാജ്യത്തിനെ അംഗീകരിക്കുന്നുവെന്നല്ലല്ലോ. ആധുനികതയും ഒരു യന്ത്രത്തോക്കാണ്. അതിനെ പല പ്രകാരത്തിലുപയോഗിക്കാം.

സോഷ്യലിസ്റ്റ് റിയലിസം ഇന്നതാണ് എന്ന് ഒറ്റ വാക്കിൽ പറയാം. അത്തരം നിർവ്വചനത്തിൽ ഒതുങ്ങുന്ന ഒന്നല്ല ആധുനികത. അതിനെ നിർവ്വചിക്കുവാൻ ഒരുങ്ങുമ്പോൾ ഒരു കൈയ്യെത്താവുന്നിടത്തുള്ള എല്ലാ ചിന്താ പദ്ധതികളെയും സിദ്ധാന്തങ്ങളെയും നമുക്ക് പരിശോധിക്കേണ്ടിവരും.

ഒരു ലക്ഷ്യത്തെ ലാക്കാക്കിക്കൊണ്ടുള്ള ഓട്ടമല്ല ആധുനികത. മറിച്ച് ലക്ഷ്യം എന്തെന്ന് തിരക്കിയുള്ള പ്രയാണമാണ്. സുനിശ്ചിതമായ പാതയിലൂടെ സഞ്ചരിക്കുന്നവൻ ജഡത്തിന് തുല്യനാണെന്ന് സി. ജി. യുങ്ങ് പറയുന്നു.

പുതിയ എഴുത്തുകാരൻ ഏകാകിയാണ്, ഒറ്റപ്പെട്ടവനാണ് ഇന്നുവരെ മനുഷ്യൻ നേടി

യിട്ടുള്ള ജ്ഞാനസമ്പാദനത്തിന് തന്റെ ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ കഴിയാതെ വരുമ്പോൾ അറിവിനും വെളിപ്പെടുത്തലിനുമായി വെമ്പൽകൊള്ളുന്ന പുതിയ എഴുത്തുകാരൻ എല്ലാ ബന്ധങ്ങളെയും ആന്വേഷിക്കുന്നു. മതങ്ങളും ദർശനങ്ങളും ജീവിതത്തിന്റെ ഗോർഡിയൻ കുരുക്കഴിക്കുന്നതിൽ പരാജയപ്പെട്ടിരിക്കവേ എന്തിന് മതങ്ങൾ? എന്തിന് ദർശനങ്ങൾ എന്ന് ആന്ദ്രേഷീദ് ചോദിക്കുന്നു. അദ്ദേഹം പറയുന്നത് എല്ലാ ദാർശനിക വ്യാപാരങ്ങൾക്കും അപ്പുറത്താണ് തന്റെ അസ്തിത്വമെന്നാണ്. ദരിദ്രകുടുംബത്തിൽ ജനിച്ച, പട്ടിണികിടക്കുന്ന, തല ചായ്ക്കാൻ ഇടമില്ലാത്ത പപ്പീനി ബുദ്ധിജീവികളോട് ആവശ്യപ്പെട്ടു, ''എന്റെ ജീവിതത്തിന്റെ അർത്ഥം പറഞ്ഞുതരൂ'' എന്ന്. ഉത്തരം ലഭിച്ചില്ല. ആധുനികത ചോദ്യങ്ങൾ ചോദിച്ചുകൊണ്ടുള്ള അന്വേഷണത്തിന്റെ നിരന്തരമായ പ്രയാണമാണ്. ഉത്തരം ലഭിച്ചാൽ അവിടെ അന്വേഷണം അവസാനിക്കും. ഇവിടെ ചോദ്യങ്ങൾ ചോദിക്കുന്നേയുള്ളു ഉത്തരങ്ങൾ ലഭിക്കുന്നില്ല.

കഥയിലോ കവിതയിലോ മനസ്സിലാകാത്ത ഏതെങ്കിലും ഭാഗം കണ്ടാൽ, ഒരു തടിയൻ പുസ്തകത്തിലെവിടെയെങ്കിലും നാല് ലൈംഗികപദങ്ങൾ കണ്ടാൽ, നമ്മൾ അതിനെ ആധുനികസൃഷ്ടിയെന്ന് ലേബലൊട്ടിക്കുന്നു. ചുരുക്കത്തിൽ വർണ്ണങ്ങൾ വാരിവലിച്ച് പുരട്ടിയ അർത്ഥമില്ലാത്ത ചിത്രങ്ങളും വാലും തലയുമില്ലാത്ത കഥകളും, നാല് ലൈംഗികപദങ്ങൾ തലങ്ങും വിലങ്ങും നിരത്തിവച്ച നോവലുകളുമാണ് ആധുനികകലാസൃഷ്ടികളെന്ന് പലരും തെററിദ്ധരിക്കാറുണ്ട്.

നമ്മുടെ ആധുനികത നമ്മുടെതന്നെ സൃഷ്ടിയാണ്. അത് മൽറോവിന്റെയോ നെരൂദയുടേയോ സൃഷ്ടിയല്ല.

യാന്ത്രികമായ നാച്ചുറലിസത്തിന്റെ വിരസമായ ചിത്രങ്ങൾ നല്കി ഒരായുഷ്ക്കാലം മുഴുവൻ വായനക്കാരെ കബളിപ്പിച്ച സാമൂഹ്യനോവലിന്റെ കർത്താക്കൾക്കും സ്ത്രീപുരുഷ ബന്ധങ്ങളെ ചുററിപററിയുള്ള ആഴം കുറഞ്ഞ പച്ചാം പറച്ചിലുകളെ മുതിർന്നവർക്ക മാത്രം എന്ന പരസ്യമൊട്ടിച്ച് തടിയൻ വീപ്പകളിലൊട്ടിച്ച് പ്രദർശിപ്പിക്കാറുള്ള ദാർശനിക നോവലിസ്റ്റുകൾക്കും പുതിയ പ്രവണതകൾ അരോചകമായി അനുഭവപ്പെടുന്നതിൽ അത്ഭുതപ്പെടേണ്ടതില്ല.

റൊമാൻറിസത്തിന്റെ ത്രിഭുജകാചത്തിലൂടെ നോക്കി ജീവിതത്തിന്റെ സപ്തവർണ്ണങ്ങളെ ദർശിക്കുന്ന രീതി അവസാനിപ്പിക്കേണ്ട കാലമായിരിക്കുന്നു.

സോഷ്യലിസ്റ്റ് റീയലിസം ഇന്നലയുടെ വഴിയാണ്. ആധുനികത ഇന്നത്തെ ഏററവും ശക്തമായ സാഹിത്യശൈലിയാണ് നാളെ ആധുനികതയും കണ്ണടയ്ക്കുമെന്ന് കരുതാം. പുതിയ എഴുത്തുകാരും പുതിയ ശൈലികളും ബന്ധങ്ങളും ഉടലെടുക്കും. അന്ന് ആധുനികതയ്ക്ക് പ്രാധാന്യമുണ്ടായെന്ന് വരികയില്ല. പക്ഷെ ഇന്നത്തെ ഏററവും ശക്തമായ സാഹിത്യശൈലിയാണിത്.

ആധുനികതയുടെ വിമർശകർ ഒന്നോർമ്മിക്കുക മലയാളത്തിലെ ഏതാനും എഴുത്തുകാർ മാത്രമല്ല ഈ പുതിയ പ്രവണതയുടെ സൃഷ്ടാക്കൾ. പുതിയ പ്രവണതകൾ ഉൾക്കൊള്ളുന്ന പുസ്തകങ്ങളെ വേദപുസ്തകങ്ങളെപ്പോലെ കാണുന്ന നല്ലൊരു വിഭാഗം വായനക്കാരുണ്ട്. അവരുടെ ചിന്താപദ്ധതിയാണിത്.

നൂററാണ്ടുകൾക്കോ യുഗങ്ങൾക്കോ മുൻപ് തന്റെ സൃഷ്ടാവിനും മരണത്തിനുംനേരെ ആദ്യമായി ക്ഷോഭിച്ചവനാണ് ആധുനികതയ്ക്ക് ജന്മം കൊടുത്തത്. ആധുനിക കൃതികളെ വേദപുസ്തകങ്ങളെപ്പോലെ കണക്കാക്കുന്ന സാഹിത്യാസ്വാദകരുള്ളിടത്തോളംകാലം ആധുനികത നിലനില്ക്കും.

ചെറുകഥ

# എനിക്കു് ദുഃഖമില്ല

ഇപ്പോൾ.........

എനിക്കു ദുഃഖമില്ല. ആശയില്ല. മോഹമില്ല. വിദ്വേഷമില്ല. പകയില്ല ആരോടും. ഒന്നേയുള്ളു ആനന്ദം.

ഈ നിമിഷങ്ങൾ! ദിവ്യ നിർവൃതിയുടെ അനർഘ നിമിഷങ്ങളാണ്...... വിമോചനത്തിന്റെ നിമിഷങ്ങൾ..........

ജീവിതമാകുന്ന തടവറയിൽനിന്നും കുതിച്ചു ചാടിയ നിരപരാധിയായ തടവുപുള്ളിയുടെ ആഹ്ലാദ നിമിഷങ്ങൾ!

''എന്റെ മേഴ്സീ!'' ഞാൻ വിളിച്ചു. അതു് പ്രപഞ്ചത്തിൽ പ്രതിധ്വനികൾ സൃഷ്ടിച്ചു.

അവളുടെ കണ്ണുകൾ തിളങ്ങി. ആ കണ്ണുകളുടെ താഴ്വരയിൽ ഗൂഢമായ രഹസ്യം വിലയിച്ചിരിക്കുന്നതുപോലെ തോന്നി. നിറഞ്ഞകൺപീലികൾ ചലിച്ചു. കവിളുകൾ തുടിച്ചു. അധരങ്ങൾ പാതി തുറന്നു. ചേതോഹരമായ പുഞ്ചിരി...... മനോരംഗത്തിൽ അനുഭൂതികളുടെ താളലയങ്ങൾ സൃഷ്ടിച്ചു.




**മോൻസി ജോസഫ്**

I P. D. C.


ഇല്ല. എനിക്കു് മേഴ്സിയെ കുറ്റപ്പെടുത്താനാവില്ല. ഒരിക്കൽ......

നനുത്ത സന്ധ്യകൾ! ചുവന്ന മനോഹരമായ സന്ധ്യകൾ. സന്ധ്യപോലെ മനോഹരിയായ കാമുകി.... മോഹങ്ങൾ എന്നെ ബന്ധിച്ചിരുന്നു. മോഹനമോഹങ്ങൾ.... ആ ബന്ധം ഒരു കുരുക്കായിരുന്നു.

''ജീവിതം ദുഃഖമാണ്. ദുഃഖം ഏകാന്തമാണ്. ദുഃഖിക്കുന്നവന് സുഹൃത്തുക്കൾ നഷ്ടപ്പെടുന്നു. ജീവിതം സമരമാണ്. യുദ്ധമാണ്. ദുഃഖങ്ങൾ തച്ചുടയ്ക്കാനുള്ള വേദിയാണ് ജീവിതം. ആശകളിൽനിന്ന് മോചനം ലഭിച്ചാൽ അവൻ സ്വതന്ത്രനാവുന്നു.

ആരാണിതു പറഞ്ഞതു്. ഗീതയോ? ബൈബിളോ? ഖുർആനോ? തന്റെ അന്തരംഗത്തിലെ അനിർവചനീയമായ ദിവ്യ ചേതനയോ? അതോ, സ്വന്തം ജീവിതമോ?

എന്റെ ജീവിതംപോലും എനിക്കു സ്വന്തമല്ല. ഞാൻ പോലും എന്റേതല്ല. അവൾ എന്റെ സ്വന്തമെന്നു കരുതി. എന്റേതു മാത്രം. അല്ല. ആരും ആരുടേയും സ്വന്തമല്ല.

ദുഃഖങ്ങൾപോലും സ്വന്തമല്ല. എന്റെ രാജ്യംപോലും എന്റേതല്ല.

സ്വാതന്ത്ര്യസമരത്തിന്റെ തിരമാലകളിൽ ഒഴുകിനടന്ന നാളുകൾ. അന്നൊരു സായാഹ്നം ബീച്ചിൽവച്ച് മേഴ്സി ചോദിച്ചു.

''ചേട്ടനു ദുഃഖമില്ലേ?

''എന്തിനു ദുഃഖിക്കണം കുട്ടീ, നീ വിവാഹിതയാവുന്നതിലോ. ഒരു കാര്യം. നിങ്ങൾ ഇനി എന്നെ കാണരുതു്. നിനക്കു മംഗളങ്ങൾ.''

ഹോ! ദുഃഖംപോലും. ഇപ്പോഴും എനിക്കു മറുപടി നല്കാൻ വയ്യാത്ത ചോദ്യം.

ദുഃഖമില്ലേ?

അവളുടെ മുഖത്തു് അനിർവചനീയമായ വികാരങ്ങൾ ഉറഞ്ഞുകൂടിയിരുന്നു.

കഥ

# യാത്ര



## ജനാർദ്ദനൻ കെ. ആർ.

നാല്ക്കവലയിൽ എത്തിയപ്പോൾ അയാൾ നിന്നു. ഇനി എങ്ങോട്ട്? ചോദ്യം മനസ്സിൽ തുമ്പികളെപ്പോലെ പറന്നു കളിക്കുന്നു. ആദ്യമായി ഒരു പ്രശ്നത്തിന്റെ ചുഴിയിൽ അകപ്പെട്ടു.

ഇനി എങ്ങോട്ട്?

എന്തിനു പുറപ്പെട്ടു? എന്ന ചോദ്യം ഈ നിമിഷംവരെ തോന്നിയില്ല. അങ്ങനെ തോന്നിയിരുന്നുവെങ്കിൽ അതു് വിസ്മൃതിയിൽ, അജ്ഞാതമായ സീമകൾക്കപ്പുറത്തു് ലയിച്ചുചേതമായിരുന്നു. എങ്കിൽ ഈ നാല്ക്കവലയിൽ, മഴക്കാറു തേടുന്ന വേഴാമ്പലിനെപ്പോലെ, വിദൂരതയിൽ കണ്ണുംനട്ടു് നില്ക്കയില്ലായിരുന്നു.

എന്നെ മഥന രണ്ടു ചോദ്യങ്ങൾ.

എന്നു് ആരംഭിച്ചു....?

എന്തിനു്....?

അയാൾ പിന്നെയും ആലോചിച്ചു. വന്ന വഴിയേ പുറകോട്ടു പോയാലോ?

വേണ്ട. അതു ദുർഘടമായിരിക്കും. ആവർത്തനമായിത്തീരും. ആ വഴിയേതന്നെ വലിഞ്ഞുനീങ്ങാൻ ഇനി അശക്തനാണു്.

നേരേ നടന്നാലോ? ചിലപ്പോൾ ഇത്രയും ബുദ്ധിമുട്ടു് കാണില്ലായിരിക്കും. പുതുമകളും ഉണ്ടാകും. അപ്പോൾ തന്റെ ഇടതും വലതും ഉള്ള വഴികൾ എങ്ങനെ എന്നറിയാൻ പാടില്ലാതാകും.

എന്തു ചെയ്യണം. എനിക്കു് ശക്തിതരണേ!

തനിക്കു് ആരു് ശക്തി നൽകും. ഇവിടെ, ഈ നാല്ക്കവലയിൽകൂടി നില്ക്കുന്ന മനുഷ്യരിൽ ആരായിരിക്കും നല്ലവൻ.

ആരും കാണില്ല. അവരും എന്നെപ്പോലെ ശക്തി തേടുന്നവരായിരിക്കും. ചിലപ്പോൾ എന്നെക്കാളും കൂടുതലായി ഭീകരിയാതെ, എ

ആ മരണ സന്ദേശം ഇങ്ങനെയാണെന്നു തോന്നി. "എന്തിനു ജീവിക്കുന്നു. നിങ്ങൾ വിവാഹിതനാവുന്നില്ലേ?

ഞാൻ ആത്മഹത്യ ചെയ്യില്ല. എന്റെ ജീവിതം നാടിനാവശ്യമുണ്ടു്. അതുകൊണ്ടു് ജീവിക്കുന്നു.

ഇനി വിവാഹമോ?

അതൊരു കുരുക്കാണു്. അഴിക്കുന്തോറും പുതിയ കെട്ടുകൾ വീഴുന്ന കുരുക്കു്. വിവാഹജീവിതം സങ്കുചിതമാണു്.

നിരാശയുണ്ടോ?

അതെന്നേ എന്നെ വിട്ടുപിരിഞ്ഞിരിക്കുന്നു. ആശയില്ല. പിന്നെങ്ങനെ നിരാശ.

ഞാൻ പഠിച്ച ജീവിതമാകെ?

എന്തിനു ദുഃഖിക്കണം? എന്തിനു ചിരിക്കണം? ഒരിക്കൽ......

അവളുടെ മാദകമായ പുഞ്ചിരിയിൽ ഞാൻ ലയിച്ചുപോയിരുന്നു.... പക്ഷേ....ഞാൻ അറിഞ്ഞു. ചിരി ഒരു മൂടുപടമാണു്.

എന്തിനു പുഞ്ചിരി പൊഴിക്കണം. മറ്റുള്ളവർ അംഗീകരിക്കുന്നതിനോ? ആകർഷിക്കുന്നതിനോ?

അംഗീകാരം!......

എനിക്കുവേണ്ട ആരുടേയും അംഗീകാരം.

സ്വാതന്ത്ര്യസമരത്തിന്റെ തീച്ചൂളയിലേക്കു് എടുത്തുചാടിയപ്പോൾതന്നെ എല്ലാവരും വെറുത്തു.

അച്ഛൻ പറഞ്ഞു "നീ എന്റെ മകനല്ല! ഈ വീട്ടിൽ നീ ഇനി കാലു കുത്തരുതു്".

ങ്ങോട്ട് പോകും എന്നറിയാതെ വിഷമിക്കുന്ന വരായിരിക്കും.

അയാൾ ഒരു ബീഡി എടുത്ത് ചുണ്ടിൽ പിടിപ്പിച്ചു. തീപ്പെട്ടി ഷർട്ടിൻെറ കീശയിലും പാൻറ്സിൻെറ കീശയിലും തപ്പി.

ഇല്ലേ?

ഓ. തീർന്നുപോയിരിക്കും.

തീപ്പെട്ടിക്കുവേണ്ടി അടുത്തുനിന്നയാളുടെ നേർക്കു കൈനീട്ടി.

ആഞ്ഞു വലിക്കുമ്പോൾ വായിലേയ്ക്ക് തള്ളിക്കയറുന്ന പുകയിൽ ആശ്വാസത്തിൻെറ, ആനന്ദത്തിൻെറ, സംതൃപ്തിയുടെ, നിർവൃതിയുടെ ലഹരി കിട്ടി. നൈമിഷികസുഖം ദൂരത്തേയ്ക്കാണ് തള്ളിയിടുന്നതെങ്കിലും.

'ഹലോ താനെവിടെ പോകുന്നു.? പരിചയമുള്ളതെന്നു തോന്നിപ്പിക്കുന്ന ശബ്ദം. മറിയാപ്പെട്ട ഏതെങ്കിലും ബന്ധത്തിൻെറ പുനഃസമാഗമം ആയിരിക്കാം.

ഇയാൾ ആരാണ്? തൻെറ സുഹൃത്തായിരിക്കാം. ങ്ഹാ എന്തെങ്കിലുമാവട്ടെ!

'ബീഡി കൊടുക്കടോ'. ആവശ്യമായിരിക്കും അയാൾ എന്നെ സുഹൃത്താക്കാൻ പ്രേരണ നൽകിയത്. എൻെറ സമ്പാദ്യത്തിൻെറ ഒരംശമായ ഒരു ബീഡി എനിക്കു നഷ്ടമായി. എൻെറ നാവ് അക്ഷരങ്ങളെ പ്രസവിക്കാൻ കൊതിച്ചു.

ഈ വഴി എങ്ങോട്ടാണ്?

ചോദിച്ചത് കേട്ടില്ലായിരിക്കും. എൻെറ സുഹൃത്ത് പുറംതിരിഞ്ഞു നടന്നു. ചിലപ്പോൾ കേൾക്കാത്തതായി ഭാവിച്ചതായിരിക്കും. സാരമില്ല. മറുപടി കിട്ടാത്ത ആ ചോദ്യം അന്തരീക്ഷത്തിൽ അലിഞ്ഞുചേർന്നതായി അയാൾക്കു തോന്നി.

ഈ നാലു വഴികൾ ഒന്നിച്ചു ചേരുന്ന ഇവിടെനിന്ന് അലറിവിളിച്ചു ചോദിക്കാൻ അയാൾക്കുതോന്നി. ഈ വഴികൾ എങ്ങോട്ടാണ്? നിങ്ങൾ ആരാണ്? നിങ്ങൾ എവിടേയ്ക്കാണ്? എനിക്ക് വഴി കാട്ടിത്തരാൻ ആരുണ്ട്?...... ആയിരം ചോദ്യങ്ങൾ. പക്ഷെ എല്ലാം തൊണ്ടയിൽ തങ്ങിനില്ക്കു മാത്രം ചെയ്തു.

ആയാളിൽ ഒരു സംശയം തിരയടിച്ചു കയറി. എനിക്ക് ശബ്ദമുണ്ടോ? എൻെറ ശബ്ദം ഈ അന്തരീക്ഷത്തിനു ചേരുമോ? എന്നിൽ ജീവൻെറ അംശം തുടിക്കുന്നുണ്ടോ? ഞാൻ മനുഷ്യനാണോ? അതോ മുജ്ജന്മപാപത്തിൽനിന്നും മോചനം ലഭിക്കാൻവേണ്ടി വിതുമ്പുന്ന കല്ലാണോ? ജന്മം കിട്ടി എന്ന പാപത്താൽ ജീവിച്ച് മരണമെന്ന മോചനത്തെ തേടുന്ന മരവിച്ച മനസ്സുള്ള ശരീരം

അയാൾ നടക്കാൻ ഭാവിച്ചു. കാലുകൾ നിശ്ചലതയെ താലോലിക്കാൻ ഇഷ്ടപ്പെട്ടില്ല. ശരീരത്തിലെ ഓരോ കോശവും അവയുടെ പ്രവർത്ത

---

മേഴ്സി പറഞ്ഞു. ''ചേട്ടാ എനിക്കു പേടിയാണ്.'' അച്ഛനെ നഷ്ടപ്പെട്ടു. കാമുകിയെ നഷ്ടപ്പെട്ടു. ജീവിതത്തിൽ അററുപോയ മനുഷ്യബന്ധങ്ങൾ.

വിപ്ലവാവേശം തൻെറ മനസ്സിൽ തിരതല്ലി. പ്രതിബന്ധങ്ങൾ വിറങ്ങലിച്ചു നില്ക്കുന്നതുപോലെ തോന്നി. അന്തരംഗത്തിൽ മാററത്തിൻെറ മാറെറാലികൾ മുഴങ്ങി. സന്ധ്യകൾ മനസ്സിൽ വിപ്ലവബീജങ്ങൾ പകർന്നു. ''വരൂ! മകനേ'' അടിമത്വത്തിൻെറ ചങ്ങലകളാൽ ബന്ധിക്കപ്പെട്ട ഭാരതാംബികയുടെ വിളി മനസ്സിൽ പ്രതിദ്ധ്വനികൾ സൃഷ്ടിച്ചു.

വെള്ളക്കാരെ അനുകൂലിച്ചവരെ എനിക്കു വേണ്ട. വേണ്ട, .....

എനിക്കാരുടെയും സഹതാപമോ അനുതാപമോ വേണ്ട. അവ പ്രതിഫലമാണ്. പ്രതിഫലമായി സ്വാതന്ത്ര്യമേ ഞാൻ ആഗ്രഹിച്ചുള്ളൂ.

എൻെറ സ്വാതന്ത്ര്യതൃഷ്ണയെ വില്ക്കുകയോ. എന്തൊരച്ഛൻ! പോലീസ് ഓടിച്ചപ്പോൾ വീട്ടിൽ ഒളിക്കാൻ സമ്മതിക്കാത്ത അച്ഛൻ.

ഞാൻ പോലീസുകാരൻെറ ബൂട്ട്സിൻെറ അടിയിൽ അമർന്നപ്പോൾ സമൂഹം ചിരിക്കുകയായിരുന്നു.

''ഗുണംകെട്ട ചെക്കൻ!'' എവനല്ലെ പീരങ്കിപ്പടയെ തോല്പിക്കാൻ.

അപ്പോൾ എൻെറ കാമിനി വിവാഹിതയായിരുന്നു. അവളെ മാനഭംഗപ്പെടുത്തിയ ഒരു വെള്ളക്കാരൻ അവളുടെ കഴുത്തിൽ വരണമാല്യം ചാർത്തി.

യുദ്ധത്തിൽ വെടിയുണ്ടയേററു മുറിഞ്ഞ കാൽ ഇപ്പോഴും കരിഞ്ഞിട്ടില്ല. ഈച്ചകൾ പാറുകന്നു.

എങ്കിലും എനിക്കു ദുഃഖമില്ല.

നത്തിൽ സംതൃപ്തി തേടുമ്പോൾ, അവ എല്ലാം സമാഹരിച്ച ഈ മാംസപിണ്ഡം മാത്രം എന്തിന് വിമുഖത കാട്ടുന്നു. കാലുകൾ ചലിക്കാൻ തുടങ്ങി.

എങ്ങോട്ട്?

ആ ചോദ്യം അയാളുടെ മനസ്സിനെ മഥിച്ചില്ല. എങ്ങോട്ടെങ്കിലും. എനിക്ക് നിർവികാരനായി, നിശ്ചലനായിത്തീരാൻ സാധ്യമല്ല. എന്റെ പ്രവൃത്തി അതാണ് ലക്ഷ്യം.

ഒരു ചോദ്യം ഇതാ ഇവിടെ അവസാനിക്കുന്നു. അയാളുടെ നടത്തത്തിന് വേഗം കൂടി. ചരൽ കല്ലുകൾ അരഞ്ഞ് കാലുകൾ വേദനിച്ചു. ആ വേദന അയാൾ അറിയുന്നില്ല. തന്റെ ലക്ഷ്യം പ്രാപിക്കണം. അതായിരുന്നു ആത്മാവിൽ തുളിച്ച വികാരം. എന്താണെന്നുള്ള ദുരൂഹതയിൽ മറഞ്ഞിരുന്ന ലക്ഷ്യം.

വെയിലിന്റെ ചൂടിൽ അയാളുടെ മുഖം കറുത്തു. അപ്പോഴും ചോദ്യം ആവർത്തിക്കപ്പെട്ടില്ല.

പക്ഷേ,

കവലയിൽ വന്നുചേരുന്നതിനു മുൻപ് തോന്നാതിരുന്ന ചോദ്യം; എന്തിനു പോകുന്നു, എന്തിനു തേടണം.

കാലിന്റെ വേദന മറന്നുപോകുന്ന സമയത്തും എന്തിന്...... എന്തിന് എന്ന ശബ്ദം മനസ്സിൽ ഉരുളിയിട്ടുകൊണ്ടിരുന്നു.

എന്തിന് എന്ന ധ്വനിക്കുമുൻപിൽ താൻ നിർവീര്യനാകുമോ എന്നു സംശയിച്ചു. ഇല്ല. തന്റെ വേഗം കൂടുകയാണ്. കല്ലിൽ തട്ടിയ കാലിന്റെ വിരലിൽനിന്നും രക്തം ഒലിക്കുന്നു. തന്റെ യാത്രയ്ക്കു വിഘ്നം വരുത്താൻ ഒരു ശക്തിക്കും, ഒരു ഉൾപ്രേരണയ്ക്കും സാധ്യമല്ല. ഒഴുകി രക്തം കട്ടപിടിച്ച കാലുമായി അയാൾ നടന്നു.

തന്റെ കർമ്മം ചെയ്യണം. കർമ്മഫലം തനിക്ക് കിട്ടില്ലായിരിക്കാം, ആർക്കെങ്കിലും കിട്ടട്ടെ. അതിൽ ആനന്ദം കണ്ടെത്താം, കാകോളതുല്യമായ ജീവിതത്തിലെ യാതനകൾ അമൃതതുല്യമാക്കിത്തീർത്ത് യാത്ര തുടരാം. പിന്നെയും യാത്ര തുടർന്നു; ഋതുക്കളെ പരിഹസിച്ചുകൊണ്ട്.

ഇനി മുന്നോട്ട് പോകാൻ സാധ്യമല്ല. കാലുകൾ മടിക്കുന്നു.

സാധ്യമല്ല ഇനിയും ഇനിയും പോകണം. അങ്ങ് ദൂരെ എത്തേണ്ടതാണ്. ചക്രവാളം മുട്ടിമുട്ടുന്ന സ്ഥലത്ത്.

തളർന്ന് അയാൾ വീണു. കിതച്ചു, മാറ വണ്ടിവലിക്കുന്ന കാളകളെപ്പോലെ കൈമുട്ടിനും മുഖത്തിനും മുറിവുപറ്റി. വലിഞ്ഞു നീങ്ങി. തൊലി വലിഞ്ഞ് ഞൊറി വീണു. എന്നിട്ടും മുമ്പോട്ട് ഇഴഞ്ഞ്, നിരങ്ങി നീങ്ങി. ഷർട്ട് കീറി. കാൽമുട്ടിൽനിന്നും ചോര മണ്ണിൽ കുഴഞ്ഞു. പിന്നെയും പിന്നെയും അയാൾ ഇഴഞ്ഞു.

കമഴ്ന്നുകിടന്ന് മുന്നോട്ട് നീങ്ങുന്ന അയാൾ ഒരു നിമിഷം നിശ്ചലമാകും; തന്റെ കർമ്മഫലം പങ്കിട്ടുകൊണ്ട്.

# एक पाक्षि का विचार

—Dominic M. Kanjirathanam.
II B. Sc.



मेरा यह घर
छोटा सा घर
गोल–गोल था।
चमकदार था

मैं सुमझा बस दुनिया सारी
इतनी सी ही बनी हुई है।
एक खोल में बँधी हुई है।

फिर तिनकों का
घर था मेरा
रैन दिवस था
वही बसेरा

मैं समझा बस दुनिया सारी
घास फून की बनी हुई है।
मेरी माँ ने ढकी हुई है।

नीड़ से बाहर
मैं ने देखा
झुरमुट सब्ज
हरे पत्तों का

मैं समझा बस दुनिया सारी
पत्तों की ही बनी हुई है
आसमान में टँगी हुई है।

पंख उगे जब
उडना सीखा
पर्वत जंगल
सूरज देखा

अब समझा मैं दुनिया सारी
कैसी है कुछ गणित नहीं है।
दुनिया का कुछ अन्त नहीं है।

---

# युवशक्ति और देश का विकास

जोणी जोसफ परंपन III B. Com.

इस बात में कोई शक नहीं कि एक देश का विकास उसके युवकों पर निर्भर करता है। हर एक देश के लोगों के ज्यादातर भाग युवजन है। उनके अधिक भाग तो छात्र हैं। देश के आय के करीब पचास प्रतिशत भाग छात्रों केलिए खर्च किया जाता है। एक देश का भविष्य उसके छात्रों पर आश्रित है। क्योंकि छात्र ही है देश की शक्ति और धन। ये देश के नागरिक हैं; कल के नेता हैं। इसलिए देश की सुस्थिति और उन्नति छात्रों के शक्ति के सदुपयोग पर ही निर्भर है। इसी वक्त हमें सोचना चाहिए कि छात्रों की शक्ति का सदुपयोग कैसा हो।

## छात्र और अनुशासन

आज के विद्यार्थी संयम से काम करना नहीं सीखा है। ये तो हिंसात्मक मार्ग में चलते हैं। इसका फल यह है कि ये निराश हो जाते हैं। क्योंकि

हिंसा से किसी को कोई फायदा नहीं मिलेगा। आज की शिक्षा प्रणाली से छात्र असंतुष्ट हैं। वे उसको बदलना चाहते हैं। हमारी परीक्षा प्रणाली भी अच्छी नहीं। इसको बदलना ही छात्रों की पहली आवश्यकता है। हमारे शिक्षा क्रम ऐसा है कि शिक्षा लेने के बाद ज्यादा निराशा है। लेकिन विद्यार्थियों को यह समझना चाहिए कि शिक्षा प्रणाली बदलने का काम लम्बा काम है और कुछ देर लगती है। इसलिए छात्रों को संयम से पढ़ना है और समझना चाहिए कि जल्दबाजी से कोई नहीं चलेगा।

छात्रों के एक अन्य समस्या यह होगा जो यात्रा का है। आज यात्रा की काफी सुविधा बिलकुल नहीं। इससे छात्र ही नहीं अध्यापक भी बहुत मुश्किल में है। लेकिन इसकेलिए पढाई में रुकावट डालना अच्छा नहीं। छात्र बस को घेराव देते हैं और उसका दुरुपयोग हो जाते हैं। इस से छात्रों को क्या फायदा है? इस में क्या बहादुरी है? इस से सरकार को बहुत नष्ट सहना पड़ता है। यह एक बुरी आदत है। छात्रों को इससे विमुक्त होकर संयम से काम करना है।

## छात्र और राजनीति

हमारे विद्यालयों में एक 'विषवृक्ष' होते हैं। यह राजनीति का प्रभाव है। इस से ही वि[illegible] आपस में झगडा करते हैं। विद्यार्थी राजनैतिक दलों के शिकार बन जाते हैं। वे आपस में झगड़ा करते हैं। ये सब विद्यार्थियों की शक्ति का दुरुपयोग है। राजनैतिक चुनाव से अधिक रुपये खर्च हो जाते हैं यह एक बुरी बात है। विद्यार्थियों का सही चुनाव होना है और चुनाव राजनैतिक स्वभाव के न बनें। विद्यार्थी राजनीति समझें, सीखें, यह भी जरुरी है। परन्तु इससे शिक्षा में को बाधा नहीं पडे।

## नव निर्माण में जुट जाये

छात्रों का जीवन मजबूत बने, विवेकी बने, इसकी ओर उनके संगठनों को ध्यान देना है, तभी उनकी अहमियत सारी जनता स्वीकार करेगी। छात्रों को समाज में प्रचलित, बुराईयों को दूर करना है। यह तो उनके कर्तव्य है। उदाहरण केलिए आज की सबसे बड़ी बुराई है मद्यपान। इसको समाज से दूर करना एक जरुरी बात है। केवल विद्यार्थी लोग यह कर सकते हैं। क्योंकि वे अपने संगठनों के द्वारा मद्यपानियों को समझा सकते हैं कि मद्यपान स्वास्थ्य केलिए अच्छा नहीं है और अपने धन का भी दुर्व्यय होता है।

फिर छात्रों को यह करना है कि उन्हें राष्ट्र का निर्माण में भाग लेना है। सरकार की योजनाओं में हाथ बंटाना है। इससे ही देश विकसित हो जायेगा। छात्रों को और एक बात भी समझना चाहिए कि देश के अस्सी (80) प्रतिशत लोग देहातों में रहते हैं। उनके उत्थान केलिए कोशिश करना है। उनके विकास में जुट जाना चाहिए। इससे ही हमारा देश विकसित हो जायेगा।

अब तक हम ने जो देखा है इससे एक बात मालूम हो सकते हैं कि देश के विकास में छात्र कई बातें कर सकते हैं और करना ही है। नहीं तो, हमारा देश हमेशा अविकसित और परवश रहेगा। अपने देश को इस हालत से बचाने केलिए हमें दिन-रात काम करना है। यह हमारा कर्तव्य है। यही हमारा सुझाव है।